2022 JUNE
VOL 21
ISSUE 06
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക




## എന്തിന് ഞാൻ വിവാഹം കഴിക്കണം?

നൈസിൽ രാജേഷ്

JESUS YOUTH
A MISSIONARY
MOVEMENT AT
THE SERVICE OF
THE CHURCH

www.jykairosmedia.org




Saint Onuphrius by Artist Jusepe de Ribera

## വി. ഒനുഫ്രിയസ് (St. ONUPHRIUS)

**തിരുനാൾ: ജൂൺ 12**


മൂന്നും നാലും നൂറ്റാണ്ടുകളിൽ, ക്രിസ്തുമതം റോമൻ സാമ്രാജ്യത്തിന്റെ പ്രബല വിശ്വാസമായി ഉയർന്നുവരുന്ന കാലഘട്ടത്തിൽ പൗരസ്ത്യ ആത്മീയതയിൽ വലിയ മതിപ്പ് ഉളവാക്കിയ പിതാക്കന്മാരിൽ ഒരാളാണ് ഒനുഫ്രിയസ്. ഈജിപ്തിലെ മരുഭൂമിയിൽ ഒരു സന്യാസിയായി ഏകാന്തതയിലാണ് ഈ താപസൻ ജീവിച്ചത്. പല ക്രിസ്ത്യാനികളും ഈ സന്ദർഭത്തിൽ മരുഭൂമിയിലേക്ക് പോയി കഠിനമായ ചൂടും തണുപ്പുമുള്ള അന്തരീക്ഷത്തിൽ പ്രാർഥനാ ജീവിതം നയിക്കാൻ പ്രചോദിതരായിരുന്നു.





# എഡിറ്റേഴ്സ് റൂം

# തിരിച്ചറിയണം രുചിച്ചറിയണം




കഴിഞ്ഞ ദിവസങ്ങളിൽ പട്ടണത്തിൽ നടന്ന സംഭവബഹുലമായ മത-രാഷ്ട്രീയ കാര്യങ്ങൾ ചർച്ച ചെയ്തു യാത്ര തുടരുകയായിരുന്നു ക്ലെയോപാസും കൂട്ടുകാരനും. യാത്രയ്ക്കിടയിൽ മറ്റൊരുവനും അവരോടൊപ്പം കൂടി. ക്ലെയോപാസിനോടവൻ ചോദിച്ചു, "എന്തിനെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നത്". തെല്ലു ദേഷ്യത്തോടെ ക്ലെയോപാസ് മറുചോദ്യം ഉയർത്തി, "നീ ഈ നാട്ടുകാരനല്ലേ?" എങ്കിലും കൂടെ ചേർന്നവന്റെ ആകാംക്ഷ കണ്ടപ്പോൾ അയാൾ തുടർന്നു, "അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും മുൻപിൽ വാക്കിലും പ്രവൃത്തിയിലും ശക്തനായ പ്രവാചകനായിരുന്നു. പക്ഷേ, അവനെ ഞങ്ങളുടെ നേതാക്കളും പുരോഹിത പ്രമുഖരും മരണവിധിക്ക് ഏൽപിച്ചു കൊടുത്തു. ഞങ്ങളുടെ പ്രതീക്ഷകൾ അസ്തമിച്ചു. മൂന്നാംദിനമായ ഇന്ന് ഞങ്ങളുടെ ചില പരിചയക്കാരും, സ്ത്രീകളും കല്ലറയിൽ പോയെങ്കിലും അവന്റെ മൃതശരീരം അവിടെ കണ്ടില്ല. അതും പടയാളികൾ എടുത്തു പോയി കാണും". സങ്കടത്തോടെ ക്ലെയോപാസ് പറഞ്ഞു നിറുത്തു മ്പോൾ ആ സഹയാത്രികൻ അവരെ കളിയാക്കി; "ഭോഷൻമാരെ, ക്രിസ്തു ഇതെല്ലാം സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടതല്ലേ?!". ഈ കാര്യങ്ങളെല്ലാം പ്രതിപാദിച്ച വേദഗ്രന്ഥ ഭാഗങ്ങൾ അയാൾ അവർക്ക് വിശദീകരിച്ചു കൊടുത്തു. അയാളുടെ പാണ്ഡി ത്യത്തിൽ അവർ വിസ്മയഭരിതരായി. അത്താഴത്തിന് അവർ അയാളെ നിർബന്ധിച്ചു. ഭക്ഷണസമയത്ത് അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് അവർക്കു കൊടുത്തപ്പോൾ അവർ സ്തബ്ദരായി. ഇവനാരാണ്? ഇവൻ അവനല്ലെ, നസ്രായനായ യേശു?

അനുദിന ജീവിതത്തിന്റെ സന്തോഷങ്ങളിലും പ്രതിസന്ധികളിലും സഹസഞ്ചാരികളായ മനുഷ്യരെയും ദൈവത്തെയും തിരിച്ചറിയുമ്പോഴാണ് ജീവിതം സുന്ദരമായി തീരുന്നത്.

ഒരു തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ഒരു സുഹൃത്ത് സങ്കടകരമായ ഒരു കാര്യം പറഞ്ഞു: എന്റെ തോൽവിയിൽ കൂടുതൽ ആഹ്ലാദിച്ചത് എന്റെ കൂടെ നിൽക്കുമെന്ന് ഞാൻ വിശ്വസി ച്ചവരാണ്. പലരുടെയും ദുഃഖത്തിന്റെ ഒരു കാരണം കൂടെ നടക്കുന്നവനെ തിരിച്ചറിയാൻ കഴിഞ്ഞില്ലല്ലോ എന്നതാണ്. ഒട്ടും സൗഹൃദം കാണിക്കാത്തവരായിരിക്കും പ്രതിസന്ധി ഘട്ടത്തിൽ സഹായകനായി വരുക.

മണലിൽ പതിയപ്പെട്ട കാൽപാടുകളെ കുറിച്ച് ഒരു കഥയുണ്ട്. ഒരാൾ അയാളുടെ ജീവിത യാത്രയെ പിൻതിരിഞ്ഞു നോക്കുകയാണ്. ചിലയിടങ്ങളിൽ രണ്ടു ജോഡി കാൽപാടുകൾ. മറ്റിടങ്ങളിൽ ഒന്നുമാത്രം. അത്ഭുതപ്പെട്ട അയാൾ ഒരു ജോഡി കാൽപാദങ്ങൾ കണ്ടയിട ങ്ങൾ പരിശോധിച്ചു. ജീവിതത്തിലെ സങ്കട കടലിലൂടെയായിരുന്നു ആ സമയമെല്ലാം. ഉടൻ ദൈവത്തിന്റെ മുമ്പിലയാൾ കലഹിച്ചു. "എന്റെ പ്രതിസന്ധികളിൽ അങ്ങ് എവിടെ യായിരുന്നു? എന്നെ ഒറ്റയ്ക്കാക്കി അങ്ങ് പൊയ്ക്കളഞ്ഞല്ലോ?" ദൈവം പറഞ്ഞു: "കുഞ്ഞേ ആരു പറഞ്ഞു ഞാൻ നിന്നെ ഉപേക്ഷിച്ചുവെന്ന്. നീ കണ്ട ആ കാൽപാദങ്ങൾ നിന്റേതല്ല; അതെന്റേതാണ്. നിന്റെ സങ്കടങ്ങളിൽ ഞാൻ നിന്നെ എന്റെ തോളിൽ താങ്ങി നടക്കുകയായിരുന്നു".

ദൈവം അങ്ങനെയാണ്. നമ്മുടെ സങ്കടം അവന്റെ കൂടെയാണ്. നമ്മുടെ പ്രതിസന്ധി തരണം ചെയ്യാൻ അവൻ അദൃശ്യനായി കൂടെയുണ്ട്. കൂടെയുള്ളവനെ തിരിച്ചറിയുക.



എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

# ഉള്ളടക്കം


**06**
**ഷിഫ്റാ, പൂവാ**
മാർട്ടിൻ എൻ. ആന്റണി

**10**
**മുറിവേറ്റ സൗഖ്യദായകരുടെ...**
ഡോ. എഡ്വേർഡ് എടേഴത്ത്

**14**
**എന്തിന് ഞാൻ വിവാഹം കഴിക്കണം?**
നൈസിൽ രാജേഷ്

**16**
**വിവാഹം കഴിക്കുന്നതിനു മുമ്പ്**
ആന്റണി സച്ചിൻ

**20**
**യാത്രയിൽ കണ്ട കാഴ്ചകൾ**
വിൻസെന്റ് ജോസ്






**30**
**ന്യൂസ് ഹൈലൈറ്റ്സ്**
സണ്ണി കോക്കാപ്പിള്ളിൽ

**32**
**ജീസസ് യൂത്ത് പ്രതിമാസ വിചിന്തനം**

**34**
**ബുക്ക്ഷെൽഫ്**
അനിതാ ബാബു

**39**
**ടീൻസ്പിരിറ്റ്/ചർച്ച് & സയൻസ്**
ജൂഹി എൽസ് ജി. & സിന്റോ വി. വർഗീസ്

**40**
**സിനി ടോക്സ് – 21 ഗ്രാംസ്**
ശരത് വെൺപാല

**42**
**വാർത്താവിചാരം**
സണ്ണി കോക്കാപ്പിള്ളിൽ

**46**
**ചിരിയും ചിന്തയും**
ജോയ്സ് കെ. ജോസ്



**കെയ്റോസ്** KAIROS • 2022 JUNE • VOL 21 • ISSUE 06 • PAGE 48



Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Shoji Vechoorkarottu *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
John Sunny 9400686781 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Leena Shaju +91 6238279115 circulations@jykairosmedia.org

**Associate Circulation Managers**
***Australia:*** Mintu Vijoy, Melbourne +61 452538785
***Bahrain:*** Roshan George, Manama + 973 36906995
***Cambodia:*** Sophearong Ravy, Phnom Penh +855 964265472
***Canada:*** Joby Joseph, Ontario +12899 686 074
***Germany:*** Anna Paul, Berlin +49 176 83495451
***India:*** Jackulin Sheela, Mumbai +91 9967329244
***Ireland:*** Suresh V Joy, Dublin. +35 3879630904
***Israel:*** Jaison K Thattil, Tel Aviv +972 559425308
***Kuwait:*** Anish Thomas Kappil, Salmiya +965 90063685
***Malaysia:*** Deepu James, KL Sentral +60 12649 4628
***Netherlands:*** Jojo Varghese, Utrecht +31 684974552
***New Zealand:*** Derick Daniel, Auckland +64 291270650
***Oman:*** Jino, Muscat +96895384654
***Papua New Guniea:*** Abin Michael, Port Moresby +675 74794368
***Qatar:*** Jomichan P George, Doha + 974 33688437
***Singapore:*** Jilu Nobin, Sengkang +65 93294529
***Switzerland:*** Joseph C Robert, Zurich +41 762499295
***Thailand:*** Mary Harris, Bangkok +66 843138626
***UAE:*** Seejo, Dubai + 971 502782383
***Uganda:*** Dominic Mathew, Kampala +256 757207200
***UK:*** Mathachan Madukkakuzhy Stoke on Trent + 44 7969365686
***USA:*** Denny Joseph, Houston +1 8326403106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office**
Smitha Jose: smitha.jose@jykairosmedia.org



Kairos MEDIA

**Mailing Address**
*INDIA:* 8/174, Navodaya Studio Complex, Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org +91 484 2984327

*USA:* Kairos International Inc., 3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org +1 832 592 3675

www.jykairosmedia.org Facebook.com/Readkairos Twitter.com/kairosmalayalam

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com

## ഉള്ളടക്കം





**കെയ്റോസിന് ബാങ്കുവഴി പണമടയ്ക്കുവാൻ:**

KAIROSE TRUST, A/c No. 14690200009621
IFSC- FDRL0001469 / FEDERAL BANK,
KAKKANAD, SEAPORT - AIRPORT ROAD



**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ. കാക്കനാട്, കൊച്ചി 682030
0484 2984327 94465 63335
kairosmag@jykairosmedia.org





# നന്ദിയോടെ രണ്ടു വാക്ക്

മെയ് മാസത്തെ മാസിക വായിച്ച് അഭിനന്ദനങ്ങൾ അറിയിച്ച എല്ലാവർക്കും വളരെ ഹൃദ്യമായി നന്ദി പറയുന്നു. കവർ ചിത്രം പവർഫുള്ളാണെന്ന് പറഞ്ഞവർ, ജീവിതസാക്ഷ്യത്തിലൂടെ അനേകമാളുകളുടെ ഹൃദയത്തെ സ്പർശിക്കുകയും സ്വാധീനിക്കുകയും ചെയ്ത അജ്നയെയും ചെറിയാച്ചനെയും പരാമർശിച്ചുകൊണ്ട് 'ദൈവത്തിന്റെ മൗനത്തിൽ' ശശി ഇമ്മാനുവേൽ എഴുതിയ 'ആൾമാറാട്ടം' എന്ന ലേഖനത്തെക്കുറിച്ച് അഭിപ്രായങ്ങൾ പറഞ്ഞവർ, ആധികാരികതയും ഉൾക്കാഴ്ച ലഭിക്കുന്നതുമായ ലേഖനങ്ങളെകുറിച്ചും ദൈവിക ഇടപെടലുകൾ നിരന്തരം കാണുന്ന വ്യത്യസ്ത ജീവിതാനുഭവങ്ങളെക്കുറിച്ചും പല രീതിയിലുള്ള വിലയിരുത്തലുകൾ നൽകിയവരും നിരവധിയാണ്.

ഗൾഫ് നാടുകളിൽ നിന്ന്, പ്രത്യേകിച്ച് കുവൈറ്റ്, ഒമാൻ, ദുബായ്, അബുദാബി എന്നിവിടങ്ങളിൽ നിന്നൊക്കെയുള്ള വിശ്വാസസംബന്ധിയും ജീവിതഗന്ധിയുമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നവരെയും ലേഖനങ്ങൾ എഴുതുന്നവരെയും നന്ദിയോടെ ഓർക്കുന്നു.

കെയ്റോസ് മീഡിയ പ്രസിദ്ധീകരിച്ച, അജ്നയുടെ ജീവിതാനുഭവങ്ങൾ വിവരിക്കുന്ന 'ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി' എന്ന പുസ്തകത്തെ കുറിച്ചും ഹൃദയസ്പർശിയായ നിരവധി വായനാനുഭവങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നു. ഈ പുസ്തകം അഞ്ചാം പതിപ്പിലേക്ക് പ്രവേശിക്കുന്നു എന്നുള്ളതും ദൈവാനുഗ്രഹത്തിന്റെ അടയാളം.

എല്ലാ നല്ലവരായ വായനക്കാർക്കും അഭ്യുദയകാംക്ഷികൾക്കും പ്രത്യക്ഷമായും പരോക്ഷമായും കെയ്റോസ് കുടുംബത്തോട് ബന്ധപ്പെട്ടു നിൽക്കുന്ന എല്ലാ സുമനസ്സുകൾക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു; ദൈവാനുഗ്രഹങ്ങൾ നേരുന്നു.

ചീഫ് എഡിറ്റർ

കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ

PRINT ONLINE (Eng) ONLINE (Mal)








മാർട്ടിൻ എൻ. ആന്റണി

# ഷിഫ്റാ പൂവാ

വിശുദ്ധ ഗ്രന്ഥത്തിലെ പുറപ്പാടിന്റെ പുസ്തകം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുകയെന്നത് ആത്മീയവും ധാർമികവുമായ ഒരു മൽപിടിത്തം തന്നെയാണ്. ആന്തരികമായ സംഘർഷത്തിലേക്ക് വാതിൽ തുറക്കുന്ന ഒരു ഗ്രന്ഥമാണത്. നമ്മെ അടിച്ചമർത്തുന്ന ഫറവോകളെ നമ്മൾ അവിടെ കണ്ടുമുട്ടും, സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കാൻ നമ്മൾ ആഗ്രഹിക്കും, അടിച്ചമർത്തപ്പെടുന്ന പാവങ്ങളുടെ നിലവിളികൾ നമ്മൾ കേൾക്കും, അവരിൽ ചിലരെയെങ്കിലും മോചിപ്പിക്കാൻ നമ്മൾ കൊതിക്കും. അതുപോലെതന്നെ ചിലരെ നമുക്ക് അനുകരിക്കാൻ തോന്നും. അങ്ങനെയുള്ള  രണ്ടു സ്ത്രീരത്നങ്ങൾ ഈ ഗ്രന്ഥത്തിന്റെ ആദ്യ താളിലുണ്ട്; രണ്ടു സൂതികർമിണികൾ. മരണസംസ്കാരത്തിന്റെ മുൻപിൽ ജീവനുവേണ്ടി നിലപാടെടുത്ത രണ്ടു വിശുദ്ധ ജന്മങ്ങൾ.

ഉത്പത്തി പുസ്തകത്തിൽ നിന്നും നേരിട്ടുള്ള ഒരു തുടർച്ചയാണ് പുറപ്പാട് പുസ്തകം. യഹൂദരുടെ വളർച്ചയെ ഓർത്ത് ആകുലപ്പെടുന്ന ഫറവോയുടെ ചിത്രത്തോടുകൂടിയാണ്



അത് തുടങ്ങുന്നത്. ഇന്നലെകളിൽ ഉണ്ടായിരുന്ന സാഹോദര്യത്തിന്റെ ഓർമകൾ നഷ്ടമായ ഒരു ഫറവോയുടെ ചിത്രം. ഇന്നിതാ, അവൻ തന്റെ വർഗത്തിലും വർണത്തിലുമല്ലാത്തവരെ ശത്രുവായി കരുതുന്നു. ബഹുസ്വരതയുടെ സൗന്ദര്യം അനുഭവിച്ചിരുന്ന ഒരു ജനതയെ പരസ്പര ശത്രുക്കളാക്കി അവൻ മാറ്റുന്നു. ഭയത്തിന്റെ പാനപാത്രത്തിൽനിന്നും കുടിച്ചവൻ വെറുപ്പിന്റെ കൽപനകൾ പുറപ്പെടുവിക്കുന്നു. നവജാത ശിശുക്കളെ പോലും ഭയക്കുന്നു അവൻ.

അധികാരികൾക്ക് അവരുടെ നിലനിൽപിനെ കുറിച്ചോർത്തുള്ള ഭയമുണ്ടാകുമ്പോഴാണ് രാജ്യത്തിൽ സഹജവിദ്വേഷത്തിന്റെ പ്രത്യയശാസ്ത്രങ്ങൾ ഉടലെടുക്കുക. അതിന്റെ ഏറ്റവും ക്രൂരമായ ചിത്രമാണ് പുറപ്പാട് 1,15-16; "ഈജിപ്തുരാജാവ്, ഷിഫ്റാ, പൂവാ എന്നു പേരായ രണ്ടു ഹെബ്രായ സൂതികർമിണികളോടു പറഞ്ഞു: നിങ്ങൾ ഹെബ്രായ സ്ത്രീകൾക്കു പ്രസവശുശ്രൂഷ നൽകുമ്പോൾ ശ്രദ്ധിക്കുവിൻ: പിറക്കുന്നത് ആൺകുട്ടിയെങ്കിൽ അവനെ വധിക്കണം. പെൺകുട്ടിയെങ്കിൽ ജീവിച്ചുകൊള്ളട്ടെ".

പുരാതന ഈജിപ്തിലും ഇസ്രായേലിലും ഏറ്റവും ബഹുമാനിക്കപ്പെട്ടിരുന്ന ഒരു തൊഴിലാണ് സൂതികർമിണികളുടെ തൊഴിൽ. സ്ത്രീകൾക്കു മാത്രമായി നൽകിയിരിക്കുന്ന ഏക തൊഴിൽ. വിശുദ്ധമാണ് ഈ തൊഴിൽ. അതുകൊണ്ടുതന്നെ ഈ തൊഴിലിൽ ഏർപ്പെടുന്നവർക്കും ഒരു വിശുദ്ധിയുടെ പരിവേഷം സമൂഹം കൽപിച്ചിരുന്നു. ഓരോ ഗ്രാമങ്ങളു



**കുഞ്ഞുങ്ങളാരും സ്വയം കൊല്ലുന്നില്ല. അമ്മയുടെ ഉദരത്തിലായാലും നവജാതരായാലും അവർ കൊല്ലപ്പെടുകയാണ്. അതുകൊണ്ടുതന്നെ ജീവന്റെ പരിരക്ഷകരാണ്, വിശുദ്ധരുടെ പരിവേഷം ലഭിച്ചിട്ടുള്ള പഴയ നിയമകാലത്തെ സൂതികർമിണികൾ.**

ടെയും പൊതുസ്വത്തായിട്ടാണ് സമൂഹം അവരെ കരുതിയിരുന്നത്. അമ്മമാരുടെ പ്രസവവേദനകളിൽ പങ്കുചേരുന്നവരാണവർ. അങ്ങനെ അവരുടെ കരങ്ങളിലൂടെ സമൂഹം പുതുതലമുറയെ സ്വീകരിക്കുന്നു. നോക്കുക, ആ വിശുദ്ധ കരങ്ങളിലാണ് മരണത്തിന്റെ എണ്ണ പുരട്ടാൻ ഫറവോ ശ്രമിക്കുന്നത്.

ബൈബിൾ സംസ്കാരത്തിൽ പ്രസവത്തിന് പ്രഥമ സ്ഥാനമുണ്ട്. ഉത്പത്തി പുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങളിൽ ഏറ്റവും സുന്ദരിയാണ് റാഹേൽ. ഒരു കുഞ്ഞിനു വേണ്ടി അതിയായി ആഗ്രഹിച്ചവളാണവൾ. എന്നിട്ടും അവളുടെ രണ്ടാമത്തെ കുഞ്ഞായ ബെന്യാമിനെ പ്രസവിക്കുമ്പോഴാണ് അവൾ മരിക്കുന്നത്. ആ നിമിഷത്തിലാണ് ഒരു സൂതികർമിണിയുടെ വാക്കുകൾ വിശുദ്ധഗ്രന്ഥം ആദ്യമായി രേഖപ്പെടുത്തുന്നത്; "പ്രസവക്ലേശം കഠിനമായപ്പോൾ സൂതികർമിണി അവളോടു പറഞ്ഞു: പേടിക്കേണ്ടാ, നിനക്ക് ഇപ്രാവശ്യവും ഒരു പുത്രനെ ലഭിക്കും" (ഉത്പ 35,17). ഏറ്റവും സുന്ദരവും പ്രതീക്ഷ പകരുന്നതുമായ വാക്കുകൾ. നൊമ്പരങ്ങൾ അനുഭവിച്ചിട്ടുള്ളവർ മാത്രം പകരുന്ന മന്ത്രണമാണിത്.

താമാറിന്റെ പ്രസവസമയത്തും നമ്മൾ ഒരു സൂതികർമിണിയെ കാണുന്നുണ്ട്. ഇപ്പോഴിതാ, ഈജിപ്തിലെ വിപ്രവാസത്തിൽ രണ്ടു സൂതികർമിണികൾ. ഈജിപ്തുകാരാണവർ. എന്നിട്ടും അവരുടെ പേരുകൾ വിശുദ്ധ ഗ്രന്ഥത്തിൽ ചേർക്കപ്പെട്ടിരിക്കുന്നു; ഷിഫ്റാ, പൂവാ. ഷിഫ്റാ എന്ന പദത്തിനർഥം സുന്ദരിയെന്നും പൂവാ എന്നതിന് തേജസ്, വെളിച്ചം എന്നൊക്കെയാണ്. ഭയവും വിദ്വേഷവും കൂടി മരണം വിതച്ചപ്പോൾ മനസ്സാക്ഷിയുടെ സ്വരം ശ്രവിച്ചവരാണവർ; "എന്നാൽ ആ സൂതികർമിണികൾ ദൈവഭയമുള്ളവരായിരുന്നതിനാൽ രാജാവു പറഞ്ഞതുപോലെ ചെയ്തില്ല" (പുറ 1,17). സഹജരോടുള്ള വിദ്വേഷവും വെറുപ്പും ചുറ്റിനും അലയടിക്കുമ്പോൾ ആദ്യം ശ്രവിക്കേണ്ടത് നമ്മുടെ മനസ്സാക്ഷിയെ തന്നെയാണ്. ദൈവഭയത്തിന്റെയും ബഹുമാനത്തിന്റെയും സിംഹാസനമാണത്.

ഭൂമിയിലെ ആദ്യ കലയാണ് സൂതികർമിണികളുടെ തൊഴിൽ. ജീവൻ നൽകാൻ സഹായിക്കുകയെന്നത് ദൈവികമായ ഒരു കലയാണ്. ഈ കലയെ അപ്രത്യക്ഷമാക്കുന്ന തിന്മയുടെ ഇടപെടലുകളാണ് ഭ്രൂണഹത്യകളെ അനുകൂലിക്കുന്ന എല്ലാം നിലപാടുകളും പ്രത്യയശാസ്ത്രങ്ങളും നിയമവ്യവസ്ഥകളും. ഒരു കാര്യം നമ്മൾ ഓർക്കണം, ജീവന് പ്രഥമ സ്ഥാനം നൽകാത്ത നാഗരികതകൾ എല്ലാംതന്നെ ക്ഷയിച്ചു പോയിട്ടേയുള്ളൂ. മരണത്തെ നിയമമാക്കുന്ന ഏത് അധികാരിയോടും രാജിയാകാതിരിക്കുക എന്നത് തന്നെയാണ് മനസ്സാക്ഷിയുടെ ശുദ്ധത. ദൈവഭയത്തിന് മുൻപിൽ ഫറവോമാരുടെ നിയമം എപ്പോഴും രണ്ടാമതാണെന്ന് ഓർക്കണം.

കുഞ്ഞുങ്ങൾ ആരും സ്വയം കൊല്ലുന്നില്ല. അവർ അമ്മയുടെ ഉദരത്തിലായാലും നവജാതരായാലും കൊല്ലപ്പെടുകയാണ് ചെയ്യുന്നത്. കൊല്ലുകയാണ് അവരെ ആരൊക്കെയോ. പ്രലോഭനങ്ങൾ രാജകീയമായ തലത്തിൽ നിന്നുപോലും ഉണ്ടായിട്ടും ഈജിപ്തുകാരുടെയും യഹൂദരുടെയും ഒരു കുഞ്ഞുപോലും കൊല്ലപ്പെട്ടില്ലെന്ന് ഷിഫ്റായും പൂവായും നമ്മോട് പറയുന്നുണ്ട്. മനുഷ്യനായി ജീവിക്കാൻ ആഗ്രഹിക്കുന്നുണ്ടോ, എങ്കിൽ പ്രതികരണശേഷി ഇല്ലാത്തവരുടെ മേൽ പതിക്കുന്ന മരണത്തിന്റെ നിഴലുകളെ മായ്ച്ചുകളയാനുള്ള ആർജവം ഇത്തിരിയെങ്കിലും കാണിക്കണം. മരണ സംസ്കാരത്തിന്റെ പ്രത്യയശാസ്ത്രങ്ങളുമായി ഫറവോമാർ വരുമ്പോൾ സ്വന്തം ഹൃദയസ്പന്ദനങ്ങളെ തൊട്ടറിഞ്ഞുകൊണ്ട് ആ സൂതികർമിണികളെപ്പോലെ ജീവന്റെ നിലപാടിൽ ഉറച്ചുനിൽക്കണം. അതാണ് ക്രൈസ്തവ ധർമം, അതുമാത്രമാണ് യഥാർഥ ക്രൈസ്തവികതയും.

Kairos MEDIA

അതിവേഗത്തിൽ
ഇതാ
5-ാം പതിപ്പും
പുറത്തിറങ്ങി

**1st Published**
28 Feb 2022 – 5000 copies

**2nd Edition**
31 Mar 2022 – 5000 copies

**3rd Edition**
18 Apr 2022 – 5000 copies

**4th Edition**
10 May 2022 – 5000 copies

**5th Edition**
22 May 2022 – 5000 copies




# ധൂമായിതം ചിരം ക്ഷണമുജ്ജ്വലിതം ശ്രേയം

## (ഏറെനാൾ പുകഞ്ഞു നിൽക്കുന്നതിനേക്കാൾ നല്ലത് പെട്ടന്ന് ജ്വലിച്ചു തീരുന്നതാണ്)

ദിവ്യകാരുണ്യത്തെ പ്രണയിച്ചുകൊണ്ട് യുവഹൃദയങ്ങളെ വിശുദ്ധിയുടെ ലോകത്തേക്ക് ക്ഷണിക്കുന്ന
**അജ്നയുടെ ജീവിതം.**
പരാതികളും പരിഭവങ്ങളുമില്ലാതെ അവൾ പറഞ്ഞതെല്ലാം ദൈവസ്നേഹത്തിന്റെ സങ്കീർത്തനങ്ങളായിരുന്നു.

**ബാങ്കുവഴി പണമടയ്ക്കുവാൻ:**
KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT-AIRPORT ROAD

G Pay

**കോപ്പികൾക്ക്:**
www.jykairosmedia.org
6238 27 9115

**ഓഫീസ് വിലാസം:**
കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്,
തെങ്ങോട് പി.ഒ., കാക്കനാട്, കൊച്ചി 682 030
ഫോൺ: 0484 2984327 / ഇ-മെയിൽ: kairosmag@jykairosmedia.org







ഡോ. എഡ്വേർഡ് എടേഴത്ത്

# മുറിവേറ്റ സൗഖ്യദായകരുടെ കൂട്ടായ്മയാണ് ജീസസ് യൂത്ത്

ചിലപ്പോഴെല്ലാം നമ്മുടെ പ്ലാനുകൾക്ക് അതീതമായി ക്ലാസ്സുകൾ അപ്രതീക്ഷിതമായ വഴികളിലൂടെ പോകാറുണ്ട്. ഇക്കഴിഞ്ഞയിടെ വീണ്ടും അതു സംഭവിച്ചു.

യുവജനങ്ങൾക്കായുള്ള ഒരു സെമിനാറായിരുന്നു അത്. പ്രാരംഭമായി ഇക്കാലത്തെ യുവാക്കൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ ചർച്ച ചെയ്യാൻ ഞാൻ ഗ്രൂപ്പിനോട് ആവശ്യപ്പെട്ടു. ചൂടുപിടിച്ച ചർച്ചയ്ക്കൊടുവിൽ കൗമാര പ്രായക്കാരി തെരേസ എഴുന്നേറ്റു; "ഞങ്ങളിൽ അധികം പേരും അഭിമുഖീകരിക്കുന്ന വലിയ പ്രശ്നം, ഞങ്ങളുടെ ഉള്ളിലെ സംഘർഷം മിക്കവാറും ആരും മനസ്സിലാക്കുന്നില്ല എന്നതാണ്. വലിയ സങ്കടത്തിലും ഏകാന്തതയിലും ഞാനായിരിക്കുമ്പോൾ പോലും മാതാപിതാക്കൾ പോലും അത് ശ്രദ്ധിക്കുന്നില്ല. എല്ലാവരും തിരക്കിലാണ്. പിന്നെ, ഞങ്ങൾ വിഷമിച്ചും സങ്കടപ്പെട്ടും ഇരിക്കുന്നത് കണ്ടാൽ 'എന്തുപറ്റി?' എന്ന് ചോദിക്കാൻ പോലും അവർ മടിക്കുന്നു". അടുത്തിരുന്ന അവളുടെ സുഹൃത്ത് താത്പര്യത്തോടെ തലകുലുക്കിക്കൊണ്ട് കൂട്ടിച്ചേർത്തു: "ഞങ്ങളെ ഒന്ന് മനസ്സിലാക്കുന്നവർ ഉണ്ടായിരുന്നെങ്കിൽ! ഒപ്പം ഞങ്ങളെ കേൾക്കാനും അംഗീകരിക്കാനും ചില ഇടങ്ങളും ഉണ്ടായിരുന്നുവെങ്കിൽ!".

ഞാൻ മനസ്സിൽ പറഞ്ഞു, 'ഇവർ ആവശ്യപ്പെടുന്നത് ഒരു സാധാരണ, സജീവമായ ജീസസ് യൂത്ത് കൂട്ടായ്മയാണ്'. ഇതിനിടെ, വേറൊരു ചെറുപ്പക്കാരൻ എഴുന്നേറ്റ് തന്റെ അനുഭവം പങ്കുവച്ചു. "പ്ലസ്-ടു കഴിഞ്ഞാണ് ഞാൻ ഈ നഗരത്തിലേക്ക് വന്നത്. ഇവിടെയുള്ള ജീസസ് യൂത്ത് ഗ്രൂപ്പിലേക്ക് ഒരാൾ എന്നെ ക്ഷണിച്ചു. പരിചിതമല്ലാത്ത ജീവിതരീതിയും സംസ്കാരവുമുള്ള ഒരു പുതിയ സ്ഥലത്ത് എന്നെപ്പോലെയുള്ള ഒരാൾ കടന്നുപോകുന്ന വെല്ലുവിളികളും സംഘർഷങ്ങളും ഒന്നാലോചിച്ച് നോക്കൂ. എന്നാൽ, ആഴ്ചതോറും കടന്നുവരാൻ കഴിയുന്ന ഒരു കൂട്ടായ്മ ഇവിടെ എനിക്ക് ഉണ്ടായി, ഒപ്പം ഉദാരമതികളായ ചില കുടുംബങ്ങളും സുഹൃത്തുക്കളും. മിക്കവാറും എല്ലാ ദിവസവും ഹൃദയം തുറക്കാൻ കഴിയുന്ന ഒരു വാട്ട്സ്ആപ്പ് കൂട്ടായ്മ രൂപപ്പെട്ടു. എന്റെ എല്ലാ ആന്തരിക സംഘർഷങ്ങളും പരിഹരിക്കാനുള്ള സഹായം ലഭിച്ചെന്നു മാത്രമല്ല, എന്റെ വിശ്വാസത്തിൽ മുന്നേറാനും ഞാൻ പഠിച്ചു. ഈ ജെ-വൈ ഗ്രൂപ്പ് ഇല്ലായിരുന്നുവെങ്കിൽ, ഞാൻ എവിടെയാകുമായിരുന്നെന്ന് എനിക്കറിയില്ല.




Photo by Iluha Zavaley on Unsplash

" ഞങ്ങളിൽ അധികം പേരും അഭിമുഖീകരിക്കുന്ന വലിയ പ്രശ്നം, ഞങ്ങളുടെ ഉള്ളിലെ സംഘർഷം മിക്കവാറും ആരും മനസ്സിലാക്കുന്നില്ല എന്നതാണ്. വലിയ സങ്കടത്തിലും ഏകാന്തത യിലും ഞാനായിരിക്കുമ്പോൾ മാതാപിതാക്കൾ പോലും അത് ശ്രദ്ധിക്കുന്നില്ല "

## യുവാക്കൾക്ക് വേണ്ടത് കുറേ പ്രവർത്തനങ്ങളാണോ?

ഈ ചർച്ചയ്ക്ക് രസകരമായ ഒരു പശ്ചാത്തലം ഉണ്ടായിരുന്നു. അന്ന് രാവിലെ സ്ഥലത്തെ ഇടവക വികാരിയെ കണ്ടപ്പോൾ അവിടെയുള്ള യുവാക്കളുടെ സഹകരണമില്ലായ്മയെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ പരാതി.

**സൗഖ്യം പകരുന്ന ബന്ധങ്ങളിലേക്കും സമൂഹങ്ങളിലേക്കും ആളുകളെ കൊണ്ടുവരുകയും ക്രിസ്തുമതം സാഹോദര്യവും സ്നേഹവുമാണെന്ന് മനസ്സിലാക്കാൻ അവരെ സഹായിക്കുകയും ചെയ്യുക എന്നതാണ്.**

യുവാക്കൾക്കായി അനേക പരിപാടികൾ അവിടെ സംഘടിപ്പിച്ചു. എന്നാൽ, വളരെ മോശം പ്രതികരണമാണ് അദ്ദേഹത്തിന് കിട്ടിയത്. പലതും പരീക്ഷിച്ചെങ്കിലും അതൊക്കെ പരാജയപ്പെട്ടു.

തെരേസയും അവളുടെ സുഹൃത്തും പങ്കുവച്ച വിഷമവും, അതായത് വീട്ടിലും ഇടവകയിലും അവരെ കേൾക്കാനും പരിഗണന നൽകാനും ആരുമില്ല എന്ന തോന്നലും, വികാരിയച്ചൻ പറഞ്ഞ പരാതിയും ഒരു കാര്യം വ്യക്തമാക്കി - ഇടവക വികാരിയും യുവജനങ്ങളും സമാന്തരമായാണ് സഞ്ചരിക്കുന്നത്. ഇടവകയിൽ താൻ സംഘടിപ്പിച്ച നിരവധി പ്രവർത്തനങ്ങളും വിശ്വാസ സംബന്ധിയായ ചർച്ചകളും യുവജനങ്ങൾക്ക് ഏറ്റവും അത്യാവശ്യം എന്ന് വൈദികന് ബോധ്യമുണ്ട്. എന്നാൽ, യുവാക്കൾ തങ്ങളുടെ ഭാരങ്ങൾ ഇറക്കിവയ്ക്കാനും പ്രശ്നങ്ങൾ പങ്കുവയ്ക്കാനും അവിടെ ആരുമില്ല എന്ന് അവരും പരാതിപ്പെടുന്നു.

ഫ്രാൻസിസ് പാപ്പയുടെ ദർശനം ഇവിടെ ഏറെ പ്രസക്തമാണ്: "യുദ്ധക്കളത്തിലെ ഒരു ഫീൽഡ് ഹോസ്പിറ്റലായാണ് ഞാൻ സഭയെ കാണുന്നത്. ... നമ്മൾ മുറിവുകൾ ഉണക്കണം. അതിനുശേഷം നമുക്ക് മറ്റെല്ലാം സംസാരിക്കാം. മുറിവുകൾ ഭേദമാക്കുക, മുറിവുകൾ ഉണക്കുക... നമുക്ക് താഴെ നിന്ന് ആരംഭിക്കാം".

## മുറിവേറ്റ സൗഖ്യദായകർ

സ്വിസ് മനഃശാസ്ത്രജ്ഞനായ കാൾ യൂങ്ങ് പ്രചാരം നൽകിയ ഒരു സുന്ദര പദപ്രയോഗമാണ് 'മുറിവുള്ള ചികിത്സകർ' (wounded healers). അങ്ങനെയുള്ളവർ നല്ല സഹാനുഭൂതിയും ഉൾക്കാഴ്ചയും ഉള്ളവരാകുമെന്ന് അദ്ദേഹം സൂചിപ്പിച്ചു. അവർക്ക് മിക്കവാറും സ്വന്ത രോഗസൗഖ്യത്തിന്റെ നല്ലൊരു ചരിത്രം പറയാനുണ്ടാകും. അവർ അനുകമ്പയുള്ളവരായിരിക്കും. അവരുടെ സൗഖ്യദായക സാമീപ്യം മറ്റുള്ളവർക്ക് ഏറെ സഹായകവുമാകും.

❶ അവർ വേദനയും കഷ്ടപ്പാടും അനുഭവിച്ചിട്ടുണ്ട്, ഒരുപക്ഷേ അവർ സുഖം പ്രാപിക്കുന്ന പ്രക്രിയയിലുമായിരിക്കാം, അതിനാൽ അവർക്ക് വേദനയും കഷ്ടപ്പാടും അനുഭവിക്കുന്ന വ്യക്തികളുമായി എളുപ്പത്തിൽ ബന്ധപ്പെടാനാകും.

❷ മുറിവേറ്റ ചികിത്സകർ നല്ല ശ്രോതാക്കളും മനസ്സിലാക്കുന്നവരും അംഗീകരിക്കുന്നവരും സർഗാത്മകതയുള്ളവരുമാണ്.

❸ സ്വന്തം അനുഭവത്തിൽനിന്ന് അവർ ഓരോ കഷ്ടപ്പാടുകളും ഒരു പുത്തൻ സാധ്യതയായി കാണുന്നവരുമാകും.

പരിശുദ്ധാത്മാവിന്റെ സ്പർശമുള്ള ആർക്കും ഒരു നല്ല സൗഖ്യദായകനാകാൻ കഴിയും. ആന്തരിക സമ്മർദം അനുഭവിക്കുന്നവരെ ശ്രവിക്കാനും അവർക്ക് സഹായം നൽകാനുമുള്ള ചില പരിശീലനങ്ങൾ ഈ ദൗത്യത്തിന് ഏറെ സഹായകമാകാം, എന്നാൽ അത് അത്ര അത്യാവശ്യവുമല്ല..

പക്ഷേ, ഒന്ന് നാം മറക്കരുത്, യേശുവാണ് യഥാർഥ 'മുറിവേറ്റ സൗഖ്യദായകൻ'. അവൻ നമുക്കു വേണ്ടി മുറിവേറ്റു, എപ്പോഴും അവൻ നമ്മെ സുഖപ്പെടുത്താൻ സമീപത്തുണ്ട്. അതിനാൽത്തന്നെ, സൗഖ്യം നൽകാനും സ്വീകരിക്കാനും ഒത്തു വരുമ്പോൾ ആ ക്രൂശിതന്റെ സാന്നിധ്യം നാം പ്രത്യേകം ഏറ്റുപറയുന്നു.

## യുദ്ധമുഖത്തെ ആശുപത്രികളും പോരാളി ഡോക്ടർമാരും

മേൽപറഞ്ഞ യുവജന സെമിനാറിന്റെ സംഘാടകരിലൊരാളായ സൗമ്യ എന്നോട് പറഞ്ഞു: "ഏതാണ്ട് എല്ലാ കുടുംബങ്ങളും ചെറുപ്പക്കാരും കടുത്ത പ്രശ്നങ്ങളിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. അവരെ ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ക്ലാസ്സുകൾക്ക് ഇവിടെ ഒരു കുറവുമില്ല. എന്നാൽ, ഒരു വ്യക്തിക്കു വേണ്ടത് നല്ല സൗഹൃദവും മറ്റുള്ളവരുടെ സൗഖ്യദായക സാന്നിധ്യവുമാണ്; കേൾക്കാനും പിന്തുണയ്ക്കാനും പ്രോത്സാഹിപ്പിക്കാനും. അവൾ തുടർന്നു, ആവശ്യക്കാർ എല്ലായിടത്തുമുണ്ട്; എന്നാൽ, വളരെ കുറച്ച് ആളുകൾ മാത്രമേ സഹായിക്കാനുള്ളൂ. ഒരു നല്ല മിഷണറി ജീസസ് യൂത്ത് എന്ന നിലയിൽ, യുവാക്കൾക്കും കുടുംബങ്ങൾക്കുമൊപ്പം അവൾ ധാരാളം സമയം മാറ്റിവയ്ക്കുന്നു. ചെറിയ

ഗ്രൂപ്പുകളിലെ പതിവ് കൂടിക്കാഴ്ചകളാണ് അവർക്ക് ഏറെ ആവശ്യം. ഈ സൗഖ്യദായക ഇടങ്ങളാണ് അവരുടെ പ്രശ്ന പരിഹാരത്തിന് ഏറ്റവും നല്ല വഴി.

സുവിശേഷങ്ങളിൽ നാം അഭിമുഖീകരിക്കുന്ന ഒരു സമാന രംഗം, "ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന് അവരുടെമേൽ അനുകമ്പ തോന്നി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്നു. അവൻ ശിഷ്യന്മാരോടു പറഞ്ഞു: വിളവധികം; വേലക്കാരോ ചുരുക്കം (മത്താ 9,36-37).

വേദന നിറയുന്ന അനുഭവങ്ങളുടെ ആഘാതത്തിൽ കഴിയുന്ന മിക്ക ആളുകളും അവർക്ക് ചുറ്റും മതിലുകൾ പണിയുന്നു. ചിലരെങ്കിലും ബന്ധങ്ങൾക്ക് തടയിടാൻ സഹായിക്കുന്ന ആധ്യാത്മികതയും പ്രാർഥനാ ശൈലികളും കണ്ടെത്തി അതിൽ തുടരുകയും ചെയ്യുന്നു. പോപ്പ് ഫ്രാൻസിസ് അത് നന്നായി വിശദീകരിക്കുന്നു: "ഇന്നത്തെ ലോകം നമ്മുടെമേൽ അടിച്ചേൽപ്പിക്കുന്ന ചില നിഷേധാത്മക മനോഭാവങ്ങളായ പരസ്പര വിശ്വാസമില്ലായ്മ, സംശയം, സ്വകാര്യത നഷ്ടപ്പെടുമോ എന്ന ഭയം തുടങ്ങിയവയെ മറികടക്കാനുള്ള ശക്തമായ വിളിയാണ് ക്രൈസ്തവ ദർശനം. സുവിശേഷത്തിന്റെ സാമൂഹിക മാനത്തെ അവഗണിച്ച് പലരും മറ്റുള്ളവരിൽനിന്ന് രക്ഷപ്പെടാനായി തങ്ങളുടെ സ്വകാര്യതയുടെ ആശ്വാസത്തിലോ അടുത്ത സുഹൃത്തുക്കളുടെ ഒരു ചെറിയ വലയത്തിലോ അഭയം പ്രാപിക്കാൻ ശ്രമിക്കുന്നു. പലർക്കും വേണ്ടത് ശരീരമോ കുരിശോ ഇല്ലാത്ത ഒരു ആധ്യാത്മിക ക്രിസ്തുവാണ്. അതുപോലെ തന്നെ അവർക്ക് ആവശ്യം തങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ ഓണാക്കാനും ഓഫാക്കാനും സാധിക്കുന്ന അത്യാധുനിക ഉപകരണങ്ങളോ സ്ക്രീനുകളോ തരുന്ന പരസ്പര ബന്ധങ്ങളുമാണ് (സുവി. സന്തോഷം 88).



ഇന്നത്തെ വലിയ ഒരാവശ്യം, സൗഖ്യം പകരുന്ന ബന്ധങ്ങളിലേക്കും സമൂഹങ്ങളിലേക്കും ആളുകളെ കൊണ്ടുവരുകയും ക്രിസ്തുമതം സാഹോദര്യവും സ്നേഹവുമാണെന്ന് മനസ്സിലാക്കാൻ അവരെ സഹായിക്കുകയും ചെയ്യുക എന്നതാണ്. "സുവിശേഷം നമ്മോട് ആവർത്തിച്ച് പറയുന്നത് മറ്റുള്ളവരുമായി മുഖാമുഖം വരുക എന്ന വലിയ 'റിസ്ക്' എടുക്കാനും, നമ്മെ വെല്ലുവിളിക്കുന്ന അവരുടെ ശാരീരിക സാന്നിധ്യം, അവരുടെ വേദന, അപേക്ഷകൾ, സമീപസ്ഥവും നിരന്തരവുമായ നമ്മുടെ ഇടപെടലുകളിലൂടെ കിട്ടുന്ന സന്തോഷം എന്നിവയെ അഭിമുഖീകരിക്കാനുമാണ്". ഒരു സജീവമായ ജീസസ് യൂത്ത് കൂട്ടായ്മയിലോ ചെറുസമൂഹത്തിലോ നമ്മൾ ചെയ്യാൻ ആഗ്രഹിക്കുന്നതും ഇതുതന്നെയല്ലേ? മാർപാപ്പ തുടരുന്നു: "മനുഷ്യാവതാരംചെയ്ത ദൈവപുത്രനിലുള്ള യഥാർഥ വിശ്വാസം സ്വയം നൽകുന്നതിൽനിന്നും, സമൂഹത്തിന്റെ ഭാഗമാകുന്നതിൽ നിന്നും, സേവനത്തിൽ നിന്നും, മറ്റുള്ളവരുമായുള്ള അനുരഞ്ജനത്തിൽ നിന്നും വേർതിരിക്കാനാവാത്തതാണ്. ദൈവപുത്രൻ, മാംസമായിത്തീർന്നു, ആർദ്രതയുടെ വിപ്ലവത്തിലേക്ക് നമ്മെ വിളിച്ചു (സുവി. സന്തോഷം 88).

ഇന്നത്തെ ഒരു പ്രധാന യാഥാർഥ്യം, നമുക്കുചുറ്റും മിക്കവാറും എല്ലാ കാര്യങ്ങളെക്കുറിച്ചും വളരെയേറെ അറിവിടങ്ങളും പഠനങ്ങളും ലഭ്യമാണ് എന്നതാണ്. പ്രാർഥന, വിശ്വാസം എന്നിവയെ പറ്റിയും പഠനങ്ങൾക്ക് ഒരു കുറവുമില്ല. എന്നാൽ, ജീവിത വഴിയിലെ സംഘർഷങ്ങളുടെയും ഏകാന്തതയുടെയും നടുവിൽ അനേകർ അശരണരായി പുറന്തള്ളപ്പെടുന്നു. അവരെ അന്വേഷിച്ചു പോകാൻ ആരും ഇല്ലാതെയും വരുന്നു. ഇങ്ങനെയുള്ള മുറിവേറ്റവരെയും നഷ്ടപ്പെട്ടവരെയും തേടിപ്പോകുന്ന 'യുദ്ധമുന്നണിയിലെ ഡോക്ടർമാർ' ആകുക എന്നതാണ് ജീസസ് യൂത്ത് ദൗത്യവിളി. ഇന്നത്തെ സമൂഹത്തിൽ സൗഖ്യം പകരാൻ ഏറ്റവും യോജിച്ച ഇടം കൃത്യതയോടെ ഒത്തുചേരുന്ന സ്നേഹ സമൂഹങ്ങളുമാണ്. സൗഖ്യം പകരുന്ന ഈ ചെറുസമൂഹങ്ങളാകും സമകാലിക ലോകത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിച്ച 'ഫീൽഡ് ഹോസ്പിറ്റലുകൾ'.



നൈസിൽ രാജേഷ്

# എന്തിന് ഞാൻ വിവാഹം കഴിക്കണം?

വിവാഹമെന്ന മഹത്വമാർന്ന ഒരു ജീവിതാന്തസ്സ്. പുതുമനസ്സുകളുടെ വ്യത്യസ്തമായ വീക്ഷണങ്ങളും നിലപാടുകളും പുതിയ മേച്ചിൽപുറങ്ങളിലേക്ക് അവരെ നയിക്കുന്നില്ലേ? അതിപ്രധാനവും ഗൗരവതരവുമായ ചില മൂല്യബോധങ്ങൾ ചോർന്നുപോകുന്നുണ്ടോയെന്ന ഒരു സൂക്ഷ്മ വിശകലനമാണിവിടെ കുറിക്കുന്നത്.

“കല്യാണം കഴിക്കണമെന്ന് എന്താ ഇത്ര നിർബന്ധം? നല്ല ജോലി, ശമ്പളം, സുഹൃത്തുക്കൾ, സൗകര്യങ്ങൾ... ഇങ്ങനെതന്നെ അങ്ങു പോയാൽ പോരെ? കെട്ടുപാടുകളൊന്നുമില്ലാതെ സ്വതന്ത്രമായി ജീവിക്കുകയും ചെയ്യാം” എത്ര ആകർഷണീയമായ ആശയം. ഈയൊരു ചിന്താധാരയുടെ വൈവിധ്യമാർന്ന വിപുലീകരണങ്ങളാണ് ലീവ്-ഇൻ ബന്ധങ്ങൾ, കുട്ടികൾ വേണ്ടാത്ത ദമ്പതികൾ അങ്ങനെ പലതും. ഇതൊക്കെ കേട്ടു കണ്ണുമിഴിക്കുന്ന മാതാപിതാക്കളോട്, പഴഞ്ചനായിരിക്കാതെ ഒന്ന് അപ്ഡേറ്റ് ചെയ്തു കൂടെ എന്നൊരു ചോദ്യവും ബാക്കി.

തീർച്ചയായും ഓരോ വ്യക്തിയുടെയും ജീവിതാന്തസ്സ് അവനവന്റെ തെരഞ്ഞെടുപ്പാണ്. പക്ഷേ, ഏതു മാനദണ്ഡങ്ങളാണ് നമ്മെ ഈ തെരഞ്ഞെടുപ്പിലേയ്ക്ക് നയിക്കേണ്ടത് എന്നത് പ്രധാനമാണ്. സത്യത്തിൽ എന്തിനാണ് ഒരാൾ വിവാഹം കഴിക്കുന്നത്? ശാരീരിക അഭിലാഷങ്ങളെ തൃപ്തിപ്പെടുത്താനുള്ള ഒരു ലൈസൻസിനു വേണ്ടിയാണെങ്കിൽ അത് സാമൂഹികമായ ഒരു വ്യവസ്ഥ മാത്രമാണ്. ഒരു ക്രൈസ്തവനെ സംബന്ധിച്ച് വിവാഹം അത്തരമൊരു വ്യവസ്ഥ മാത്രമല്ല ശാരീരിക അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുന്നതിലും കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതിലുമുപരിയായി തങ്ങളെപ്പറ്റിയുള്ള ദൈവഹിതം നിറവേറ്റാനുള്ള ഒരു ദൈവവിളിയാണ് വിവാഹം എന്ന ജീവിതാന്തസ്സ്. അതിൽ ഭർത്താവും ഭാര്യയും കുഞ്ഞുങ്ങളും അവരുടെ ജീവിതവും രക്ഷയും മാത്രമല്ല, ആ കുടുംബത്തിലൂടെ സഭയിലും സമൂഹത്തിലും ദൈവം ചെയ്യാൻ ആഗ്രഹിക്കുന്ന പൊതുനന്മകളും ഉൾപ്പെടും. അതിനാൽ ഓരോ കുടുംബവും സഭയ്ക്കും സമൂഹത്തിനുമുള്ള ദൈവദാനമാണ്. കുടുംബങ്ങളിലൂടെ വ്യക്തികൾ രൂപപ്പെടുന്നു, സമൂഹജീവിതം അഭ്യസിക്കുന്നു, പരസ്പരം വിശുദ്ധിയിൽ വളരാൻ സഹായിക്കുന്നു. ചുറ്റുമുള്ള സമൂഹത്തെ തങ്ങൾക്കു ലഭിച്ച ദാനങ്ങളിലൂടെ വ്യക്തിപരമായും കുടുംബമായും പടുത്തുയർത്തുന്നു.

അപ്പോൾ ചിലരെങ്കിലും ചോദിച്ചേക്കാം, “ഇത്രയും ഉത്തരവാദിത്വങ്ങളോ? എനിക്കു വേണ്ടേ വേണ്ട”

ഒരു ഉത്തരവാദിത്വവുമില്ലാത്ത സ്വാതന്ത്ര്യവും ജീവിതവും ഒരു മിഥ്യയാണ്. ഉത്തരവാദിത്വങ്ങളില്ലാത്ത ബന്ധങ്ങളോ അരാജകത്വത്തിലേയ്ക്കുള്ള ഹൈവേയും. ഒന്നു ചിന്തിച്ചു നോക്കിയാൽ, എത്ര പേരുടെ സമർപ്പണത്തോടെയുള്ള, ഉത്തരവാദിത്വപൂർണമായ ജീവിതങ്ങളാണ് നമ്മുടെ ജീവിതം കരുപിടിപ്പിച്ചത്.

വേറൊരു കൂട്ടർ ജോലിയിൽ മുങ്ങിക്കിടക്കുന്നവരാണ്. ജോലിയാണ് ജീവിതം, ജോലിയിലുള്ള ഉത്തരവാദിത്വങ്ങൾ തന്നെ ധാരാളം എന്നവർ ചിന്തിക്കുന്നു. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ജോലിയും ജീവിതാന്തസ്സും ഒന്നിനു പകരം വയ്ക്കാനുള്ളതല്ല. ജോലിക്കു പുറത്തുള്ള ഒരു ജീവിതം ഓരോരുത്തർക്കുമുണ്ടാവണം. സ്വന്തം കഴിവുകളും താത്പര്യങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നതും കുടുംബജീവിതവും സാമൂഹ്യബന്ധങ്ങളും ഇടപെടലുകളും ജോലിക്കു പുറത്തുള്ള ഈ ജീവിതത്തിന്റെ ഭാഗമാണ്. ഇവ ഒരു വ്യക്തിയുടെ ജീവിതത്തെ കൂടുതൽ മനോഹരവും അർഥവത്തുമാക്കുന്നു. ഇനിയും വേറെ ചിലരുണ്ട്, വിവാഹമെന്ന ജീവിതാന്തസ്സിലേക്ക് പ്രവേശിക്കാൻ ധൈര്യക്കുറവോ ഭയമോ ഉള്ളവർ. ഭാര്യാഭർതൃബന്ധങ്ങളെക്കുറിച്ചും കുഞ്ഞുങ്ങളെ വളർത്തുന്നതുമായി ബന്ധപ്പെട്ടും പോസ്റ്റു ചെയ്യപ്പെടുന്ന അതിഭാവുകത്വം നിറഞ്ഞ ഇൻസ്റ്റഗ്രാം വീഡിയോകളും ചിത്രങ്ങളും, തീരെ ചെറിയ ശതമാനമെങ്കിലും വാർത്താ മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന കുടുംബത്തകർച്ചകളും ചിലരെയെങ്കിലുമൊക്കെ വിവാഹത്തിൽ നിന്നു മാറി നിൽക്കാൻ പ്രേരിപ്പിക്കുന്നു. നമ്മെ സംബന്ധിച്ച് വിവാഹം ദൈവിക വരപ്രസാദമൊഴുകുന്ന ഒരു കൂദാശയും കൂടിയാണ്. ഈ കൂദാശയുടെ ശക്തിയും സഹായവും അനുദിനജീവിതത്തിൽ അനുഭവിക്കുന്ന, അതിൽ ഭംഗിയായി ജീവിക്കുന്ന ധാരാളം കുടുംബങ്ങൾ നമ്മുടെ ചുറ്റിലുമുണ്ട്. കുടുംബങ്ങളിലെ സന്തോഷങ്ങളിലും സങ്കടങ്ങളിലും ഒരു രൂപപ്പെടൽ നടക്കുന്നുണ്ട്. ദൈവത്തോടു ചേർന്ന് കുടുംബജീവിതമെന്ന ജീവിതാന്തസിനെ നാം ചേർത്തു പിടിക്കുമ്പോൾ നമുക്കും വരുംതലമുറയ്ക്കും അത് അനുഗ്രഹമായി മാറുന്നു. അതിനാൽ, മാറുന്ന ജീവിത, കുടുംബ സാഹചര്യങ്ങളിൽ സ്വന്തം സുഖങ്ങളിലും ഇഷ്ടങ്ങളിലും ചുരുങ്ങുക പോലുള്ള സാത്താന്റെ ആകർഷകമായ തന്ത്രങ്ങളിൽ വീണു പോകാതിരിക്കാൻ നാം ജാഗ്രത പുലർത്തിയേ മതിയാവൂ, ദൈവത്തെ മുറുകെ പിടിച്ചേ മതിയാവൂ. അല്ലെങ്കിൽ സോദോം ഗോമോറയിലേക്കുള്ള ദൂരം വളരെ തുച്ഛമായി മാറും.

**ശാരീരികാഭിലാഷങ്ങളെ തൃപ്തിപ്പെടുത്താനുള്ള ഒരു ലൈസൻസിനു വേണ്ടിയാണെങ്കിൽ അത് സാമൂഹികമായ ഒരു വ്യവസ്ഥ മാത്രമാണ്. ഒരു ക്രൈസ്തവനെ സംബന്ധിച്ച് വിവാഹം അത്തരമൊരു വ്യവസ്ഥ മാത്രമല്ല.**

കവർ സ്റ്റോറി

ആന്റണി സച്ചിൻ, എറണാകുളം



# വിവാഹം കഴിക്കുന്നതിനു മുമ്പ്

Photo by Saeed Sarshar on Unsplash

ടോണിക്ക് വിവാഹപ്രായമെത്തി. ഒത്തിരി നല്ല വിവാഹാലോചനകൾ വരുന്നുണ്ട്. നാട്ടുനടപ്പനുസരിച്ച് രണ്ടു മൂന്നു പെണ്ണുകാണലും കഴിഞ്ഞു. മൂന്നാമത് കണ്ട പെൺകുട്ടിയെ ടോണിക്കും അവന്റെ മാതാപിതാക്കൾക്കും ഇഷ്ടമായി. പെൺകുട്ടിയെക്കുറിച്ച് അന്വേഷിച്ചപ്പോൾ നല്ല അഭിപ്രായമാണ് ലഭിച്ചത്. പെൺകുട്ടിയുടെ വീട്ടുകാർക്ക് ടോണിയെയും ഇഷ്ടമായി. ഇനി രണ്ടു കുടുബങ്ങളും ചേർന്ന് വിവാഹ നിശ്ചയം നടത്തണം.

ആത്മീയ കാര്യങ്ങളിൽ നല്ല താത്പര്യമുള്ള ടോണിക്ക് ജീവിതത്തിൽ ഒരു തീരുമാനമെടുക്കുന്നതിന് മുമ്പ് ദൈവഹിതം ആരായുക പതിവുള്ളതാണ്. ഈ വിവാഹ ആലോചന ഒരു നിർണായക ഘട്ടത്തിൽ എത്തി നിൽക്കുമ്പോൾ ഈ പെൺകുട്ടിയെ തന്നെയാണോ ദൈവം തനിക്ക് തുണയായി നൽകുവാൻ ആഗ്രഹിക്കുന്നത് എന്ന ചോദ്യം അവനെ അൽപം കുഴപ്പിച്ചു. ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു തീരുമാനമെടുക്കേണ്ട ഘട്ടത്തിലാണല്ലോ താനെത്തിയിരിക്കുന്നത് എന്ന ചിന്തയാണ് ആശങ്കയ്ക്ക് കാരണമായത്. തന്റെ ഏറ്റവും അടുത്തൊരു സുഹൃത്തിന്റെ വിവാഹം, വേർപിരിയലിന്റെ വക്കിലെത്തിയിരിക്കുന്ന സംഭവവും ഈ അവസരത്തിൽ ടോണിയുടെ മനസ്സിലേക്കോടി വന്നു. “അനാദികാലം മുതലേ അവൾ നിനക്കായി നിശ്ചയിക്കപ്പെട്ടവളാണ്” (തോബി 6,17) എന്ന ബൈബിൾ വചനം ടോണിക്ക് നൽകിയിട്ടുള്ള ചില ബോധ്യങ്ങൾ ഈയവസരത്തിൽ അവൻ ഓർക്കുകയുണ്ടായി. സാറയെ കണ്ടെത്താൻ ദൈവത്തിന്റെ ദൂതൻ തോബിയാസിനെ സഹായിച്ചതുപോലെ തനിക്കും ദൈവം തെരഞ്ഞെടുത്തു വച്ചിരിക്കുന്ന ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുമെന്ന് അവൻ വിശ്വസിച്ചിരുന്നു. എന്നാൽ, തന്റെ ജീവിതത്തിൽ പ്രായോഗികമായി എങ്ങനെയാണ് നടക്കുക എന്ന കാര്യത്തിൽ അവ്യക്തതകൾ നിലനിന്നു.

**വിവാഹം വേണമെന്നും വേണ്ടെന്നും രണ്ടു വാദങ്ങളുമുണ്ട് പുതുകാലത്തിലെ യുവമനസ്സുകളിൽ. ന്യായങ്ങളും കാരണങ്ങളും പലതുണ്ടിതിനു പിന്നിൽ. ചില വസ്തുതകളിലേക്കും വീണ്ടുവിചാരത്തിലേക്കും ഒരെത്തിനോട്ടം.**

ടോണിയുടെ പെണ്ണുകാണൽ സമയത്ത് പെൺകുട്ടിയോടൊപ്പം മാറിനിന്ന് സംസാരിക്കാൻ പത്തു മിനിറ്റ് സമയമേ ലഭിച്ചുള്ളൂ. ജീവിതകാലം മുഴുവൻ ഒരുമിച്ചു കഴിയേണ്ട ആളുമായി വെറും പത്തു മിനിറ്റു മാത്രം സംസാരിച്ചതുകൊണ്ടു ഒരു അന്തിമ തീരുമാനത്തിലേക്കെത്താൻ അവനു സാധിക്കാതെയും വന്നു. ഇനി കൂടുതൽ സമയം പെൺകുട്ടിയുമായി സംസാരിക്കാൻ അവസരം ലഭിച്ചാൽത്തന്നെയും എന്തൊക്കെ സംസാരിക്കണമെന്നും ആൾക്ക് വലിയ നിശ്ചയമൊന്നുമില്ലായിരുന്നു.

ഇത് ടോണിയുടെ മാത്രം ഒറ്റപ്പെട്ട പ്രശ്നമാണോ? അല്ല, വിവാഹജീവിതത്തിലേക്ക് പ്രവേശിക്കാൻ പോകുന്ന അനേകം ആളുകൾ അഭിമുഖീകരിച്ചിട്ടുള്ള പ്രശ്നമാണിത്. കത്തോലിക്ക സഭയുടെ വേദപഠന ക്ലാസ്സുകളിൽ വിവാഹം ഒരു കൂദാശയാണെന്നെല്ലാം ടോണി പഠിച്ചിട്ടുണ്ടെങ്കിലും വിവാഹ പ്രായമെത്തിയപ്പോൾ പണ്ട് പഠിച്ച വിഷയങ്ങളെക്കുറിച്ച് യാതൊരറിവും മനസ്സിലുണ്ടായിരുന്നില്ല. പന്ത്രണ്ടാം ക്ലാസ്സുവരെ ടോണി സൺഡേ ക്ലാസ്സിൽ മുടങ്ങാതെ പോയിട്ടുണ്ടെങ്കിലും വിവാഹപ്രായമെത്തുന്ന കാലഘട്ടം വരെ വിവാഹമെന്ന കൂദാശയെക്കുറിച്ചുള്ള ബാലപാഠങ്ങൾ മങ്ങാതെ ഓർമയിൽ നില നിൽക്കണമെങ്കിൽ ഒരു തുടർ പഠനത്തിനോ ചർച്ചകൾക്കോ സഭയിൽ സ്ഥാനമുണ്ടായിരിക്കണം. അതിനുള്ള സാധ്യത ഇന്ന് നിലവിലില്ലാത്തതിനാൽ ഈ കാര്യത്തിൽ ടോണിയെ കുറ്റംപറയാനും സാധിക്കുകയില്ല.

ടോണിയെപ്പോലെ വിവാഹത്തിലേക്ക് പ്രവേശിക്കുവാൻ തയ്യാറെടുക്കുന്നവർ സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്.

1. എന്തിനാണ് ഞാൻ വിവാഹം കഴിക്കുന്നത്?
2. എന്തിന് ഞാൻ കത്തോലിക്ക നിയമപ്രകാരം വിവാഹിതനാകണം?
3. എങ്ങനെയാണ് ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നത്?

ഒന്നാമത്തെ ചോദ്യം വിവാഹത്തിന്റെ ലക്ഷ്യവുമായി ബന്ധപ്പെട്ടതാണ്. വിവാഹത്തിന് പ്രധാനമായും മൂന്ന് ലക്ഷ്യങ്ങളാണുള്ളത്. (a) ദമ്പതികളുടെ നന്മ (b) കുഞ്ഞുങ്ങളുടെ ഉത്പാദനം (c) മക്കളുടെ വിദ്യാഭ്യാസവും വിശ്വാസപരിശീലനവും.

രണ്ടാമത്തെ ചോദ്യം വിവാഹത്തിന്റെ കൗദാശികമാനവുമായി ബന്ധപ്പെട്ടതാണ്. Youcat No. 262-ൽ പറഞ്ഞിരിക്കുന്നതു പ്രകാരം കൗദാശിക വിവാഹത്തിന് അത്യാവശ്യമായ മൂന്നു ഘടകങ്ങളാണുള്ളത്.

(a) വിവാഹാർഥികളുടെ സ്വതന്ത്രമായ സമ്മതം. (b) ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന ദാമ്പത്യബന്ധത്തിലേക്ക് അന്യരെ ഒഴിവാക്കുന്ന ഐക്യത്തിന്റെ സ്ഥിരീകരണം. (c) കുട്ടികളെ ജനിപ്പിക്കാനുള്ള സന്നദ്ധത. ക്രൈസ്തവ വിവാഹത്തെക്കുറിച്ചുള്ള ഏറ്റവും അഗാധമായ കാര്യം “ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹത്തിന്റെ സജീവ പ്രതിബിംബങ്ങളാണ് തങ്ങൾ” എന്ന് ദമ്പതികൾക്കുള്ള അറിവാണ് (ccc 1644-1654).

മൂന്നാമത്തെ ചോദ്യം ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്ന രീതിയും മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ടതാണ്. ഓരോ വിവാഹാർഥിയും ഒന്നും രണ്ടും ചോദ്യങ്ങൾ സ്വയം ചോദിക്കുകയും വിവാഹത്തിന്റെ ലക്ഷ്യത്തെക്കുറിച്ചും കൗദാശികമാനത്തെക്കുറിച്ചും നല്ല വ്യക്തത ആദ്യമേ ഉണ്ടായിരിക്കേണ്ടതുമാണ്. ചുരുക്കത്തിൽ വിവാഹത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കാൻ തുടങ്ങുന്ന നാളുകളിലെങ്കിലും വിവാഹത്തെക്കുറിച്ച് പണ്ട്



Photo by Jeremy Wong on Unsplash

സൺഡേ സ്കൂളിൽ പഠിച്ച പാഠങ്ങൾ വീണ്ടും പഠിക്കാൻ മനസ്സു കാണിക്കണം.

പുതിയൊരു മൊബൈൽ ഫോൺ വാങ്ങുവാൻ ആലോചിക്കുമ്പോൾ വ്യത്യസ്ത ഫോണുകളെക്കുറിച്ചും അവയുടെ വിവിധ മോഡലുകളെക്കുറിച്ചും ഫീച്ചറുകളെക്കുറിച്ചും താരതമ്യം ചെയ്തു പഠിക്കുവാൻ ശ്രമിക്കുന്ന വ്യക്തികൾ പലരും ജീവിതത്തിലെ ഏറ്റവും വലിയ തീരുമാനമെടുക്കേണ്ട ഘട്ടത്തിലേക്ക് കടക്കുമ്പോൾ യാതൊരു മുന്നൊരുക്കങ്ങളുമില്ലാതെ ലാഘവത്തോടെ സമീപിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. പുതിയൊരു ഫോൺ വാങ്ങിയതിനുശേഷം ഇഷ്ടപ്പെട്ടില്ലെങ്കിൽ മറ്റൊരു ഫോൺ മാറ്റിയെടുക്കുവാനുള്ള സൗകര്യം ഇന്ന് ഓൺലൈൻ വ്യാപാരം വഴി സാധിക്കുമെങ്കിൽ അതുപോലെ വിവാഹത്തിനുശേഷം പങ്കാളിയെ ഇഷ്ടപ്പെട്ടില്ലെങ്കിൽ മാറ്റിയെടുക്കുവാൻ സാധിക്കില്ലല്ലോ. വിവാഹ ബന്ധത്തിലെ പരാജയങ്ങൾ മനസ്സിലുണ്ടാക്കുന്ന മുറിവുകളും വളരെ വലുതാണ്. അതിനാൽത്തന്നെ വിവാഹബന്ധത്തിലേക്ക് കടക്കുന്നതിന് വർഷങ്ങൾക്ക് മുമ്പ്തന്നെ വിവാഹ ജീവിതത്തിനുവേണ്ടി മാനസികമായി പ്രാർഥനാപൂർവം ഒരുങ്ങി തുടങ്ങേണ്ടതുണ്ട്.

ടോണിയുടെ പെണ്ണുകാണൽ സമയത്ത് വിവാഹ ജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ചും കൗദാശികമാനത്തെക്കുറിച്ചും നല്ല ധാരണ പെൺകുട്ടിക്കുണ്ടോയെന്ന് തിരക്കേണ്ടിയിരുന്നു. അതിന് ആദ്യമേ ഈ വിഷയത്തെക്കുറിച്ച് ടോണിക്ക് നല്ല വ്യക്തതയുണ്ടായിരിക്കണം. വ്യക്തിപരമായി പ്രാർഥനയും ബൈബിൾ വായനയും വി. കുർബാനയും കുമ്പസാരവുമൊക്കെയുള്ള ആളാണോ എന്നൊക്കെ വിവാഹാർഥികൾ പരസ്പരം ചോദിച്ചറിയേണ്ടതുണ്ട്. പെണ്ണുകാണൽ ചടങ്ങ് വെറും ചായകുടി ചടങ്ങായി മാറാതെ ഇത്തരം വിഷയങ്ങൾ ഗൗരവമായി ചർച്ച ചെയ്യാൻ സമയമൽപം കൂടുതൽ എടുക്കുന്നത് നല്ലതാണ്. വിവാഹത്തിനുശേഷം തങ്ങൾക്കുണ്ടാകാൻ പോകുന്ന മക്കൾക്ക് വിശ്വാസ പരിശീലനം നൽകണമെങ്കിൽ ആദ്യമേ മാതാപിതാക്കൾ വിശ്വാസ കാര്യങ്ങളിൽ താത്പര്യവും അറിവും ഉള്ള വരാകേണ്ടതാണല്ലോ. നമ്മൾക്കില്ലാത്തത് അടുത്തൊരു തലമുറയ്ക്ക് നൽകുക സാധ്യവുമല്ലല്ലോ.

ഇന്ന് ക്രൈസ്തവ സമൂഹത്തിൽ കൂടുതലും Arranged Marriage സമ്പ്രദായമാണ് പിന്തുടരുന്നത്. അതായത് വിവാഹാർഥികളുടെ മാതാപിതാക്കൾ തമ്മിൽ ആദ്യമേ ആലോചിച്ചു തുടങ്ങുകയും പിന്നീട് പെണ്ണുകാണൽ, വിവാഹാർഥികളുടെ സമ്മതം, ഒടുവിൽ വിവാഹം എന്ന രീതിയാണ് Arranged Marriage എന്ന് പറയുന്നത്. ഈ രീതിയിൽ വിവാഹം കഴിക്കുന്നവരുടെ ഇടയിലും വിവാഹമോചനങ്ങൾ കൂടുതലാണ്. ഇതിന് ഒരു പ്രധാന കാരണമായി തോന്നുന്നത് വിവാഹാർഥികളുടെ മാതാപിതാക്കൻമാർപോലും ക്രൈസ്തവ വിവാഹത്തിന്റെ യഥാർഥ ലക്ഷ്യമെന്താണെന്ന് മറന്നുവെന്നതാണ്.

സ്ത്രീധനം, കുടുംബമഹിമ, സാമ്പത്തികമുള്ള ജോലി, സൗന്ദര്യം ഇത്യാദി കാര്യങ്ങൾക്കാണ് Arranged Marriage-ൽ മുൻഗണന നൽകി വരുന്നത്. സമൂഹത്തിൽ പൊങ്ങച്ചം കാണിക്കാൻ ഒടുവിൽ ആർഭാടമായ വിവാഹ ചടങ്ങുകൾ നടത്തും. ചുരുക്കത്തിൽ ഈ Arranged Marriage എന്ന സമ്പ്രദായം വിവാഹത്തെ ഒരു കച്ചവടക്കമ്പോളമാക്കി മാറ്റി. ആ കമ്പോളത്തിലെ വിൽപന

**അഭ്യസ്തവിദ്യരായ പെൺകുട്ടികൾ വിവാഹിതരാകാതെ സിംഗിൾ ആയി ജീവിക്കാൻ താത്പര്യം കാണിക്കുന്നുവെന്നത് ഈ കാലഘട്ടത്തിൽ കൂടുതലായി കണ്ടുവരുന്നുണ്ട്. എന്തിനാണ് ഈ വയ്യാവേലി തോളത്തെടുത്ത് വയ്ക്കുന്നതെന്നാണ് ഇതിൽ പലരുടെയും അഭിപ്രായം.**

ച്ചരക്കുകളായി വിവാഹാർഥികളായ സ്ത്രീയും പുരുഷനും മാറി. ഉത്തരവാദിത്വത്തോടെ ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് മാതൃക കാണിക്കേണ്ട മാതാപിതാക്കൾതന്നെ ഈ കച്ചവടത്തിന് ചുക്കാൻ പിടിച്ചാൽ ഇതിൽപരം ദുർമാതൃക വേറൊന്നുണ്ടോ?

വിവാഹത്തിന്റെ ലക്ഷ്യവും കൗദാശികമാനങ്ങളും വിസ്മരിച്ചാൽ ദൈവം വിഭാവനം ചെയ്ത വിവാഹമായി മാറുകയില്ല. വിവാഹാർഥികൾ തമ്മിൽ ഒരു കരാറിലേർപ്പെട്ടു എന്നു പറയുന്നതാകും കൂടുതൽ ശരി. വിവാഹ ബന്ധത്തിന്റെ ശരിയായ അന്തസത്ത വിസ്മരിച്ചുകൊണ്ട് ബാഹ്യഘടകങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തി ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നതും വിവാഹം നടത്തുന്നതും ദൈവഹിതത്തിന് വിരുദ്ധമാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ കണ്ണിലൂടെ വിവാഹത്തെ നോക്കിക്കാണാൻ വിവാഹാർഥികളും കുടുംബാംഗങ്ങളും പരിശീലിക്കേണ്ടിയിരിക്കുന്നു.

ഇനി പ്രണയവിവാഹങ്ങളെപ്പറ്റി ചിന്തിക്കാം. Arranged Marriage നെ അപേക്ഷിച്ചു പ്രണയവിവാഹങ്ങൾ പൊതുവേ കുറവായിരുന്നു ക്രൈസ്തസമൂഹത്തിൽ. പ്രണയവിവാഹത്തിന്റെ തോത് ഈ കാലഘട്ടത്തിൽ കൂടിവരുന്നതായാണ് കാണുന്നത്. സ്കൂളിലോ കോളേജിലോ പഠിക്കുന്ന സമയത്തോ ജോലി ചെയ്യുന്ന സ്ഥലത്തുവച്ചോ പരിചയപെടുന്നവരെ പ്രണയിക്കുകയും വിവാഹത്തിലെത്തുകയും ചെയ്യുന്നതിനെയാണ് പൊതുവേ പ്രണയവിവാഹമായി പറയുന്നത്. സാമ്പത്തികമില്ലാത്ത ഒരു പെൺകുട്ടിയെ സാമ്പത്തിക ചുറ്റുപാടുള്ള ഒരു ആൺകുട്ടി Arranged Marriage സമ്പ്രദായത്തിലൂടെ വിവാഹം കഴിക്കുന്നതു പൊതുവേ നടക്കാത്ത  കാര്യമാണ്. പ്രണയവിവാഹങ്ങളിൽ മാത്രമാണ് അത്തരം അന്തരമുള്ളവർ തമ്മിൽ വിവാഹം നടക്കുവാൻ സാധ്യത. ആണിന്റെയും പെണ്ണിന്റെയും കുടുംബങ്ങൾ തമ്മിൽ ചേർന്ന് പോകുവാൻ വലിയ സാമ്പത്തിക സാംസ്കാരിക അന്തരങ്ങൾ ഇല്ലാത്തതാണ് നല്ലതെന്ന വാദമുണ്ട്.

പ്രണയം ഏതുസമയത്തും ആർക്കും ആരോടും തോന്നാൻ സാധ്യതയുള്ള ഒരു വികാരമായതിനാൽ അതിനെ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്ന് ഹൈസ്കൂളിലേക്ക് പ്രവേശിക്കുന്ന നാളുകളിലെങ്കിലും മാതാപിതാക്കന്മാരോ മതാധ്യാപകരോ കുട്ടികളുമായി സംവദിക്കേണ്ടതുണ്ട്. പ്രണയം തീർത്തും തെറ്റാണ് പാപമാണ് എന്നൊരു കാഴ്ചപ്പാട് കുട്ടികൾക്ക് നൽകാതിരിക്കുക. കാരണം, പ്രണയിച്ചു വിവാഹിതരായതിനുശേഷം  ക്രൈസ്തവമൂല്യങ്ങളിൽ കുടുംബം നയിക്കുകയും മക്കളെ വിശ്വാസത്തിൽ വളർത്തുകയും ചെയ്യുന്ന ദമ്പതികൾ നമ്മുടെ ഇടയിലുണ്ട്. വിവാഹത്തിന്റെ ലക്ഷ്യത്തെക്കുറിച്ചും അതിന്റെ കൗദാശിക മാനത്തെക്കുറിച്ചും ലൈംഗീക വിശുദ്ധിയെക്കുറിച്ചും ചെറുപ്പത്തിലേ കുട്ടികളെ നല്ലരീതിയിൽ പഠിപ്പിക്കുകയും മാതാപിതാക്കന്മാർ ജീവിച്ചുകാണിക്കുകയും വേണം. മക്കൾക്ക് പ്രണയമുണ്ടായാൽ അത് മാതാപിതാക്കന്മാരോട് തുറന്നു പറയാനുള്ള സ്വാതന്ത്ര്യം നമ്മുടെ ഭവനങ്ങളിൽ ഉണ്ടാകണം. വിവേകവും ഉത്തവാദിത്വവും ആത്മാഭിമാനബോധവുമുള്ള ഒരു കത്തോലിക്കനായി വളരാനാണ് മാതാപിതാക്കൾ മക്കളെ പരിശീലിപ്പിക്കേണ്ടത്. അങ്ങനെയുള്ള മക്കൾക്ക് ക്രിയാത്മകമായി എല്ലാകാര്യങ്ങളും നേരിടാൻ സാധിക്കും.

അപകടമാണോ അല്ലയോ എന്നറിയില്ല, അഭ്യസ്തവിദ്യരായ പെൺകുട്ടികൾ വിവാഹിതരാകാതെ സിംഗിൾ ആയി ജീവിക്കാൻ താത്പര്യം കാണിക്കുന്നുവെന്നത് ഈ കാലഘട്ടത്തിൽ കൂടുതലായി കണ്ടുവരുന്നുണ്ട്. എന്തിനാണ് ഈ വയ്യാവേലി തോളത്തെടുത്ത് വയ്ക്കുന്നതെന്നാണ് ഇതിൽ പലരുടെയും അഭിപ്രായം. കാരണം, വയ്യാവേലിയായി മാറുന്നതാണ് ഇവർ കണ്ടിട്ടുള്ള ദാമ്പത്യങ്ങൾ എന്നതുതന്നെ. ഇവരുടെ മാതാപിതാക്കളുടെയും ചുറ്റുമുള്ള മറ്റുള്ളവരുടെയും ദാമ്പത്യ ജീവിതം ആസ്വാദ്യകരവും അനുകരണീയവുമായി തോന്നുമ്പോഴല്ലേ അത് കണ്ടു വളർന്നുവരുന്ന പുതുതലമുറയ്ക്ക് കുടുംബജീവിതത്തിലേക്ക് പ്രവേശിക്കാൻ താത്പര്യമുണ്ടാവുക. അപ്പോൾ കുടുംബങ്ങളാണ് സമൂഹത്തിന്റെ കെട്ടുറപ്പ് എന്നിരിക്കെ, മാതാപിതാക്കൾക്കാണ് കൂടുതൽ ഗൗരവതരമായ ഉത്തരവാദിത്വമുള്ളത്.

പ്രായപൂർത്തിയായവർ അവർക്കു ഇഷ്ടപ്പെടുന്ന ആളെ തിരഞ്ഞെടുക്കട്ടെ, അതവരുടെ ചോയ്സല്ലേ? മാതാപിതാക്കന്മാരും സഭയും എന്തിനിടപെടണം എന്നു വാദിക്കുന്നവർ സമൂഹത്തിലുണ്ടല്ലോ. ഒരാളുടെ ചോയ്സുമായി ബന്ധപ്പെട്ട ഈ വാദഗതിയെ ഒന്ന് പരിശോധിക്കാം. ഒരാൾ ഒരുടുപ്പ് വാങ്ങുവാൻ കടയിൽ പോകുമ്പോൾ മനസ്സിലുള്ള ഇഷ്ടപ്പെട്ട നിറവും ഡിസൈനും വച്ച് സെലക്ട് ചെയ്തു ഒടുവിൽ തന്റെ പൊക്കത്തിനും വണ്ണത്തിനും യോജിക്കുന്ന ഉടുപ്പാണോയെന്ന് ഉറപ്പു വരുത്തും. കാഴ്ചയ്ക്കു എത്ര ഭംഗിയുള്ള ഉടുപ്പാണെങ്കിലും ഒരാളുടെ പൊക്കത്തിനോടും വണ്ണത്തിനോടും ചേരുന്നില്ലെങ്കിൽ അത് ഉപയോഗശൂന്യമാകും. ഇവിടെ ഒരാൾക്ക് ചോയ്സുള്ളത് തന്റെ ഉടുപ്പിന്റെ നിറത്തിനും ഡിസൈനും മാത്രമാണ്. ഉടുപ്പിന്റെ അളവിന് ചോയ്സില്ല. ഉടുപ്പിന്റെ അളവ് വിട്ടുവീഴ്ചചെയ്യാൻ സാധിക്കാത്ത ഘടകമാണ്. ഇതുപോലെ ക്രൈസ്തവ വിവാഹത്തിൽ വിട്ടുവീഴ്ചചെയ്യാൻ പാടില്ലാത്ത ഘടകമാണ് പങ്കാളിയുടെ ക്രിസ്തുവിലുള്ള വിശ്വാസവും വിവാഹത്തെക്കുറിച്ചുള്ള ബോധ്യങ്ങളും മാനസികമായ ഒരുക്കവും.

ഇന്ന് കൂദാശ സ്വീകരണങ്ങളെ  (മാമോദീസ, ആദ്യകുർബാന, സ്ഥൈര്യലേപനം, വിവാഹം) വെറും ആഘോഷമായോ ചടങ്ങായോ കാണുന്ന സ്ഥിതിവിശേഷമാണ് കണ്ടുവരുന്നത്. ആന്തരികമായ കാര്യങ്ങളെ തമസ്കരിച്ചു ബാഹ്യമായ ഘടകങ്ങൾക്കു മാത്രം പ്രാധാന്യം നൽകുന്നതാണ് ഇതിനുകാരണം. വിവാഹിതരാകാൻ തീരുമാനിക്കുന്ന ഓരോരുത്തരും വിവാഹത്തിന്റെ ലക്ഷ്യത്തെക്കുറിച്ചും കൗദാശിക മാനത്തെക്കുറിച്ചും ഉറച്ചബോധ്യമുള്ളവരാകുക മാത്രമാണ് ഈ പ്രശ്നത്തിന് പരിഹാരം.



## യുവ / മൈസ്റ്റോറി



വിൻസെന്റ് ജോസ്, എറണാകുളം

# യാത്രയിൽ കണ്ട കാഴ്ചകൾ

ജീവിതത്തിലേക്കുള്ള എന്റെയൊരു തിരിഞ്ഞുനോട്ടമാണിത്. പത്താം ക്ലാസ്സ് കഴിഞ്ഞുനിൽക്കുന്ന സമയം. ഞങ്ങൾ കൂട്ടുകാരോടൊപ്പം ദൈവവിളി ക്യാമ്പുകൾക്ക് പോകുമായിരുന്നു. കൂട്ടുകാരുമൊത്ത് ഫുഡ് അടിക്കാനാണ് ഞങ്ങൾ ക്യാമ്പുകൾക്ക് പോകുന്നതെന്ന് ഞങ്ങൾക്ക് മാത്രമറിയാവുന്നകാര്യം. ക്യാമ്പുകൾക്ക് പോകുന്ന വിവരം ഞങ്ങളുടെ വികാരിയച്ചൻ അറിഞ്ഞപ്പോൾ അച്ചനോട് പറയാൻ പാടില്ലായിരുന്നോയെന്ന് ഞങ്ങളോട് ചോദിച്ചു. തമാശയ്ക്കാണ് ഞങ്ങൾ പോയതെന്നു പറഞ്ഞിട്ടും അച്ചൻ ഞങ്ങളെ വെറുതെ വിട്ടില്ല. സെമിനാരിയിലേക്ക് കുട്ടികളെ പിടിക്കാൻ അച്ചന്മാർക്ക് ഒരു പ്രത്യേക കഴിവുണ്ടല്ലോ. എനിക്കുവേണ്ടി അച്ചൻ സംസാരിക്കുകയും സെമിനാരിയിലേക്ക് എന്നെ പറഞ്ഞു വിടുകയും ചെയ്തു. അവിടെ ക്യാമ്പോ മറ്റു ഓറിയന്റേഷൻ പരിപാടികളോ ഒന്നും അറ്റൻഡ് ചെയ്യാതെ തന്നെ നേരെ അഭിവന്ദ്യ പിതാവിന്റെ മുന്നിൽ അഡ്മിഷൻ കാര്യങ്ങൾക്കായി എന്നെ വിളിപ്പിച്ചു. അങ്ങനെ പിതാവിന്റെ രസകരമായ ചോദ്യങ്ങളും സംസാരങ്ങളും എല്ലാം കേട്ട് അഭിമുഖംകഴിഞ്ഞ് ഞാൻ സന്തോഷത്തോടെ വീട്ടിലെത്തി. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അഡ്മിഷൻ ശരിയായി എന്നറിയിച്ചു കൊണ്ട് കത്ത് വന്ന വിവരം വികാരിയച്ചൻ എന്നോട് അറിയിച്ചു.

സെമിനാരിയിലേക്ക് പോയതിനു ശേഷം തിരിച്ചു പോരുവാൻ പലവട്ടം ആഗ്രഹമുണ്ടായെങ്കിലും സാവധാനം ഞാനവിടെ സെറ്റാവുകയായിരുന്നു. സെമിനാരി എന്റെ ജീവനായി മാറി. രണ്ടാംവർഷം എത്തിയപ്പോൾ എന്റെ ലൈഫിൽ വളരെ കാര്യമായ മാറ്റങ്ങൾ വരുന്നത് ഞാൻ ശ്രദ്ധിച്ചു. കിടക്കാൻ ബെഡ് ഉപയോഗിച്ചിരുന്ന ഞാൻ ബെഡ് മാറ്റി വെറുമൊരു പായയിൽ കിടക്കാനും പിന്നീട് പായ മാറ്റി ഒരു ബെഡ്ഷീറ്റിൽ മാത്രം കിടക്കാനുമൊക്കെ തുടങ്ങി. അത്തരത്തിൽ ആത്മീയമായ സ്വയം പരിശീലനങ്ങളും ചിട്ടകളുമൊക്കെ ആ നാളുകളിൽ എന്നെ രൂപപ്പെടുത്തുകയായിരുന്നു. പ്രാർഥിക്കാനായിട്ടുള്ള എല്ലാ സൗകര്യങ്ങളും ചാപ്പലും കൂടാതെ കളികൾക്ക് കളി, നല്ല ഭക്ഷണം എല്ലാമുണ്ടായിരുന്നു. വെക്കേഷന് വീട്ടിൽ പോകാതെ സെമിനാരിയിൽ തന്നെ തുടരാൻ തക്ക രീതിയിൽ വളരെ താത്പര്യത്തോടെ ഞങ്ങൾ അവിടെ കഴിഞ്ഞു.

മൂന്നാം വർഷത്തിലേക്ക് പ്രവേശിച്ചപ്പോഴാണ് എന്റെ ദൈവവിളിയെ കുറിച്ച് ഞാൻ വളരെ ഗൗരവമായി ചിന്തിച്ചു തുടങ്ങിയത്. എക്സാമിന്റെ സമയത്ത് പൊളിറ്റിക്സ് വിഷയം വന്നപ്പോൾ ഭയങ്കര ടെൻഷനായി. മിക്കപ്പോഴും ചാപ്പലിലായിരുന്നു എന്റെ പ്രാർഥന. എന്ത് ടെൻഷൻ വന്നാലും നിരാശ വന്നാലും ചാപ്പൽ എനിക്ക് വലിയൊരു ആശ്വാസവും ആശ്രയവുമായിരുന്നു. എന്റെ ടെൻഷനും മറ്റും കണ്ടപ്പോൾ സ്പിരിചൽ ഫാദർ പറഞ്ഞു, പേടിക്കേണ്ട നിന്റെ സമയമായിട്ടില്ല, നീ ഭയപ്പെടേണ്ട കാര്യമൊന്നുമില്ല. ഒരു ധൈര്യത്തിനായി അച്ചനെന്നെ ഇങ്ങനെ പറഞ്ഞ് ആശ്വസിപ്പിച്ചു: പൊളിറ്റിക്സിന് പാസ്സാകുകയാണെങ്കിൽ നീ സെമിനാരിയിൽ തുടരുക. അല്ലെങ്കിൽ പിന്നെ നിനക്കിഷ്ടമുള്ളതുപോലെ ചെയ്യാം. അങ്ങനെ പൊളിറ്റിക്സ് പാസ്സായി സെമിനാരിയിൽ തുടരാനായി തീരുമാനിക്കുകയും ചെയ്തു.

പിന്നീടായിരുന്നു അപ്രതീക്ഷിതമായ മാറ്റങ്ങളുണ്ടായത്. ഡിഗ്രി പഠനത്തിനായി കോളേജിൽ പോയി തുടങ്ങിയപ്പോൾ അവിടെയുള്ള കോളേജ് ജീവിതവും എന്റെ ജീവിതത്തിലെ മറ്റെല്ലാ കാര്യങ്ങളും വച്ച് നോക്കിയപ്പോൾ സെമിനാരിയിൽ തുടരാൻ പറ്റുമോയെന്ന ആശങ്ക വളരെ സീരിയസായി ഉള്ളിൽ നിറഞ്ഞു. ഞാൻ വൈദികനാകുമോ, എനിക്കതിനുള്ള യോഗ്യതയുണ്ടോ, ഇനി ആയാലും ഇടയ്ക്കു നിറുത്തി തിരികെ പോകുമോയെന്നുള്ള ചിന്തകൾ ഇടയ്ക്കിടയ്ക്ക് ശക്തമായി ഉള്ളിൽ തോന്നാറുണ്ടായിരുന്നു. ഈ നാളുകളിൽ അത്തരം ചിന്തകൾ എന്തെന്നില്ലാത്ത ഒരാത്മസംഘർഷം എന്നിലുളവാക്കി. എന്റെയീ ചഞ്ചലപ്രകൃതിയുടെ ഗൗരവം മനസ്സിലാക്കിയ അച്ചൻ, ഞാനങ്ങനെ രണ്ടാംവർഷം ഡിഗ്രി പഠിച്ചുകൊണ്ടിരിക്കുന്ന സമയത്ത്, ഇവിടെ തുടരാനുള്ള ദൈവവിളി എനിക്കില്ലായെന്നും എനിക്ക് സെമിനാരിയിൽ നിന്ന് പോകാൻ പറ്റിയ സമയമാണിപ്പോഴെന്നും പറഞ്ഞ് എന്നെ പോകാൻ അനുവദിച്ചു. പുതിയൊരു വെളിച്ചം കിട്ടുന്നപോലെ എനിക്കുതോന്നി. വൈദികനാകാനുള്ള ദൈവവിളി തിരിച്ചറിയുക, അതിൽ നിലനിൽക്കാനാവുക അത്ര നിസ്സാരകാര്യമല്ല. ഈ കൃപ കിട്ടിയിട്ടുള്ളവർക്ക് ആ ജീവിതാന്തസ്സിലേക്ക് പ്രവേശിക്കാനും വളരാനും സജ്ജമായി മലർക്കെ തുറന്നു കിടക്കുകയാണ് സെമിനാരികളുടെ വാതിലുകൾ.

ശരിക്കുമൊരു യു ടേണായിരുന്നു അവിടം മുതൽ. അങ്ങനെയിരിക്കെയാണ് ആലുവയിലുള്ള ജീസസ് യൂത്ത് പരിപാടികളുമായി ബന്ധപ്പെടുന്നതും, പിന്നീട് ലീഡർഷിപ്പിലേക്ക് വരുന്നതും. ചില പള്ളികളിൽ അതിരാവിലെ കുർബാനയ്ക്ക് ചെല്ലാനും പ്രാർഥന ഗ്രൂപ്പുമായി ബന്ധപ്പെടാനുമൊക്കെ വിളിക്കുമ്പോൾ അവിടെയുള്ള കുട്ടികളുടെ പ്രതികരണം വലിയ ഇൻസ്പിരേഷനായിരുന്നു. ചേട്ടനെപോലുള്ള ആളുകളാണ് ഞങ്ങൾക്ക് മാതൃക, ചേട്ടനെ പോലെയാവാനും പ്രവർത്തിക്കാനുമൊക്കെ ഞങ്ങൾക്കാഗ്രഹമുണ്ട് എന്നൊക്കെ പറയുമ്പോൾ കൂടുതൽ എളിമയോടും




Photo by Nonresident on Unsplash

തീക്ഷ്ണതയോടെ കൂടി പ്രവർത്തിക്കാൻ അതൊക്കെ എനിക്ക് പ്രോത്സാഹനമായിരുന്നു. കുർബാനയിലും പ്രാർഥന കളിലുമൊക്കെ പങ്കെടുക്കുമ്പോൾ മറ്റുള്ള ആളുകൾ പറഞ്ഞിരുന്ന പ്രാർഥന നിയോഗങ്ങൾ ഓർത്തു പ്രാർഥിക്കാൻ ഞാൻ ശ്രദ്ധിക്കാറുണ്ടായിരുന്നു. എന്റെ ജീവിതം വഴി മറ്റുള്ളവർക്ക് നല്ലതുണ്ടാകണം എന്ന ചിന്തയാണ് ഇതിനെന്നെ  പ്രേരിപ്പിച്ചിരുന്നത്.

അങ്ങനെയിരിക്കുമ്പോഴാണ് ജീസസ്‌യൂത്ത് മൂവ്മെന്റിന്റെ അന്തർ ദേശീയ ഓഫീസിൽ മീഡിയായിൽ ആളെ ആവശ്യമുണ്ടെന്ന് അറി യുകയും അങ്ങോട്ടേക്ക് ഞാൻ ചെല്ലുന്നതും. പിന്നെ അവിടെ ജോലി യിൽ പ്രവേശിക്കുകയും അത് വലിയൊരു എക്സ്പീരിയൻസിനും വളർച്ചയ്ക്കുമൊക്കെ ഉപകാരപ്രദവുമായി. ഉത്തരവാദിത്വത്തോടെ കാര്യങ്ങളൊക്കെ ചെയ്യുവാനും പ്രാർഥിക്കുവാനും എന്നെ സഹായി ച്ചതും രൂപപ്പെടുത്തിയതും സെമിനാരിയിലെ എന്റെ കഴിഞ്ഞകാല ജീവിതാനുഭവങ്ങളായിരുന്നു.

മീഡിയയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനും ക്യാമറ ഉപയോഗിക്കാനുമൊക്കെ എനിക്ക് വലിയ ആഗ്രഹമായിരുന്നു. പക്ഷേ, സ്വന്തമായി അതൊന്നും ഞാൻ നേടിയിട്ടുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ ഞാൻ ജോലി ചെയ്യുന്ന സ്ഥലത്ത് ക്യാമറയും സ്റ്റുഡിയോയും ഒരുമി ച്ചുള്ള സ്ഥലമായതിനാൽ ഞാൻ ഏറെ സന്തോഷവാനാണ്. ജോലി യുമായി ബന്ധപ്പെട്ട് ഓരോ കാര്യങ്ങൾ ചെയ്യുമ്പോഴും അതെല്ലാം ക്രിസ്തുവിന്റെ നാമമഹത്വത്തിനു വേണ്ടിയാണെന്നും ദൈവരാജ്യ ത്തിന്റെ വളർച്ചയ്ക്കാണെന്നുമുള്ള സന്തോഷം എന്റെയുള്ളിലുണ്ട്. വരുന്ന നാളുകളിൽ ഈ മേഖലയിൽ ധാരാളം കാര്യങ്ങൾ ചെയ്യാനും വലിയ കാര്യങ്ങൾ ചെയ്യാനും സാധിക്കുമെന്നുള്ള പ്രത്യാശയോ ടെയാണ് ഞാൻ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്.

ജീസസ് യൂത്ത് മുന്നേറ്റത്തിലെ സൗഹൃദങ്ങളും കൂട്ടായ്മകളുമാണ് എന്നെ കൂടുതൽ സ്വാധീനിച്ചിട്ടുള്ളത്. ഏതാവശ്യങ്ങളിലും കൂടെ നിൽക്കാനും എനിക്ക് വേണ്ടി പ്രാർഥിക്കാനും ധൈര്യംപകർന്നു തരാനുമൊക്കെ സുഹൃത്തുക്കൾ ഉണ്ടാവുന്നത് എത്രയോ സൗഭാഗ്യ മാണ്. സൗഹൃദങ്ങളും അതു നൽകുന്ന വലിയൊരു ശക്തിയുമാണ് മുന്നേറ്റത്തിൽ ഞാൻ കാണുന്ന വലിയൊരത്ഭുതം. ഈ യാത്രയിൽ തിരിഞ്ഞു നോക്കുമ്പോൾ ഹൃദയത്തെ തൊടുന്നതായിരുന്നു കണ്ട കാഴ്ചകളെല്ലാം. നന്ദിയോടെ യാത്ര തുടരുകയാണ് ഇനിയുള്ള കാഴ്ചകൾക്കായ്.










# കെയ്റോസ് മാസികയുടെ വരിക്കാരും വായനക്കാരും അറിയാൻ

കെയ്റോസ് മാസികയോടുള്ള എല്ലാവരുടെയും ആത്മാർഥമായ സഹകരണത്തിനും പിന്തുണയ്ക്കും ആദ്യമേ നന്ദി പറയട്ടെ. മാസികയുടെ ഉള്ളടക്കത്തെയും അവതരണ രീതിയെയുംകുറിച്ചും വായനക്കാർ നൽകുന്ന നല്ല അഭിപ്രായങ്ങൾക്കും അഭിനന്ദനങ്ങൾക്കും നന്ദി.

മാസിക ലഭിക്കുവാനായി നേരിട്ട് അഡ്രസ് നൽകുമ്പോഴും വെബ്സൈറ്റിലൂടെ സബ്സ്ക്രൈബ് ചെയ്യുമ്പോഴും പോസ്റ്റോഫീസും പിൻകോഡും കൃത്യമായി നൽകാൻ ഓർക്കുമല്ലോ. ചെറിയ പിശക് പോലും മാസിക കിട്ടാതിരിക്കാൻ കാരണമായേക്കും. മെയിൽ ഐഡിയും ഫോൺ നമ്പറും കൂടി ഉണ്ടായാൽ തുടർന്നും ബന്ധപ്പെടാൻ എളുപ്പമാകും.

മാസിക കിട്ടുന്നില്ല എന്ന് കണ്ടാൽ നമ്മുടെതന്നെ പോസ്റ്റ് ഓഫീസിൽ ആദ്യമേ ഒന്നന്വേഷിക്കുന്നത് ഉചിതമായിരിക്കും. എന്നിട്ടും കിട്ടുന്നില്ലായെങ്കിൽ ഓഫീസിൽ വിളിച്ച് അറിയിച്ചാൽ തുടർനടപടികൾക്ക് എളുപ്പമാണ്. ചിലയിടങ്ങളിൽ മാസിക ലഭ്യമാകാത്ത വിവരം അറിയുന്നുണ്ട്. അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയാണിത്. എല്ലാവിധ സഹകരണവും പ്രാർഥനയും തുടർന്നും ഉണ്ടാകണമേയെന്നു അഭ്യർഥിക്കുന്നു.

ചീഫ് എഡിറ്റർ

# Congratulations and prayerful wishes to the new national team led by Justin P. J.







കാഴ്ച മങ്ങിയ സായാഹ്നം \ Photo by Vincent Jose, Ernakulam







ആന്റിജോയ് ഒളാട്ടുപുറത്ത്

# ഒരു തവണയെങ്കിലും



Photo by Andrik Langfield on Unsplash

എന്റെ ബാല്യകാലത്ത് ഞാൻ ബൈബിളിൽ നിന്നും വളരെ അകലെ മാറിയാണ് ജീവിച്ചിരുന്നത്. കാരണം പ്രധാനമായും, എന്റെ വീട്ടിൽ ബൈബിൾ പ്രതിഷ്ഠിച്ചിരുന്നത് ഉയർന്ന ഒരു സ്ഥലത്തായിരുന്നു, കുട്ടികൾ അതെടുത്ത് കളിക്കാൻ പാടില്ലായെന്ന കർശന നിർദേശം അമ്മൂമ്മ എല്ലാവർക്കും നൽകിയിരുന്നു. മാത്രമല്ല, വിശുദ്ധ ഗ്രന്ഥമായതുകൊണ്ട് എല്ലാവർക്കും അത് തൊടാൻപോലും അനുവാദമില്ലായിരുന്നു. കൗമാരകാലത്ത് ഒരു ഹോബി പുസ്തകവായനയായിരുന്നു. വളരെയധികം പുസ്തകങ്ങൾ ഞാൻ വായിച്ചു തള്ളിയിട്ടുണ്ട്. ചില പുസ്തകങ്ങളിലെ ഉള്ളടക്കം എന്നെ ബൈബിളിൽ നിന്നും ക്രിസ്തീയതയിൽ നിന്നും അകറ്റിയിട്ടുണ്ട്. മണ്ടന്മാരായ വിശ്വാസികൾക്കുള്ള, ഒരു ശാസ്ത്രീയതയും അവകാശപ്പെടാനില്ലാത്ത മനുഷ്യനിർമിത കഥ എന്നതായിരുന്നു അക്കാലത്തെ എന്റെ ബൈബിളിനെക്കുറിച്ചുള്ള സങ്കൽപം. ഇത്തരം ചിന്തകൾ എന്നിൽ വളരെ സ്വാധീനം ചെലുത്തിയിരുന്നു. ഞാൻ വളരെ നാണം കുണുങ്ങിയും മറ്റുള്ളവരെ അഭിമുഖീകരിക്കാൻ ബുദ്ധിമുട്ടുള്ളവനുമായിരുന്നു. വളരെ പാവപ്പെട്ട കുടുംബത്തിൽ നിന്നുള്ളവനായതു കൊണ്ടും, എന്റെ പേരു കൊണ്ടും ഞാൻ വളരെ അസ്വസ്ഥനായിരുന്നു. ആന്റിജോയ് എന്നത് സന്തോഷത്തിന് എതിര് എന്നെല്ലാം വിളിച്ച് കളിയാക്കിയിരുന്നത് എന്റെ മനസ്സിലുണ്ടാക്കിയ മുറിവുകൾ വളരെ വലുതായിരുന്നു.

**അപ്പോൾ എനിക്കുണ്ടായിരുന്ന ചിന്ത, 12 വർഷത്തോളം വിശ്വാസ പരിശീലനം ലഭിച്ച കത്തോലിക്കനായ എനിക്ക് ഒരു വചനം പോലും കൃത്യമായി പറയുവാൻ പറ്റുന്നില്ലല്ലോ എന്നതായിരുന്നു. ഇതെന്നിൽ ചെറിയ ഇച്ഛാഭംഗമുണ്ടാക്കി. ഒരു വചനമെങ്കിലും പഠിക്കണമെന്ന ചിന്ത അങ്ങനെ എന്നിലുയർന്നു.**

17-ാം വയസിൽ ഞാൻ ഷൊർണ്ണൂരുള്ള സർക്കാർ വക പോളിടെക്നിക്കിൽ ചേർന്നു. അവിടെയാണ് കേരളത്തിലെ ആകെയുള്ള പ്രിന്റിംഗ് ടെക്നോളജി പഠിപ്പിക്കുന്ന സ്ഥാപനവും. അതുകൊണ്ടു തന്നെ കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള നിരവധി പേർ അവിടെയുണ്ടായിരുന്നു. അവിടെ വച്ചാണ് ഞാൻ കേരളത്തിൽ മാത്രം കൈവിരലുകളിൽ എണ്ണാൻ പറ്റാത്ത വിധത്തിലുള്ള ക്രിസ്തീയ വിഭാഗങ്ങളുണ്ടെന്ന് മനസ്സിലാക്കിയത്!

ഹോസ്റ്റൽ സൗകര്യമില്ലാഞ്ഞതിനാൽ വീട് വാടകയ്ക്കെടുത്താണ് താമസിച്ചിരുന്നത്. അടുത്തടുത്തുള്ള രണ്ടു വീടുകളിലായി ഞാനടക്കം 12 പേരാണ് ഉണ്ടായിരുന്നത്. അതിൽ 3 കത്തോലിക്കരും 2 ഹിന്ദുക്കളും ബാക്കി 7 പേരും വിവിധ അകത്തോലിക്ക വിഭാഗങ്ങളിൽ പെട്ടവരുമായിരുന്നു. അവരാകട്ടെ ബൈബിൾ വചനങ്ങൾ കാണാപാഠം പഠിച്ചവരുമായിരുന്നു. വെറുതെ വർത്തമാനം പറഞ്ഞു കൊണ്ടിരിക്കുമ്പോൾ പോലും അവർ വചനം പറയുമായിരുന്നു. അപ്പോൾ എനിക്കുണ്ടായിരുന്ന ചിന്ത, 12 വർഷത്തോളം വിശ്വാസപരിശീലനം ലഭിച്ച കത്തോലിക്കനായ എനിക്ക് ഒരു വചനം പോലും കൃത്യമായി പറയുവാൻ പറ്റുന്നില്ലല്ലോ എന്നതായിരുന്നു. ഇതെന്നിൽ ചെറിയ ഇച്ഛാഭംഗം ഉണ്ടാക്കി. ഒരു വചനമെങ്കിലും പഠിക്കണമെന്ന ചിന്ത എന്നിലുയർന്നു. എന്റെ കൂടെയുണ്ടായിരുന്ന തോമസ് എന്ന ബ്രദറൺ സഭാംഗത്തിന്റെ ബൈബിൾ എടുത്ത് ഞാൻ വചനം കാണാപാഠം പഠിക്കാൻ തുടങ്ങി. സങ്കീർത്തനം 23 മുഴുവനായി ഞാൻ പഠിച്ചു. തുടർന്ന് 91, 121 സങ്കീർത്തനങ്ങൾ ഞാൻ മനഃപാഠമാക്കി. ഇന്നും എന്റെ ദൈനംദിന പ്രാർഥനയിൽ ഈ മൂന്നു സങ്കീർത്തനങ്ങൾ ഞാൻ ചൊല്ലാറുണ്ട്.

അപ്പോഴാണ് എനിക്ക് പുതിയ ചിന്ത വന്നത്. എന്തുകൊണ്ട് ബൈബിൾ പൂർണമായും വായിച്ചു കൂടായെന്ന്. എന്റെ അകത്തോലിക്കാ സുഹൃത്തുക്കൾ ബൈബിൾ പൂർണമായും വായിച്ചിട്ടില്ലായെന്നും അവർ അവർക്കാവശ്യമുള്ള വചനങ്ങൾ മാത്രമാണ് പഠിച്ചിട്ടുള്ള തെന്നും ഞാൻ സാവധാനം മനസ്സിലാക്കി. അതുകൊണ്ട് അവരോടൊന്നും പറയാതെ തന്നെ ഉത്പത്തി മുതൽ വായിച്ചു തുടങ്ങി. എന്നാൽ, എനിക്കത് പൂർത്തിയാക്കാൻ ഏകദേശം രണ്ടു വർഷമെടുത്തു. 1993ലാണ് എന്റെ ആദ്യത്തെ സംപൂർണ ബൈബിൾ വായന പൂർത്തിയാക്കിയത്.

ആ വായനയിൽ ചില ബൈബിൾ വചന ങ്ങൾ എന്റെയുള്ളിൽ തട്ടുകയുണ്ടായി. "രണ്ടു കാര്യങ്ങൾ ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു; മരണംവരെ എനിക്ക് അവ നിഷേധിക്കരുതേ, അസത്യവും വ്യാജവും എന്നിൽ നിന്ന് അകറ്റി നിറുത്ത ണമേ; ദാരിദ്ര്യമോ സമൃദ്ധിയോ എനിക്ക് തരരുതേ; ആവശ്യത്തിന് ആഹാരം തന്ന് എന്നെ പോറ്റണമേ. ഞാൻ സമൃദ്ധിയിൽ അങ്ങയെ അവഗണിക്കുകയും കർത്താവ് ആര് എന്നു ചോദിക്കുകയും ചെയ്തേ ക്കാം; ദാരിദ്ര്യം കൊണ്ടു മോഷ്ടിച്ച് ദൈവനാമത്തെ നിന്ദിക്കുകയും ചെയ് തേക്കാം" (സുഭാ 30,7-9). ഞാൻ ഇന്നും ഈ വചനം എന്റെ വ്യക്തിപരമായ പ്രാർഥനയിൽ ഉൾപ്പെടുത്തുകയും ദൈവത്തിന്റെ പരിപാലന ദൈനംദിനം അനുഭവിക്കു കയും ചെയ്തുവരുകയാണ്.

> **ഒരു പ്രാവശ്യമെങ്കിലും ബൈബിൾ വായിച്ചു തീർക്കുവാൻ കഴിയുമല്ലോ എന്നുള്ള ചിന്ത എന്നിലുടലെടുത്തു. അത് ഒരു പ്രാവശ്യം ചെയ്തപ്പോൾ തന്നെ ഞാൻ വിജയിക്കുകയും ദൈവകൃപയാൽ അതു പിന്നീട് എല്ലാ വർഷങ്ങളിലും മുടങ്ങാതെ തുടർന്നു പോരുകയും ചെയ്യുന്നു.**

അതൊടൊപ്പം തന്നെ ദൈവവചനത്തിൽ സാവധാനം എനിക്കു പൂർണവിശ്വാസം കൈവന്നു. ഞാൻ അമൂല്യനാണ്, എന്റെ പേര് ദൈവത്തിന്റെ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരി ക്കുന്നു, വേറെ ഒരാൾ പോലും എന്നെപ്പോലെയില്ല - എന്റെ കണ്ണുകളും കൈരേഖകളും ലോകത്തിലെ വേറൊരാൾക്കും ഇല്ല എന്നതും എന്റെ കണ്ണുകൾ തുറന്നു - അതായത് ദൈവത്തിന് ഞാൻ പ്രത്യേകതയുള്ളവനാണ് - എന്റെ പേരുപോലും വേറെയാർക്കും ലോകത്ത് ഇല്ലായെന്നതും ഞാൻ മനസ്സിലാക്കി.


## ജീസസ് യൂത്തും വചന വായനയും

2007-ൽ ദുബായിൽ വച്ചാണ് ഞാൻ ജീസസ് യൂത്തിലെത്തുന്നത്. 2010 മുതലാണ് ദുബായ് ജീസസ് യൂത്തിന്റെ മലയാളത്തിലെ വാർത്താ പത്രികയായ തൂലികയുടെ പത്രാധിപരായി ചുമതലയേൽക്കുന്നത്. അതിനോടു ബന്ധപ്പെട്ട് ഒരിക്കൽ ഒരഭിമുഖം നടത്തിയത് 9 വയ സ്സുള്ള ക്രിസ്റ്റോ എന്ന കുട്ടിയുമായിട്ടായിരുന്നു. വെറും മൂന്നു മാസം കൊണ്ട് ക്രിസ്റ്റോ ബൈബിൾ മുഴുവനായി വായിച്ചിരുന്നു. ഇത് എന്റെയുള്ളിൽ കൊണ്ടു. കാരണം 1993-നു ശേഷം ഞാൻ സമ്പൂർണമായി ബൈബിൾ വായിച്ചിരുന്നില്ല. ആ കുട്ടിയുടെ പ്രയത്നം എന്നെ ഒരിക്കൽക്കൂടി വെല്ലുവിളിച്ചു. ഏകദേശം ആ സമയത്തു തന്നെയായിരുന്നു വത്തിക്കാനിൽ പാപ്പയുടെ നേതൃത്വത്തിൽ സമ്പൂർണ ബൈബിൾ പാരായണം നടന്നത്. അതിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ദുബായിലെ ജീസസ് യൂത്ത് അംഗങ്ങൾ ഒരു ബൈബിൾ പാരായണം സംഘടിപ്പിച്ചു. എനിക്കും അതിൽ ഭാഗമാകുവാൻ കഴിഞ്ഞു. ഏകദേശം 92-96 മണിക്കൂറുകളാണ് അതിനെടുത്തത്. ഇതും എന്നെ ചിന്തിപ്പിച്ചു. ഓരോ ദിവസവും എത്രയോ മണിക്കൂറുകൾ നാം വെറുതെ കളയുന്നു, അതിൽ 15-20 മിനിറ്റു കൾ നാം ബൈബിൾ വായിക്കുവാൻ ചിലവഴിക്കുകയാണെങ്കിൽ ഒരു വർഷം കൊണ്ട് ഒരു പ്രാവശ്യമെങ്കിലും ബൈബിൾ വായിച്ചു തീർക്കുവാൻ കഴിയുമല്ലോ എന്നുള്ള ചിന്ത എന്നിലുടലെടുത്തു. അത് ഒരു പ്രാവശ്യം ചെയ്തപ്പോൾ തന്നെ ഞാൻ വിജയിക്കുകയും ദൈവകൃപയാൽ അതു പിന്നീട് എല്ലാ വർഷവും തുടർന്നു പോരുകയും ചെയ്യുന്നു.

2016-ലാണ് ഞാൻ ജീസസ് യൂത്തിന്റെ പരിശീലന പരിപാടിയായ പോൾ കോഴ്സിൽ എത്തുന്നത്. അതിലെ ആദ്യ സെഷൻ ദൈവവചനത്തെക്കുറിച്ചായിരുന്നു. ആ കോഴ്സും

എന്നെ വചനത്തെ കൂടുതൽ സ്നേഹിക്കുവാനും കുറച്ചു കൂടി ആഴത്തിൽ മനസ്സിലാക്കി വായിക്കുവാനും പ്രാപ്തനാക്കി. മുടക്കം കൂടാതെ ദിവസവും വചനം വായിക്കുമെന്നുള്ള തീരുമാനം ഞാനെടുത്തു. രാവിലെ വായിക്കുവാൻ സാധിച്ചില്ലെങ്കിൽ രാത്രി എത്ര വൈകിയാലും വചനം വായിച്ചിട്ടു മാത്രമേ ഉറങ്ങുകയുള്ളൂ എന്നായി ആ തീരുമാനം. ഇന്നും അതു തുടർന്നു പോകുന്നു.

എന്റെ ആ ചെറിയ തീരുമാനത്തിലൂടെ എന്റെ കുടുംബത്തിലും മാറ്റങ്ങൾ സംഭവിക്കുന്നതു ഞാൻ കണ്ടു. എന്റെ പോൾ കോഴ്സിനു ശേഷം ഭാര്യയും മൂന്നു മക്കളും കൂടി അവിടെയടുത്തുള്ള ഒരു തീർഥാടന കേന്ദ്രം സന്ദർശിക്കുകയായിരുന്നു. എന്റെ രണ്ടാമത്തെ മകൻ (ആ സമയത്ത് 7 വയസ്സ്) അവന് ഒരു ബൈബിൾ വേണമെന്ന് പറഞ്ഞു. എന്നാൽ, അവന് വാക്കുകൾ കൂട്ടി വായിക്കുവാൻ സാധിക്കില്ലാത്തതു കൊണ്ട് ഭാര്യ നിരുത്സാഹപ്പെടുത്തി. പക്ഷേ, അവന്റെ ശാഠ്യം മൂലം ഒരു ബൈബിൾ അവന് വാങ്ങിക്കൊടുത്തു. അതു കണ്ടപ്പോൾ ഏറ്റവും ഇളയവൾ (ആ സമയത്ത് 3 വയസ്സ്) അവൾക്കും ഒരു ബൈബിൾ വാങ്ങിക്കൊടുക്കണമെന്ന് ശാഠ്യം പിടിച്ചു. അവസാനം രണ്ടു പേർക്കും ബൈബിൾ വാങ്ങിക്കൊടുത്തു. വൈകുന്നേരങ്ങളിലെ കുടുംബ പ്രാർഥനയ്ക്കു ശേഷം രണ്ടാമത്തെ മകൻ വാക്കുകൾ പെറുക്കി പെറുക്കി മത്തായിയുടെ സുവിശേഷം കഷ്ടപ്പെട്ട് വായിച്ചു തുടങ്ങി. ഇളയവളാകട്ടെ ബൈബിളെടുത്ത് വായിക്കുന്നതു പോലെ അഭിനയിക്കും. അവസാനം അവൾക്കു വേണ്ടി ഭാര്യ ഒരു ഖണ്ഡിക വായിച്ചു കൊടുക്കുവാൻ തുടങ്ങി. ഇതെല്ലാം കണ്ട് എന്റെ മൂത്ത മകനും (ആ സമയത്ത് 12 വയസ്സ്) ഉത്പത്തി മുതൽ വായിക്കുവാൻ തുടങ്ങി. രണ്ടു വർഷം കഴിഞ്ഞ് തിരിഞ്ഞു നോക്കുമ്പോൾ ഞാൻ ദൈവത്തിന് നന്ദി പറയുന്നു. കാരണം മൂത്ത മകൻ ഏകദേശം 25-നു മുകളിൽ ബൈബിൾ വചനങ്ങളും രണ്ടാമത്തെ മകൻ ഏകദേശം 102 ഓളം വചനങ്ങളും മനഃപാഠമാക്കിയിരിക്കുന്നു. മാത്രമല്ല അവന് മത്തായിയുടെ സുവിശേഷത്തിലെ യേശുക്രിസ്തുവിന്റെ വംശാവലി കൃത്യമായി പറയുവാനുമറിയാം. മകളാകട്ടെ മൂന്നു വചനങ്ങളും ബൈബിളിലെ 73 പുസ്തകങ്ങളുടെ പേരുകളും ക്രമത്തിൽ പറയുവാനും സാധിക്കുന്നു.



## സമ്പൂർണ ബൈബിൾ വായന, പഠനം

എല്ലാ വർഷവും ഞാൻ വാർഷികാവധിക്ക് പോയി തിരിച്ചു വരുമ്പോൾ മുതൽ അടുത്ത അവധിക്ക് പോകുന്നതിനു മുമ്പു തന്നെ ബൈബിൾ പൂർണമായി വായിക്കുവാൻ തീരുമാനമെടുക്കുന്നു. മലയാളം ബൈബിളിൽ ഏകദേശം 1800 പേജുകളാണുള്ളത്. അടുത്ത അവധിക്ക് എത്ര ദിവസങ്ങളുണ്ടെന്ന് കണക്കാക്കി അവകൊണ്ട് 1800 പേജുകളെ ഹരിക്കുന്നു. അപ്പോൾ എനിക്ക് ഒരു ദിവസം എത്ര പേജുകൾ വായിച്ചാൽ അടുത്ത അവധിക്കു പോകുന്നതിനു മുമ്പായി ബൈബിൾ വായിച്ചു തീർക്കുവാൻ കഴിയുമെന്നുള്ള ഏകദേശ കണക്ക് ലഭിക്കുന്നു. അതനുസരിച്ച് ഉത്പത്തി മുതൽ വായിച്ചു തുടങ്ങുന്നു. ഞാൻ ഏകദേശം 6-8 പേജുകളാണ് ദിവസവും വായിക്കുന്നത്.

വചനം പഠിക്കുവാൻ ചെറിയ കാര്യമാണ് ഞാൻ ഉപയോഗിക്കുന്നത്. പഠിക്കേണ്ട വചനം ഒരു ചെറിയ കടലാസിൽ എഴുതി പോക്കറ്റിൽ വയ്ക്കുന്നു. ജോലിക്കിടയിലും, യാത്രകളിലും അത് ഇടക്കിടക്ക് വായിക്കുന്നു. രാത്രിയാകുമ്പോഴേക്കും ആ വചനം ഹൃദിസ്ഥമായിരിക്കും. അത് ഒരു ബോക്സിൽ ഇട്ടു വയ്ക്കുന്നു. ആഴ്ചയുടെ അവസാനം ഓരോ പേപ്പറും എടുത്തു നോക്കുമ്പോഴും ആ വചനം മനസ്സിലേക്ക് തനിയെ വരും. പൊതുവായി പറഞ്ഞാൽ ഒരു വചനം പഠിക്കണമെന്ന് ഉദ്ദേശിച്ചാൽ അത് 40 തവണ ആവർത്തിക്കുക. അത് നമ്മുടെ മനസ്സിൽ പതിയും.

അവസാനമായി, എന്റെ എല്ലാ യുവസുഹൃത്തുക്കളെയും ബൈബിൾ ഒരു പ്രാവശ്യമെങ്കിലും വായിക്കുവാനായി ക്ഷണിക്കുന്നു. നമ്മുടെ ജീവിതം എത്രത്തോളം ഉണ്ടെന്നുള്ളത് നമുക്കാർക്കുമറിയില്ല. ക്ഷണികമായ ഈ ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും ബൈബിൾ പൂർണമായി വായിക്കുക. ഒരു പുസ്തകമായിട്ടോ, ഒരു കഥയായോ, ഒരു ചരിത്ര പുസ്തകമായോ എന്തായിട്ടാണെങ്കിലും. കാരണം ഇത് ദൈവത്തിന്റെ കഥയാണ് (HIS-Story). ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.




# ന്യൂസ് ഹൈലൈറ്റ്സ്

കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായത് ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.

## മക്കളെ വളർത്തി വിശുദ്ധരായ പത്ത് അമ്മമാർ

വിശുദ്ധരെന്നു കേൾക്കുമ്പോൾ സന്യസ്തരായ വ്യക്തികളെപ്പറ്റിയാണ് ആദ്യം നമ്മുടെ മനസ്സിലേക്കു കടന്നുവരുന്നത്. എന്നാൽ, ഏതു ജീവിതാന്തസിലുള്ളവരും വിശുദ്ധരായിട്ടുണ്ട്. തങ്ങളുടെ മക്കളെ വളർത്തി വലുതാക്കിയ പത്ത് അമ്മമാരെപ്പറ്റിയുള്ള ലേഖനം വായിക്കുന്നത് വലിയ ആത്മീയാനുഭവം നമുക്കു പ്രദാനം ചെയ്യും. മാതൃത്വത്തിന്റെ മഹനീയതയെ ലോകം ഏറെ വിലമതിക്കുന്ന ഒന്നാണ്. അതിന്റെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവഹിച്ച് വിശുദ്ധരായ 10 അമ്മമാരെപ്പറ്റിയുള്ള വിവരണം നൽകിയത് ഓൺലൈൻ പത്രമായ പ്രവാചകശബ്ദമാണ് (11/05/2022).






## മാനസിക സമ്മർദത്തിൽ നിന്നു രക്ഷ നേടാൻ

ഇന്ന് ഗണ്യമായവിഭാഗം ജനങ്ങളും ഏതെങ്കിലും തരത്തിലുള്ള മാനസിക സമ്മർദത്തിനടിമയാണെന്നു പറയപ്പെടുന്നു. എന്നാൽ, ഇത്തരം പ്രശ്നങ്ങളുള്ളവർക്ക് സ്വർഗത്തിൽ ഒരു മധ്യസ്ഥയുണ്ട്. അത്ഭുത പ്രവർത്തകയായ വി. ഡിംഫനായാണ് (St.Dymphna) ഈ വിശുദ്ധ. മാനസിക വ്യഥകളും പ്രശ്നങ്ങളും ഡിംഫനാ പുണ്യവതിയുടെ മധ്യസ്ഥതയിൽ ദൈവസന്നിധിയിലേക്കു സമർപ്പിച്ചാൽ അത്ഭുതസൗഖ്യമുണ്ടാകുമെന്ന് അനുഭവസ്ഥർ പറയുന്നു. ഇന്നത്തെ ലോകത്തിന് ഏറ്റവും ആവശ്യമായ ഒരു പുണ്യവതിയാണ് വി. ഡിംഫനാ.

## ചാനലുകൾ കാണാത്ത കന്യാസ്ത്രീ നന്മകൾ

ഇരിങ്ങാലക്കുട സിഎംസി പ്രൊവിൻസിലെ കന്യാസ്ത്രീകൾ ഈയടുത്ത നാളിൽ 15 ഭവനരഹിതർക്ക് വീടുകൾ നിർമിച്ചു കൊടുത്തു. വാർത്താ മാധ്യമങ്ങൾ അതു കണ്ടില്ല. മഠങ്ങളിൽ ഒരു കന്യാസ്ത്രീ മരിച്ചാൽ മരണം സംശയാസ്പദമാണെന്നു കൊട്ടിഘോഷിക്കാൻ എത്രയോ പേരുണ്ട്! മിച്ചംവച്ച ധനത്തിൽ നിന്നല്ല ഇത്രയധികം വീടുകൾ ഉണ്ടാക്കിക്കൊടുത്തത്. ഭക്ഷണം കുറച്ചിട്ടാണ് തുക സമാഹരിച്ചത്. ഇക്കാര്യം ചൂണ്ടിക്കാണിക്കാൻ കാരണം, സമൂഹമാധ്യമങ്ങളിലും വാർത്താ മാധ്യമങ്ങളിലും സന്യസ്തർക്കെതിരേയുള്ള വാർത്തകൾ മാത്രം നിറഞ്ഞിരിക്കുന്നതിനാലാണ്. സന്യസ്തരുടെ ശ്ലാഘനീയമായ ഒട്ടനേകം കാരുണ്യ പ്രവൃത്തികളും ഏവരും അറിയുന്നത് പുതു തലമുറയിൽപെട്ടവർക്ക് അനുകൂല മനോഭാവം രൂപപ്പെടുത്താൻ സഹായകമാണ്. ബേത്‌ലെഹേം ടിവിയാണ് ഇതു സംബന്ധിച്ച വാർത്ത പുറത്തുവിട്ടത്.

## അസുഖം മാറാൻ ദൈവത്തോട് പ്രാർഥിക്കാത്ത ഒരു പെൺകുട്ടി

ശാലോം ടിവി പ്രക്ഷേപണം ചെയ്ത ആൽഫി എന്ന യുവതിയുടെ ജീവിതകഥ ദുരിതങ്ങൾ വരുമ്പോൾ സങ്കടപ്പെടുന്നവർക്ക് വലിയ ആശ്വാസം പ്രദാനം ചെയ്യും. ചെറുപ്പം മുതൽ കൂടെയുള്ള അരിവാൾ രോഗം എന്ന മാരക വിപത്തുമായി ജീവിച്ചിട്ടും ആരെയും കുറ്റം പറയാതെയും നിരാശപ്പെടാതെയും എല്ലാ സഹനങ്ങളും ദൈവത്തിനു സമർപ്പിച്ച് മറ്റുള്ളവർക്ക് സന്തോഷം പകർന്നു നൽകി മുന്നോട്ടു ജീവിക്കുന്നു. എന്തെങ്കിലും ചെറിയ സഹനങ്ങൾ വരുമ്പോൾ നിരാശപ്പെടുന്നവർ ആൽഫിയുടെ ജീവിതം കണ്ടു പഠിക്കണം.

https://www.youtube.com/watch?v=urvHSZotrLo






# അമ്മമാരാകുന്നവർ ഇവരെ മനസ്സിലാക്കുക

മിക്കപ്പോഴും അമ്മമാർക്കാണ് കൂടുതൽ സ്വാധീനമുണ്ടാകുന്നത്. അതിനാൽ അമ്മമാരുടെ ദൗത്യം വളരെ വലുതാണ്. മൂല്യങ്ങൾ കൈവശമുള്ള ഒരു തലമുറ വളർന്നു വരുന്നതിന് അമ്മമാർ പരിശ്രമിച്ചേ മതിയാകൂ. വിശുദ്ധരായ നാല് അമ്മമാരുടെ ജീവചരിത്രം നല്ല അമ്മയാകാനാഗ്രഹിക്കുന്ന പെൺകുട്ടികൾ പഠിച്ചിരിക്കണം. വി. അഗസ്തീനോസിന്റെ അമ്മയായ വി. മോനിക്കയുടെ ജീവിതം മക്കളുടെ വിശുദ്ധീകരണത്തിന് എത്രമാത്രം ത്യാഗങ്ങളും പ്രാർഥനയും ആവശ്യമാണെന്നു നമ്മെ പഠിപ്പിക്കുന്നു.

രക്തസാക്ഷികളായ ഏഴു മക്കളുടെ അമ്മയാണ് വി. ഫെലിസിറ്റ. മക്കളെ ആത്മീയമായി വളർത്താനും വേണ്ടിവന്നാൽ ദൈവത്തിനു വേണ്ടി മരിക്കാനും ശക്തരാക്കിയ അമ്മയാണ് വി. ഫെലിസിറ്റ. അതുപോലെ മക്കളെയും ഭർത്താവിനെയും വിശുദ്ധരാക്കുന്നതിൽ മുഖ്യപങ്കു വഹിച്ച വിശുദ്ധയാണ് സെലിൻ ഗ്വെരിൻ. വി. കൊച്ചുത്രേസ്യയുടെ അമ്മയായ സെലിന്റെ ജീവിതരീതി ഏതൊരമ്മയും അനുകരിക്കണം. വി. ഡോൺ ബോസ്കോയുടെ അമ്മയായ മമ്മാ മാർഗരിറ്റിന്റെ ജീവിതവും ഏറെ പ്രചോദനാത്മകമാണ്. മമ്മാ മാർഗരറ്റ് ധന്യപദവിയിലെത്തി നിൽക്കുന്നു.

കുടുംബജീവിതത്തിൽ സ്വർഗത്തിനു യോജിച്ചവിധം പ്രവർത്തിക്കാൻ ഇത്തരം വിശുദ്ധരായ അമ്മമാരുടെ ജീവചരിത്രവും വലിയ ഉത്തേജനമാണു നൽകുന്നത്. ഓൺലൈൻ പത്രമായ മരിയൻ പത്രത്തിൽ (മേയ് 9, 2022) ഇവരെപ്പറ്റി ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ട്.

# ദാനിയേലിന്റെ മാതൃക യുവജനങ്ങൾ മനസ്സിലാക്കുക


ദാനിയേൽ പ്രവാചകന്റെ ജീവിതത്തെ യുവജനങ്ങൾ അടുത്തറിയണം. രാജാവിന്റെ കൊട്ടാരത്തിലെ വിരുന്നും വീഞ്ഞുമൊന്നും ദാനിയേൽ സ്വീകരിച്ചില്ല. യുവാവായ ദാനിയേൽ 'നോ' പറയേണ്ടിടത്ത് 'നോ' പറഞ്ഞു. ദൈവം ഇഷ്ടപ്പെടാത്തതൊന്നും ദാനിയേൽ ചെയ്തില്ല. ഷെക്കെയ്ന ടിവിയിൽ വന്ന 'ഒരു മിനുട്ട് സ്പിരിചൽ ടിപ്പിൽ' വളരെ മനോഹരമായി ഈ വിഷയം അവതരിപ്പിച്ചിരിക്കുന്നു. 'നോ' പറയേണ്ടിടത്ത് 'യെസ്' പറയുന്നതാണ് പലരുടെയും തകർച്ചയ്ക്കു നിദാനം. ദാനിയേൽ പ്രവാചകൻ തന്റെ ജീവിതത്തിലൂടെ നമുക്കു കാണിച്ചു തന്ന ഈ മാതൃക എല്ലാവർക്കും അനുകരിക്കാം. അങ്ങനെ ക്രിസ്തുവിനോടു കൂടുതൽ ചേർന്നു നിൽക്കാം.



# വധശിക്ഷ കിട്ടിയാലും ക്രിസ്തുവിനെ തള്ളിപ്പറയില്ല

വ്യാജ മതനിന്ദാ കുറ്റം ചുമത്തപ്പെട്ട് ജയിലിൽ ശാരീരിക, മാനസിക പീഡനങ്ങൾക്കു വിധേയയാകുമ്പോഴും വിശ്വാസത്തെ തള്ളിപ്പറയാത്ത പാക്കിസ്ഥാൻ വീട്ടമ്മ ഇപ്പോൾ അനേകർക്ക് വിശ്വാസത്തിന്റെ ദൃഢത വെളിപ്പെടുത്തുന്നു. ഷാഗുഫ്ത കൗസർ എന്ന ഈ വനിത 2013-ലാണ് ഭർത്താവിനോടൊപ്പം ജയിലിലടയ്ക്കപ്പെട്ടത്. 2021 ജൂണിൽ ലാഹോർ ഹൈക്കോടതി ഇവരെ കുറ്റവിമുക്തയാക്കി. ജയിലിലെ ക്രൂരമായ പീഡനങ്ങൾക്കിടയിലും പതറാതെ വിശ്വാസത്തെ കാത്തു. മതം മാറിയാൽ വിട്ടയയ്ക്കാമെന്ന് അധികൃതർ പറഞ്ഞെങ്കിലും തൂക്കിലേറ്റപ്പെട്ടാലും തന്റെ വിശ്വാസത്തെ തള്ളിപ്പറയില്ലെന്ന് അവർ വ്യക്തമാക്കി. സൺഡേ ശാലോം ഓൺലൈൻ ചാനലിൽ മേയ് 10-ന് ഇവരുടെ കഥ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# ജീസസ് യൂത്ത് വിചിന്തനം



കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്.
ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു

(ലൂക്കാ 4, 18)

മരുഭൂമിയിലെ പരീക്ഷയ്ക്കു ശേഷം തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ഏശയ്യാ പ്രവാചകനെ ഉദ്ധരിച്ചുകൊണ്ട് യേശു പറഞ്ഞു: "കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്". ഇക്കൊല്ലത്തെ പന്തക്കുസ്താ തിരുനാളിന് ഒരുങ്ങുമ്പോൾ 'കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്' എന്ന ബോധ്യം നമ്മെ എത്രമാത്രം നയിക്കുന്നുവെന്നു പരിശോധിക്കാം. ഈ ബോധ്യമാണ് നാം ആരാണെന്നും നമ്മുടെ വിളി എന്താണെന്നുമുള്ള സുനിശ്ചിതത്വം നൽകുന്നത്.

ദൈവാത്മാവിന്റെ സാന്നിധ്യം നമ്മെ പ്രധാനമായും പ്രചോദിപ്പിക്കുന്നത് എന്തിനായിരിക്കും? യേശുവിലൂടെ മാത്രമുള്ള രക്ഷ ലോകത്തോട് ഉദ്ഘോഷിക്കാൻ തന്നെ.

കർത്താവിന്റെ ആത്മാവ് യേശുവിൽ നിറഞ്ഞത് പ്രധാനമായും ദരിദ്രരെ സുവിശേഷമറിയിക്കാൻ വേണ്ടിയാണ്. തിരികെ നൽകാൻ ഇല്ലാത്തവരിലേക്ക്, അധികമൊന്നും അവകാശപ്പെടാനില്ലാത്തവരിലേക്ക്, ബന്ധിതരും അടിച്ചമർത്തപ്പെട്ടവരും അന്ധരുമായവരിലേക്ക് ശുശ്രൂഷയുടെ വാതിൽ തുറന്നിടാൻ കർത്താവിന്റെ ആത്മാവ് നമ്മെ പ്രേരിപ്പിക്കുന്നു. സമ്പത്തും കഴിവുമൊക്കെയുള്ള മനുഷ്യർക്ക് ശുശ്രൂഷ ചെയ്യാൻ ഒരുപക്ഷേ നമ്മുടെ സ്വാർഥതയിൽ താത്പര്യം ജനിച്ചേക്കാം. കാരണം, അംഗീകാരമായോ മറ്റു ഭൗതികനേട്ടങ്ങളായോ ചില പ്രതിഫലങ്ങൾക്ക് അവിടെ സാധ്യതയുണ്ട്. എന്നാൽ, തിരികെ തരാനില്ലാത്തവർക്ക് ശുശ്രൂഷ ചെയ്യുവാൻ കർത്താവിന്റെ ആത്മാവ് നമ്മിലില്ലാതെ സാധിക്കുകയില്ല. കൊൽക്കത്തയിലെ പുഴുവരിച്ച മനുഷ്യരിലേക്കു മദർ തെരേസയെയും മൊളോക്കായിലെ കുഷ്ഠരോഗികളുടെ ദ്വീപിലേക്കു ഫാ. ഡാമിയനെയുമെല്ലാം നയിച്ചത് ഈ ആത്മാവാണ്. മദറിന്റെ കാലശേഷം മിഷണറീസ് ഓഫ് ചാരിറ്റിയുടെ ഭാവിയെന്താകുമെന്നു ചോദിച്ചപ്പോൾ മദറിന്റെ മറുപടി: "എന്നുവരെ ഈ സമൂഹം പാവങ്ങളിലെ പാവങ്ങളെ ശുശ്രൂഷിക്കുമോ അന്നുവരെ ഇതു നിലനിൽക്കും" എന്നായിരുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നതുപോലെ അസാധാരണമായ ഒന്നാണ് തിരികെ ഒന്നും തരാൻ കഴിയാത്ത ഒരാൾക്ക് ജീവിതം പണയംവച്ചുപോലും സുവിശേഷമെത്തിക്കാൻ ദൈവാത്മാവിന്റെ ശക്തിയാൽ ശ്രമിക്കുന്നത്. ചരിത്രത്തിൽ എപ്പോഴൊക്കെ കർത്താവിന്റെ ആത്മാവ് മനുഷ്യനെ സ്പർശിച്ചിട്ടുണ്ടോ അപ്പോഴൊക്കെ ഈ അത്ഭുതം നടന്നിട്ടുണ്ട്.

പാവങ്ങളോടു പക്ഷംചേരുന്നത് പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ സവിശേഷതയാണ്. സാമ്പത്തികമായി മാത്രമല്ല, ആത്മാവിൽ ദരിദ്രരായവരുടെ ഒപ്പംനിൽക്കുന്നതും പ്രധാനപ്പെട്ടതുതന്നെ. താൻ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ (അഭിഷേകം ചെയ്യപ്പെട്ടവൻ) ആണെന്നതിന്റെ തെളിവായി യേശു ചൂണ്ടിക്കാട്ടുന്നത് ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നതാണ് (മത്താ 11, 5).

ഈ പന്തക്കുസ്താ കാലത്ത് നാം കർത്താവിന്റെ ആത്മാവിനാൽ ഉജ്ജ്വലിക്കപ്പെടുന്നതിനായി പ്രാർഥിക്കുമ്പോൾ അത് നമ്മെ ദരിദ്രരോടു സുവിശേഷം പ്രഘോഷിക്കുവാൻ പ്രേരിപ്പിക്കുന്നുണ്ടോയെന്നും പരിശോധിക്കാം. പ്രത്യേകിച്ച് ബഹുമാനമോ, പണമോ, അംഗീകാരമോ തിരികെത്തരാൻ കഴിയാത്ത മനുഷ്യർക്ക് യേശുവിനെ നൽകാൻ ഈ ആത്മാവ് നമ്മെ നിർബന്ധിക്കുന്നു. "മറ്റൊരുവൻ സ്ഥാപിച്ച അടിസ്ഥാനത്തിൽ പണിയാതെ ക്രിസ്തുവിനെ അറിയാത്ത സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കുന്നതിൽ ഞാൻ അത്യധികം ഉത്സാഹം കാണിച്ചു" (റോമാ 15, 20) എന്ന് വി. പൗലോസ് പറയുമ്പോൾ ഈ ആത്മാവിന്റെ പ്രവർത്തനം നമുക്കു കാണാം.

ജീസസ് യൂത്ത് കൂട്ടായ്മപോലെ കത്തിച്ച തിരികൾക്കിടയിൽ നിൽക്കുമ്പോഴും ഇരുട്ടിന്റെ കാഠിന്യം കൂടിയ ഇടങ്ങളിൽ ദൈവം കത്തിച്ചുവച്ച ഒറ്റത്തിരിയായി മാറാനുള്ള വിളിയും നമുക്കുണ്ടല്ലോ. യേശുവിൽ നിന്നു സ്വീകരിച്ച് ഏറ്റവും ആവശ്യമുള്ളിടത്തു കൊടുക്കാൻ, ആത്മാവിനെ പകരാൻ സ്വർഗം ആഗ്രഹിക്കുന്നുണ്ട്. വീട്ടിലും ക്യാമ്പസിലും ഇടവകയിലും ഓഫീസിലും ഇനിയും സുവിശേഷമെത്തിയിട്ടില്ലാത്ത ഗ്രാമങ്ങളിലും നഗരങ്ങളിലും നമ്മിലൂടെ ഈ ആത്മാവ് ഒഴുകട്ടെ.

## പുതിയ മനുഷ്യനാവാൻ

കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട് എന്ന വാക്യമാണ് എന്നെ കൂടുതലായി സ്പർശിച്ചത്. യേശുവിലുണ്ടായിരുന്ന അതേ ദൈവാത്മാവ് തന്നെയാണ് എന്റെയുള്ളിലും ഉള്ളതെന്ന് എനിക്ക് നല്ല ബോധ്യമുണ്ട്. ഈശോ ചെയ്തതുപോലെ എല്ലാ ആളുകളോടും പ്രത്യേകിച്ച് ദരിദ്രരോട് സുവിശേഷം അറിയിക്കുവാനായിട്ടുള്ള ഉത്തരവാദിത്വം എനിക്കുമുണ്ട്. മാമോദീസ വഴിയും സ്ഥൈര്യലേപനം വഴിയും മറ്റു കൂദാശകളിലൂടെയുമൊക്കെ ഈ ആത്മാവിന്റെ അഭിഷേകമാണ് എന്നിൽ നിറയുന്നത്. ഈശോ ചെയ്തതുപോലെ ചെയ്യാനായി ഞാനിനിയും എത്രയോ അധികം മാറേണ്ടിയിരിക്കുന്നു.

എന്റെ ചുറ്റുമുള്ള അനേകം ആളുകളിലേക്ക് ക്രിസ്തു നൽകുന്ന വെളിച്ചവും വചനത്തിന്റെ വെളിച്ചവുമൊക്കെ പകർന്നു നൽകാനും ഞാനേറ്റെടുത്തിരിക്കുന്ന വിളി വീണ്ടുംവീണ്ടും എന്നെ ഓർമപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ദരിദ്രർ എന്നുപറയുമ്പോൾ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവർ മാത്രമല്ല കുടുംബ സമാധാനമില്ലാതെ പ്രത്യാശ നഷ്ടപ്പെട്ടവരും നിരാശയിൽ കഴിയുന്നവരിലേക്കുമൊക്കെ ഞാൻ ഈശോയുടെ സാന്നിധ്യമായി ഇനിയും കടന്നു ചെല്ലേണ്ടതുണ്ട്. പ്രത്യേകിച്ച് പുഞ്ചിരിക്കാൻ കഴിയാത്ത ആളുകളുടെ മനസ്സിലേക്ക് ചെറിയൊരു സന്തോഷത്തിന്റെ പുഞ്ചിരിയായി കടന്നുചെല്ലാനും, ക്ഷമിക്കാൻ പറ്റാത്ത ആളുകളുടെ അടുത്തേക്ക് ക്ഷമിക്കാനും ക്ഷമ സ്വീകരിക്കാനും ഒക്കെ അവരെ പ്രാപ്തരാക്കുന്ന രീതിയിൽ ഞാനിനിയും മറ്റുള്ളവരിലേക്ക് എത്തേണ്ടിയിരിക്കുന്നു.

അതുപോലെതന്നെ ആത്മാവിന്റെ ഫലങ്ങളിൽ ജീവിക്കാനും ഞാൻ കൂടുതൽ ശ്രദ്ധിക്കണം. എന്റെ ജീവിതത്തിലെ നല്ല ഫലങ്ങൾ കണ്ടിട്ടാകണമല്ലോ മറ്റുള്ളവർ അത് മനസ്സിലാക്കാനും ക്രിസ്തുവിനെ തിരിച്ചറിയാനും. അതുകൊണ്ട് ഈ വരുന്ന പെന്തക്കുസ്ത ദിനത്തിൽ ആത്മാവിന്റെ പുതിയ ഒരഭിഷേകം സ്വീകരിച്ച് ഒരു പുതിയ മനുഷ്യനാവുകയും അങ്ങനെ ആത്മാവിൽ നിറഞ്ഞ നല്ലൊരു വിശുദ്ധ ജീവിതം നയിക്കാനും ഞാനാഗ്രഹിക്കുന്നു. ഈ ദിവസങ്ങൾ അതിനുള്ള ഒരുക്ക ദിവസങ്ങളായി കാണുന്നു.

*അനില ആന്റണി, തലശ്ശേരി*

---

## പ്രചോദനമനുസരിച്ച് ചെയ്യാൻ

ജീവിതത്തിൽ പ്രതിസന്ധികളുണ്ടാകുമ്പോൾ പതറി പോകുന്നതിന് കാരണം, ദൈവത്തിന്റെ ആത്മാവ് എന്നിലുണ്ടെന്ന ബോധ്യം എന്റെയുള്ളിൽ ഇല്ലാതാകുമ്പോഴും അതു ഞാൻ ഓർക്കാതിരിക്കുമ്പോഴും ആണെന്നാണ് എനിക്ക് തോന്നുന്നത്. ഈ ആത്മാവ് എന്റെ ജീവിതത്തിൽ ചില സമയത്ത് യുക്തിക്ക് അതീതമായ ചില നിലപാടുകളെടുക്കാൻ എന്നെ പ്രേരിപ്പിക്കാറുണ്ട്. അത് നല്ലതാണെന്നും എനിക്ക് തോന്നിയിട്ടുമുണ്ട്.

ചില അനുഭവങ്ങൾ പങ്കുവയ്ക്കുന്ന സമയങ്ങളിലൊക്കെ എന്നെ കേൾക്കുന്ന ആളുകൾ എന്നെക്കാൾ പ്രായമുള്ളവരോ പ്രായം കുറഞ്ഞവരോ മറ്റു വ്യത്യസ്ത മേഖലകളിലുള്ളവരോ ആയിരിക്കുമ്പോഴും ചിലപ്പോൾ കൺഫ്യൂഷൻസ് ഉണ്ടാവാറുണ്ട്. എന്ത് പറയണം എങ്ങനെ പറയണം എന്നൊക്കെ സംശയം തോന്നുമ്പോൾ ആത്മാവ് അത്തരം സാഹചര്യങ്ങളെ അനുകൂലമാക്കി എന്നെ മുന്നോട്ടുനയിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ഒരിക്കൽ ഒരു പ്രോഗ്രാമിന് ഇടയിൽ സ്കിറ്റ് ചെയ്യേണ്ട ഒരു സാഹചര്യത്തിൽ കറണ്ട് ഇല്ലാതെ വന്നപ്പോൾ ഇൻവെർട്ടറിൽ പ്രോഗ്രാം തുടങ്ങുകയും ഹാളിലെ മറ്റു ലൈറ്റുകളെല്ലാം കറണ്ടില്ലാത്തതിനാൽ ഓഫായിരിക്കുകയും ചെയ്തു. സ്കിറ്റ് അവതരിപ്പിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ യേശു കടന്നുവരുന്ന ഒരു രംഗത്ത് കറണ്ട് വരികയും ഹാളിലെ ലൈറ്റുകൾ എല്ലാം കത്തുകയും ചെയ്തു. കറണ്ട് വന്നിട്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് ആർക്കും മനസ്സിലായില്ല. ക്രിസ്തുവിന്റെ സാന്നിധ്യം പ്രകാശ സാന്നിധ്യമാണെന്ന് വരുത്തുന്ന രീതിയിൽ കൃത്യമായി പ്ലാൻ ചെയ്തതാണെന്ന് എല്ലാവരും വിചാരിച്ചു. എനിക്കതു വലിയൊരു ഉൾക്കാഴ്ച നൽകിയ ഒരവസരമായിരുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായിട്ടാണ് ഞാനിതിനെ കാണുന്നത്.

ഇങ്ങനെ എന്റെയുള്ളിൽ ആത്മാവിന്റെ പ്രചോദനമനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ പ്രേരണ ലഭിക്കുന്നത്, ഇടയ്ക്ക് മാത്രമാകാതെ അത്തരമൊരു ജീവിതശൈലി തുടരുവാനാണ് ഞാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്. എല്ലാ കാര്യങ്ങളും ആത്മാവിന്റെ പ്രേരണയനുസരിച്ചുതന്നെ ആകണമേ എന്നുള്ള പ്രാർഥനയാണുള്ളിൽ.

*ഫെലിസ് ഫ്രാൻസിസ്, എറണാകുളം*



# ബുക്ക്ഷെൽഫ്



അനിതാ ബാബു




എന്റെ ഒരു അധ്യാപക സുഹൃത്ത് പങ്കുവച്ച ഒരു അനുഭവമാണ് കുറിക്കുന്നത്. ഒരിക്കൽ തികച്ചും നിരുന്മേഷനായി തലകുനിച്ച് വിഷാദ ഭാവത്തിൽ തനിക്കെതിരെ നടന്നുവന്ന ഒരു വിദ്യാർഥിയെ അദ്ദേഹം ശ്രദ്ധിച്ചു. പെട്ടെന്നുണ്ടായ ഒരു തോന്നലിൽ അവന്റെ തോളിൽ തട്ടി 'വാടാ, ഒരു ചായ കുടിക്കാം' എന്നുപറഞ്ഞ് അവനെ കൂടെക്കൂട്ടി. എന്തോ ചിന്തയിലായിരുന്ന അവൻ ആദ്യം ഒന്ന് ഞെട്ടിയെങ്കിലും അനുസരണയുള്ള ഒരു ആട്ടിൻ കുട്ടിയെപ്പോലെ സാറിന്റെ പുറകെ കൂടി. ഏകദേശം ഒരു മണിക്കൂറോളം അവനെ കൂടെയിരുത്തി, വിശേഷങ്ങളൊക്കെ ചോദിച്ച ശേഷം ഒരു ദീർഘനിശ്വാസത്തോടെ അവൻ പോയപ്പോൾ അവൻ കൊടുക്കുവാൻ പോകുന്ന ഒരു സർപ്രൈസിനെ കുറിച്ച് അദ്ദേഹത്തിന് ഒരു ധാരണയും ഉണ്ടായിരുന്നില്ല. പിറ്റേന്ന് ആ വിദ്യാർഥി അദ്ദേഹത്തോട് പറഞ്ഞത് ഇങ്ങനെയാണ്: 'സാർ, ജീവിതം അവസാനിപ്പിക്കണമെന്ന ഉറച്ച തീരുമാനവുമായി ഞാൻ നടന്നു പോയപ്പോഴാണ് സാർ എന്നെ തട്ടി വിളിച്ചത്. എന്റെ ഭാവി പരിപാടികളെക്കുറിച്ചും വീടിനെക്കുറിച്ചുമൊക്കെ സാർ ചോദിച്ചപ്പോഴാണ് അപ്പന്റെയും അമ്മയുടെയും മുഖം എന്റെ മനസ്സിലേക്കുവന്നത്. അതുവരെ ഒന്നും എന്റെ മനസ്സിൽ ഇല്ലായിരുന്നു. എന്റെ പരാജയഭീതിയും ദുരഭിമാനവും മൂലം ഞാൻ കുറച്ചു സമയം ബ്ലാങ്ക് ആയിപ്പോയി. സാറിനെ കണ്ടില്ലായിരുന്നെങ്കിൽ ഞാനിപ്പോൾ...' ഒരു 'വെറും തോന്നലി'ന്റെ പേരിൽ താൻ ചെയ്ത ഒരു ചെറിയ കാര്യം തന്റെ വിദ്യാർഥിക്ക് ഒരു 'life changing moment' ആയി മാറിയതിന്റെ ചാരിതാർഥ്യം തന്റെ അധ്യാപന ജീവിതത്തിലെ ഒരു നിയോഗമായി അദ്ദേഹം പലപ്പോഴും പങ്കുവയ്ക്കാറുണ്ട്.

ദൈവം തന്റെ സ്നേഹവും കരുതലും എല്ലായിടത്തും എത്തിക്കാനായി അമ്മമാരെ സൃഷ്ടിച്ചുവെന്ന് നാം പലപ്പോഴും പറഞ്ഞു കേട്ടിട്ടുണ്ട്. എന്നാൽ, ഈ നിയോഗം അമ്മമാരുടെ മാത്രമല്ല. ആശ്വാസത്തിന്റെ ഒരു ചുമലേകുവാൻ, അൽപദൂരം കൂടെ നടക്കുവാൻ, ഈ വഴി കൂടി ഒന്ന് ശ്രമിച്ചു കൂടെ? എന്നുപറഞ്ഞ് ഒന്ന് മാറി ചിന്തിപ്പിക്കുവാൻ നമ്മുടെയൊക്കെ ജീവിതത്തിലും ഇങ്ങനെ ചിലരുണ്ടായിട്ടുണ്ട്. ഒരുപക്ഷേ, അവരുടെ സ്വാധീനം നമ്മൾ തിരിച്ചറിഞ്ഞിട്ടുമുണ്ടാകില്ല. ജോസഫ് അന്നംകുട്ടി ജോസ് എന്ന യുവ ഇൻഫ്ളുവൻസർ 'ദൈവത്തിന്റെ ചാരന്മാർ' എന്നാണ് ഇവരെ വിളിക്കുന്നത്. തന്റെ ജീവിതത്തിലൂടെ കടന്നുപോയ, സ്വാധീനിച്ച, അൽപംകൂടി നല്ല മനുഷ്യനാകാൻ പ്രേരിപ്പിച്ച ഒട്ടനവധി ആളുകളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ കുറിപ്പുകളാണ് 'ദൈവത്തിന്റെ ചാരന്മാർ'എന്ന പുസ്തകം. ഈ പുസ്തകം വായിക്കുന്ന ഓരോരുത്തരും തങ്ങളുടെ ജീവിതത്തിലേക്കും അയക്കപ്പെട്ട ദൈവത്തിന്റെ ചാരന്മാരെ തിരിച്ചറിയണം എന്നാണ് ഗ്രന്ഥകാരന്റെ ആഗ്രഹം.

ജോസഫ് അന്നംകുട്ടി ജോസ് ഇന്ന് യുവാക്കളുടെ ഇടയിൽ ഒട്ടേറെ സ്വാധീനമുള്ള ഒരു വ്യക്തിയാണ്. തന്റെ വീഴ്ചകളും, തോൽവികളും, പ്രലോഭനങ്ങളും ബലഹീനത (vulnerability) യുമൊക്കെ ഒട്ടുമേ 'image conscious' ആകാതെ തുറന്നു പറയുമ്പോൾ, വീണു പോയെങ്കിലും തിരിച്ചുവരാനുള്ള ഒരു വലിയ പ്രചോദനമായി അദ്ദേഹം മാറുന്നു. 'I am OK, You are not OK' വകഭേദത്തിലുള്ള ഉപദേശങ്ങൾ തൊലിപ്പുറത്തു പോലും തട്ടാതെ പോകുമ്പോൾ ജോസഫ് അന്നംകുട്ടി സ്വീകാര്യനാകുന്നത് അദ്ദേഹത്തിന്റെ 'openness' കൊണ്ടുതന്നെയാണ്. കൂടാതെ, കുമ്പസാരത്തിനും ആത്മീയവിശകലനങ്ങൾക്കുമൊക്കെ തന്റെ ജീവിതത്തിൽ അദ്ദേഹം നൽകുന്ന പ്രാധാന്യം ക്രൈസ്തവ യുവാക്കൾക്ക് വലിയ പ്രചോദനമാണെന്ന് നിസ്സംശയം പറയാം. കൈയിലൊട്ടിപ്പിടിച്ച മൊബൈൽ ഫോൺ താഴെവച്ച്, ഒരു കുറിപ്പിനു ശേഷം അടുത്തതുംകൂടി വായിക്കുവാൻ ആവേശം തോന്നിക്കുന്ന 'എന്തോ ഒന്ന്' ഈ പുസ്തകത്തിലുണ്ട്! അനുഭവം സാക്ഷി.

*ഡി.സി ബുക്ക്സ് പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ പുസ്തകത്തിന്റെ വില ഒറ്റപ്രതി 250/രൂപ*


YuMe|Books
എഴുപത്തയ്യായിരത്തിലധികം
കോപ്പികൾ വിറ്റഴിഞ്ഞ കൃതി
21-ാം
പതിപ്പ്
ദൈവത്തിന്റെ
ചാരന്മാർ
ജോസഫ് അന്നംകുട്ടി ജോസ്







ബിനീഷ് കളപ്പുരക്കൽ

# വിവാഹത്തിനുമുമ്പ് ശാരീരിക ബന്ധമോ ?



Photo by Niranjan on Unsplash

ലൈംഗികതയെക്കുറിച്ചുള്ള ശരിയായ അറിവ് അപകടങ്ങൾ ഒഴിവാക്കും. കൗമാര കാലഘട്ടത്തിൽ ഉറപ്പായും ലഭിക്കേണ്ട ചില അടിസ്ഥാന വിവരങ്ങളാണ് ഇവിടെ പറയുന്നത്. വായിച്ചു മനസ്സിലാക്കാനും പറഞ്ഞു കൊടുക്കാനും ഇതുപകരിക്കും.

സ്കൂൾ കുട്ടിയാണ് ഞാൻ. എനിക്കൊരു സൗഹൃദമുണ്ട്. ആ സുഹൃത്ത് ഇപ്പോൾ എന്നെ ശാരീരികമായ ബന്ധത്തിന് നിർബന്ധിക്കുന്നു. സ്വകാര്യമായി കാണുന്നതിനു ക്ഷണിക്കുന്നു. ഫോണിൽ ചാറ്റ് ചെയ്യാൻ നിർബന്ധിക്കുന്നു. സ്കൂളിൽ വച്ച് കാണുമ്പോഴൊക്കെ തനിച്ചാകാനും ശരീരത്തിൽ സ്പർശിക്കാനും ശ്രമിക്കുന്നു. യാത്രയ്ക്ക് പോകാൻ വിളിക്കുന്നു. ചിലപ്പോൾ ഞാൻ വീണുപോകുമോ എന്നൊരു സംശയം. എങ്ങനെയാണ് ഈ സാഹചര്യത്തെ നേരിടേണ്ടതെന്നെനിക്കറിയില്ല.

NO എന്ന വാക്കിന്റെ ശക്തി തിരിച്ചറിയേണ്ട സമയമാണിത്. ഏത് ആൺ-പെൺ സൗഹൃദത്തിലും സംഭവിക്കാനിടയുള്ള ഒരു സാഹചര്യത്തിലാണ് കുട്ടി ഇപ്പോൾ. പല ഘട്ടങ്ങളിലൂടെ ഈയൊരു സാഹചര്യത്തെ വിജയകരമായി നേരിടാം.

## 1. NO എന്നു പറഞ്ഞാൽ NO

യാതൊരു സംശയവും കൂടാതെ ഇത്തരത്തിലുള്ള സമീപനത്തോട് NO പറയുക. എന്നോട് ഇത്തരത്തിൽ ഇനി പെരുമാറാൻ പാടില്ല എന്ന് ഉറച്ച ബോധ്യത്തോടെ പറയുക. അപ്പോൾ സുഹൃത്ത് പിണങ്ങില്ലേ? ആ വ്യക്തിയുടെ സൗഹൃദം യഥാർഥത്തിലുള്ളതാണെങ്കിൽ അയാൾ പിണങ്ങില്ല. നിങ്ങളോട് ആദരവും ബഹുമാനവും കൂടും. NO എന്ന നിങ്ങളുടെ നിലപാട് വഴി വലിയ തെറ്റുകളിൽ നിന്ന് നിങ്ങളെയും ആ വ്യക്തിയെയും നിങ്ങൾ രക്ഷിക്കുന്നു. വിശുദ്ധീകരിക്കുന്നു. അതിനാൽ പിന്നീട് നിങ്ങളുടെ ഈ നിലപാടിന് അയാൾ നിങ്ങൾക്ക് നന്ദി പറയും.

## 2. സാഹചര്യങ്ങൾ ഒഴിവാക്കുക

ശാരീരിക സ്പർശനത്തിലേക്കും ബന്ധങ്ങളിലേക്കും നയിക്കുന്ന എല്ലാ സ്വകാര്യ സാഹചര്യങ്ങളെയും പൂർണമായും ഒഴിവാക്കുക. ഇക്കാര്യത്തിൽ യാതൊരുവിധ കോംപ്രമൈസും ചെയ്യാൻ പാടില്ല. സ്കൂൾ വിട്ടതിനു ശേഷം വരാന്തകളിലും, സ്കൂൾ പരിസരങ്ങളിലും, വഴിയിലും, കൂൾബാറുകളിലും മറ്റുമുള്ള സ്വകാര്യ കൂടിക്കാഴ്ചകൾ പൂർണമായും ഒഴിവാക്കുക. ശരീരത്തിൽ പടരുന്ന അഗ്നിയാണ് വികാരം. തീപിടിച്ചു കഴിഞ്ഞിട്ട് ഒരുപക്ഷേ നിയന്ത്രിക്കാൻ കഴിഞ്ഞെന്നു വരില്ല. ഈ വചനം ഓർക്കണം, 'സർപ്പത്തിൽനിന്നെന്നപോലെ പാപത്തിൽനിന്ന് ഓടിയകലുക; അടുത്തു ചെന്നാൽ അതു കടിക്കും; അതിൻെറ പല്ലുകൾ സിംഹത്തിൻെറ പല്ലുകളാണ്; അതു ജീവൻ അപഹരിക്കും (പ്രഭാ 21,2).

## 3. ചെറിയ വിട്ടുവീഴ്ചകൾ വൻ വീഴ്ചയുടെ തുടക്കം

അടുത്തിരുന്നോ, പക്ഷേ തൊടരുത്. തൊട്ടോ പക്ഷേ അമിതമാവരുത്. ഇത്തരം വിട്ടുവീഴ്ചകൾ വലിയ വീഴ്ചയുടെ തുടക്കമാണ്. ഇത്തരം ബാലിശ നിബന്ധനകൾ വഴി നിങ്ങൾ ബലഹീനരാണെന്നും ഏതു വിധത്തിലും നിങ്ങളെ ചൂഷണം ചെയ്യാൻ സാധിക്കുമെന്നും സുഹൃത്തിന് മനസ്സിലാവും. ഇത്തരത്തിലുള്ള നിബന്ധനകളെ പ്രോത്സാഹിപ്പിച്ചു കൊണ്ട് തന്നെ എല്ലാ ചൂഷണങ്ങളിലേക്കും നിങ്ങളെ അയാൾ നയിക്കും. അതിനാൽ Zero Tolerance ഇക്കാര്യത്തിൽ ഉണ്ടാവണം. എന്നുവച്ചാൽ തിന്മയ്ക്ക് ഇത്തിരി ഇടം പോലും നൽകരുത്.

## 4. വിദേശ രാജ്യത്തൊക്കെ ബോയ്ഫ്രണ്ട് ഗേൾ ഫ്രണ്ട് സംസ്കാരവും ഡേറ്റിങ്ങും ഒക്കെ ഉണ്ടല്ലോ? ഭാവിയിൽ വിവാഹം കഴിക്കും എന്ന് ഉറപ്പുണ്ടെങ്കിൽ അൽപസ്വൽപമൊക്കെ അടുത്തിരുന്നാൽ എന്താണ് കുഴപ്പം?

ഡേറ്റിംഗ് സംസ്കാരം വഴി സംഭവിക്കുന്നത് കുടുംബങ്ങളുടെ ശിഥിലീകരണമാണ്. അമേരിക്കയിൽ കൗമാരപ്രായക്കാരുടെ മരണകാരണങ്ങളിൽ ഒന്നാം സ്ഥാനം ആത്മഹത്യയാണ്. ബന്ധങ്ങളിലെ പാളിച്ചകളും മാനസിക സംഘർഷങ്ങളുമാണ് മുഖ്യ കാരണം. ഹൈസ്കൂൾ ഹയർസെക്കൻഡറി വിദ്യാർഥികളുടെ ഇടയിൽ പോലും ഭ്രൂണഹത്യകളുടെ എണ്ണം ക്രമാതീതമായി പെരുകുന്നുവെന്ന് പഠനങ്ങൾ തെളിയിക്കുന്നു. കഴിഞ്ഞ മാസത്തെ മാതൃഭൂമി ദിനപത്രത്തിൽ കോട്ടയം ജില്ലയിൽ മാത്രം ഒരു പോലീസ് സ്റ്റേഷനിൽ ഒരു മാസം രണ്ട് പോക്സോ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നു എന്ന് റിപ്പോർട്ടുണ്ട്. ഇതിനർഥം വിവാഹപൂർവ ലൈംഗികത നമ്മുടെ നാട്ടിലും പെരുകുന്നു എന്നാണ്. അതുവഴി പീഡന കേസുകൾ കൂടുന്നു. അവിവാഹിതരായ അമ്മമാരുടെ എണ്ണം വർധിക്കുന്നു. ഇത്രയും വലിയ അരാജകത്വത്തിലേക്ക് നിങ്ങൾക്ക് നടന്നടുക്കണോ?

വിവാഹത്തിന് മുമ്പ് ശാരീരിക ബന്ധത്തിനു ഒരാൾ നിങ്ങളെ നിർബന്ധിക്കുന്നുവെങ്കിൽ അവിടെ ആ വിവാഹം നടക്കാനുള്ള സാധ്യത വളരെ കുറവാണ്. കാരണം ഇവിടെ സുഹൃത്തിന്റെ ലക്ഷ്യം വൈകാരികമായ സംതൃപ്തി മാത്രമാണ്. വിവാഹ ജീവിതമാണ് ലക്ഷ്യമെങ്കിൽ നിങ്ങളെ ശാരീരികബന്ധത്തിനു നിർബന്ധിക്കേണ്ട കാര്യമില്ല. കാരണം വിവാഹശേഷം അത്



ഏറ്റവും വിശുദ്ധമായി സംഭവിക്കാവുന്നതാണല്ലോ. അപ്പോൾ ഇത് വിവാഹ വാഗ്ദാനം തന്നുള്ള ശാരീരിക ദുരുപയോഗമാണ്. ഭാവിയിൽ ഞാൻ നിന്നെ വിവാഹം കഴിക്കും, അതുകൊണ്ട് ഇപ്പോൾ ഞാൻ പറയുന്നതു പോലെ ചെയ്യുക എന്ന് നിങ്ങളെ നിർബന്ധിക്കുന്നെങ്കിൽ ഓർക്കുക, നിങ്ങൾ ഒരു വേട്ടക്കാരന്റെ ഇരയായി മാറുകയാണ്.

## 5. ഒരു സമ്മതം അടുത്ത ഘട്ടത്തിനുള്ള ബ്ലാക്ക്മെയിലിന് കാരണം

ശാരീരികബന്ധത്തിന് ഒരിക്കൽ സമ്മതം മൂളിയാൽ ഒരുപക്ഷേ അന്നത്തെ ചിത്രങ്ങളും ഫോട്ടോകളും സുഹൃത്ത് എടുത്തു വച്ചേക്കാം. ആ സംഭവം ഓർമിപ്പിച്ച് വീണ്ടും വീണ്ടും നിരന്തരമായി തെറ്റിലേക്ക് അയാൾ നിങ്ങളെ ബ്ലാക്ക് മെയിൽ ചെയ്തു കൊണ്ടു പോകും. നിയന്ത്രിക്കാനാവാത്ത മാനസിക സംഘർഷങ്ങൾ നിങ്ങൾക്ക് ഉണ്ടാവുകയും ചെയ്യും. അതുകൊണ്ട് ഒരു സമ്മതം വീഴ്ചയുടെ തുടക്കമാണെന്ന് തിരിച്ചറിയുക.

## 6. തനിച്ചാവാതിരിക്കുക

ഇത്തരത്തിൽ ഒരു സുഹൃത്ത് നിങ്ങളെ നിർബന്ധിക്കുന്നുണ്ടെങ്കിൽ എപ്പോഴും സുഹൃത്തുക്കൾക്കൊപ്പമോ ബന്ധുക്കൾക്കൊപ്പമോ ആയിരിക്കുക. അപ്പോൾ ആ വ്യക്തിക്ക് നിങ്ങളുടെ ജീവിതത്തിലേക്ക് സമ്മർദത്തിലൂടെ കടന്നുവരാനാവില്ല.

## 7. വീട്ടിൽ തനിച്ചാകുന്ന സാഹചര്യം ഒഴിവാക്കുക. തനിച്ചായാൽ തന്നെ ആ വിവരം സുഹൃത്തിനെ അറിയിക്കാതിരിക്കുക

അറിയിച്ചാൽ എത്ര ദൂരെ നിന്നും ഈ സുഹൃത്ത് ചിലപ്പോൾ സുഹൃത്തുക്കളുമായി, അല്ലെങ്കിൽ ഒറ്റയ്ക്ക് നിങ്ങളുടെ വീടിന്റെ പരിസരത്ത് റോന്തു ചുറ്റും. അത് നിങ്ങളെ സമ്മർദത്തിലേക്കും ഭയത്തിലേക്കും നയിക്കും.

## 8. ചെറിയ വീഴ്ചകളിൽ ഭയപ്പെടാതെ കൂടുതൽ ശക്തരാവുക

ഒരിക്കൽ ഇത്തരത്തിൽ വീഴ്ചകൾ നിങ്ങൾക്ക് വന്നു പോയിട്ടുണ്ടെങ്കിൽ പിന്നീട് ആ സുഹൃത്തുമായുള്ള എല്ലാ ബന്ധങ്ങളെയും മുറിച്ചുമാറ്റുക. എത്രയും വേഗം ഒരു കൗൺസിലറെ കണ്ട് നിങ്ങളുടെ മനസ്സിലെ ആശങ്കയും ഭയവും ഇറക്കിവയ്ക്കുക. സുഹൃത്ത് ഭീഷണിപ്പെടുത്തിയാൽ പരാതിപ്പെടുക.

## 9. ആശ കൊടുക്കാതിരിക്കുക

ഒരിക്കലും ശാരീരികബന്ധത്തിന് നിർബന്ധിക്കുന്ന സുഹൃത്തിനോട് നാളെ ആവട്ടെ, പിന്നീടാവട്ടെ തുടങ്ങിയ വാഗ്ദാനങ്ങൾ കൊടുക്കരുത്. അത് ആ വ്യക്തിയെ ഭ്രാന്ത് പിടിപ്പിക്കും. അത് നിങ്ങളെ ഭയപ്പെടുത്തും.

## 10. ഫോൺ വഴിയുള്ള ലൈംഗികച്ചുവയുള്ള ചാറ്റ് അപകടകരം


നേരിട്ടുള്ള ശാരീരിക ബന്ധം പോലെ തന്നെ അപകടകരമാണ് ഫോൺ വഴിയുള്ള ചാറ്റിങ്ങും. ഫോൺ വഴിയുള്ള ചാറ്റിങ്ങിൽ നിങ്ങൾ ഇത്തരത്തിലുള്ള വിഷയങ്ങൾ സംസാരിച്ചാൽ അതുപയോഗിച്ച് സുഹൃത്ത് നിങ്ങളെ നേരിട്ടുള്ള ശാരീരികബന്ധത്തിന് നിർബന്ധിക്കാൻ സാധ്യതയുണ്ട്. അതിനാൽ നൂറു ശതമാനവും ഫോൺ വഴിയുള്ള ചാറ്റ് നിറുത്തുക.

## 11. വിശുദ്ധി ഒരു സമ്പത്താണെന്ന് തിരിച്ചറിയുക

വിവാഹജീവിതത്തിൽ തൻറെ പങ്കാളിയ്ക്കായി തന്നെത്തന്നെ ഒരു സമ്മാനമായി കാത്തുസൂക്ഷിക്കുക.

*(കാഞ്ഞിരപ്പള്ളി രൂപതാ വിശ്വാസപരിശീലനകേന്ദ്രം പ്രസിദ്ധീകരിച്ച Let's Chat : Counsellor for Teens എന്ന പുസ്തകത്തിൽ നിന്ന്)*


ജൂഹി എൽസ് ജോർജ്


സിന്റോ വി. വർഗീസ്

# ഇസ്മായേൽ ബുല്ലിയാൽഡുസ്

കാൽവിനിസ്റ്റ് മാതാപിതാക്കളായ സൂസന്ന മൊട്ടേറ്റിന്റെയും ഇസ്മായേൽ ബുല്ലിയാൽഡുസിന്റെയും മകനായി ഫ്രാൻസിലെ ലൗഡൂണിലാണ് ഇസ്മായേൽ ബുല്ലിയാൽഡുസ് (Ismael Bullialdus) ജനിച്ചത്. ഇരുപത്തിയൊന്നാം വയസ്സിൽ, ബുല്ലിയാൽഡുസ് റോമൻ കത്തോലിക്കാ മതം സ്വീകരിച്ചു. തുടർന്ന് ഇരുപത്തിയാറാം വയസ്സിൽ പൗരോഹിത്യവും.



സ്വയം പ്രഖ്യാപിത പണ്ഡിതന്മാരുടെയും സാഹിത്യകാരന്മാരുടെയും ഒരു അന്താരാഷ്ട്ര സമൂഹമായി ആ കാലഘട്ടത്തിൽ ഉയർന്നുവന്ന ദീർഘദൂര ബൗദ്ധിക കത്തിടപാടുകളുടെ ശൃംഖലയായ റിപ്പബ്ലിക് ഓഫ് ലെറ്റേഴ്സിന്റെ സജീവ അംഗമായിരുന്നു ഫാ. ബുല്ലിയാൽഡുസ്. അന്ന് ഉണ്ടായവയിൽനിന്നും കണക്കുകൾ പ്രകാരം അയ്യായിരത്തോളം കത്തുകൾ ഇന്നും നിലനിൽക്കുന്ന ഒരു മികച്ച ലേഖകനായിരുന്നു ഫാ. ബുല്ലിയാൽഡുസ്. ഗസ്സെൻഡി, ഹ്യൂജൻസ്, മെർസെൻ, പാസ്കൽ എന്നിവരുടെ സുഹൃത്തും ഗലീലിയോയുടെയും കോപ്പർനിക്കസിന്റെയും സജീവ പിന്തുണക്കാരനുമായിരുന്നു ഫാ. ബുല്ലിയാൽഡുസ്. അദ്ദേഹത്തിന്റെ 'അസ്ട്രോണമിയ ഫിലോലൈക്ക' എന്ന കൃതി കെപ്ലറുടെയും ന്യൂട്ടന്റെയും ഇടയിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥമായി കണക്കാക്കപ്പെടുന്നു. ഇതിനെക്കുറിച്ച് ന്യൂട്ടൺ തന്റെ പ്രിൻസിപ്പിയയിൽ പ്രതിപാദിക്കുന്നുണ്ട്. പ്രത്യേകിച്ച്, ഇൻവെർസ് സ്കവയർ സിദ്ധാന്തത്തിനും (inverse square hypothesis) അതിന്റെ കൃത്യമായ പട്ടികകൾക്കും ന്യൂട്ടൺ ഫാ. ബുല്ലിയാൽഡുസിനെ പേരെടുത്തു പ്രശംസിക്കുന്നുണ്ട്. ഈ കൃതി, ഗ്രഹങ്ങൾ ദീർഘവൃത്താകൃതിയിൽ സഞ്ചരിക്കുന്നു എന്ന കെപ്ലറുടെ അനുമാനത്തെ ശക്തമായി പിന്തുണയ്ക്കുകയും എന്നാൽ, കെപ്ലറുടെ വാദത്തിനു വിരുദ്ധമായി പ്ലാനെറ്ററി മൂവിങ് ഫോഴ്സ് ദൂരത്തിന്റെ സ്കവയറുമായാണ് ബന്ധപ്പെട്ടിരിക്കുന്നതെന്ന് ആദ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. ലണ്ടനിലെ റോയൽ സൊസൈറ്റിയുടെ ആദ്യകാല അംഗങ്ങളിൽ ഒരാളായിരുന്നു ഫാ. ബുല്ലിയാൽഡുസ്. സൊസൈറ്റി സ്ഥാപിതമായി ഏഴ് വർഷത്തിന് ശേഷം 1667 ഏപ്രിൽ 4ന് ഫാ. ബുല്ലിയാൽഡുസ് സൊസൈറ്റിയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. ചന്ദ്രനിലെ ബുള്ളിയാൽഡുസ് ഗർത്തം ശാസ്ത്രലോകത്തിന് അദ്ദേഹത്തോടുള്ള ബഹുമാനാർഥം നാമകരണം ചെയ്യപ്പെട്ടതാണ്.

**Born**
28 September 1605
Loudun, France


**Died**
25 November 1694
(aged 89)
Abbey St. Victor
Paris, France

**Nationality**
French

**Occupation**
Astronomer

**Known for**
Astronomia Philolaica &
Republic of Letters
correspondences

അടുത്തതവണ ന്യൂട്ടനെയും ഗുരുത്വാകർഷണത്തെയും കുറിച്ചൊക്കെ കേൾക്കുമ്പോൾ അതിനു പിന്നിൽ ഒരു കത്തോലിക്കാ വൈദികന്റെ കൈകൾ കൂടിയുണ്ടായിരുന്നു എന്ന കാര്യം നമുക്ക് മറക്കാതിരിക്കാം. ശാസ്ത്രത്തിന്റെ നിർണായക വഴിത്തിരിവുകളിൽ അധികമാരും അറിയാതെ മറഞ്ഞിരിക്കുന്ന കത്തോലിക്കാ സഭയുടെ സംഭാവനകൾ നമ്മുടെ ചിന്തകളെ കൂടുതൽ വിസ്തീർണമാക്കട്ടെ.


ISMAELIS BULLIALDI
OPVS NOVVM
AD
ARITHMETICAM
INFINITORUM
Libris sex comprehensum,
In quo plura à nullis hactenus edita demonstrantur.

LUTETIÆ PARISIORUM,
Sumptibus Viduæ Joannis Pocquet, viâ Iacobæâ, sub Davidis Regis figura.
M. DC. LXXXII.
CVM PRIVILEGIO REGIS CHRISTIANISS.





ശരത് വെൺപാല

# 21 ഗ്രാംസ്


## (പ്രാണന്റെ തൂക്കം)

## ഒരു ഭ്രാന്തൻ തൂക്കത്തിന്റെ കഥ

1907-ൽ ഡോ. ഡങ്കൻ മക്ഡൊയിൽ എന്നയാൾ 'അമേരിക്കൻ മെഡിസിൻ' എന്ന ജേർണലിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. മരിച്ചുകൊണ്ടിരുന്ന ആറു രോഗികളെ ഒരു മുറിയിൽ കിടത്തിയിട്ട് മരണസമയത്ത് അവരുടെ തൂക്കത്തിലുണ്ടായ വ്യതിയാനം സൂക്ഷ്മമായി അളന്നു. മരിച്ചയാൾക്ക് ജീവനുള്ളയാളിനേക്കാൾ 21 ഗ്രാം കുറവാണ് എന്ന് സമർഥിക്കുന്നതായിരുന്നു ആ ലേഖനത്തിന്റെ ഉള്ളടക്കം. ആ പഠനത്തിന്റെ ആധികാരികതയെപ്പറ്റിയും ശാസ്ത്രീയതയെപ്പറ്റിയുമൊക്കെ ഒരുപാട് വാദപ്രതിവാദങ്ങൾ നടക്കുന്നുണ്ടെങ്കിലും ആത്മാവിന്റെ ഭാരമാണ് 21 ഗ്രാം എന്ന ഒരു വിശ്വാസം പ്രചരിക്കുകയുണ്ടായി. ഈ മിത്തിന്റെ പരിസരത്തു നിന്നാണ് പ്രശസ്ത മെക്സിക്കൻ സംവിധായകനായ 'അലക്സാൻഡ്രോ ഗോൺസാലസ് ഇനാറിതുവിന്റെ 21 ഗ്രാംസ്' എന്ന ചിത്രത്തിന്റെ തലവര കുറിക്കപ്പെടുന്നത്.

## ഒരു അത്യാഹിതവും മൂന്നു ജീവിതങ്ങളും

2003-ൽ പുറത്തിറക്കിയ ചിത്രം. ഈ ചിത്രം മൂന്നു വ്യക്തികളുടെ ജീവിതത്തെ കൂട്ടിയിണക്കുന്ന ഒരു അപകടത്തിന്റെ കഥ പറയുന്നു. 2000-ൽ പുറത്തിറങ്ങിയ അദ്ദേഹത്തിന്റെ തന്നെ 'അമോരെസ് പെറോസ്' എന്ന സിനിമയിൽ ഒരേ സമയത്തു നടക്കുന്ന മൂന്നു സംഭവങ്ങൾ ഒരു റോഡപകടത്തിലേക്ക് കേന്ദ്രീകരിക്കുന്നതാണ് പറഞ്ഞത്. ആ ചിത്രം വലിയ വിജയമായിരുന്നു താനും.




സീൻ പെനിന്റെ പോൾ എന്ന ഗണിതാധ്യാപകൻ, ബെനിചിയോ ഡെൽ തോറോയുടെ ജാക്ക്, നവോമി വാറ്റ്സിന്റെ ക്രിസ്റ്റീന എന്ന മൂന്നു കഥാപാത്രങ്ങളുടെ ജീവിതങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നത് ഒരു മരണമാണ്. ക്രിസ്റ്റീനയുടെ ഭർത്താവും (ഡാനി ഹൂസ്റ്റൺ) രണ്ടു മക്കളും ഒരു അപകടത്തിൽ മരിക്കുന്നു. ക്രിസ്റ്റീനയാവട്ടെ തന്റെ ഇരുണ്ട ഭൂതകാലത്തിന്റെ കയത്തിൽ നിന്നും രക്ഷപെടാനുള്ള പരിശ്രമത്തിലാണ്. തന്റെ ലഹരിയുടെ ഉപയോഗത്തിൽ നിന്നും മോചനത്തിന് അവളെ പ്രേരിപ്പിക്കുന്നത് കുടുംബമാണ്, ഭർത്താവിന്റെ സ്നേഹമാണ്, മക്കളുടെ ഓമനത്വമുള്ള പുഞ്ചിരികളാണ്. പക്ഷേ, ജാക്ക് എന്ന ജയിൽ വിമോചിതൻ തന്റെ ജന്മദിനത്തിനായി വീട്ടിലേക്ക് പോരുമ്പോൾ അയാളുടെ വാഹനമിടിച്ചാണ് മൂന്നുപേരും മരിച്ചത്. ജാക്കിന്റെ ഭാര്യ എതിർത്തിട്ടും അയാൾ കുറ്റസമ്മതം നടത്തുന്നു, കാരണം അയാൾ തന്റെ പുതിയ വിശ്വാസ ജീവിതത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു എന്നതുകൊണ്ട്. അയാൾ ജയിലിലായി. മരിച്ച ഭർത്താവിന്റെ ഹൃദയം മരിക്കാൻ കാത്തിരിക്കുന്ന പോൾ എന്ന പ്രൊഫസറിന് ലഭിക്കുന്നു. തന്റെ പുതിയ ഹൃദയത്തിന്റെ ഉടമയെ തിരയുന്ന പോളിനെ ഒരു ഡിറ്റക്ടീവ് സഹായിക്കുന്നു. അയാൾ കൊടുത്ത വിവരംവച്ച് അയാൾ ക്രിസ്റ്റീനയെ തിരഞ്ഞു കണ്ടുപിടിക്കുകയും അവളുമായി സൗഹൃദത്തിലാവുകയും ചെയ്യുന്നു. അതേ സമയം തന്റെ ഭാര്യയുടെ (ഷാർലറ്റ് ഗെയിൽസ്ബർഗ്) നിർബന്ധപ്രകാരം തന്റെ ബീജം കൊടുത്ത് അവൾക്ക് കൃത്രിമ ഗർഭം ധരിക്കാനായി ആശുപത്രിയിൽ എത്തുമ്പോഴാണ് അവൾക്ക് അബോർഷൻ നടത്തേണ്ടി വന്ന ഭൂതകാലം മനസ്സിലാവുന്നത്.

പോൾ ഭാര്യയെ വിട്ടു ക്രിസ്റ്റീനയുമായി ഒത്തു വസിക്കുമ്പോൾ അവൾ ആവശ്യപ്പെടുന്നതനുസരിച്ച് ജാക്കിനെ കൊല്ലാൻ തീരുമാനിക്കുന്നു. അതിനായി ഒരു തോക്കും ഡിറ്റക്ടീവിൽനിന്നും വാങ്ങി സൂക്ഷിക്കുന്നു. ജാക്ക് താൻ ചെയ്ത കുറ്റത്തെപ്പറ്റി ബോധ്യപ്പെട്ടെങ്കിലും തന്റെ പഴയ ജീവിതത്തിലേക്ക്, മദ്യത്തിലേക്ക്, ഒറ്റപ്പെടലിലേക്ക്

| | | |
|---|---|---|
| Directed by | : | Alejandro Gonzalez |
| Screenplay by | : | Guillermo Arriaga |
| Story by | : | Alejandro González<br>Guillermo Arriaga |
| Produced by | | Alejandro Gonzalez<br>Robert Salerno |
| Starring | : | Sean Penn<br>Naomi Watts<br>Benicio del Toro<br>Melissa Leo<br>Charlotte Gainsbourg |
| Cinematography | : | Rodrigo Prieto |
| Edited by | : | Stephen Mirrione |
| Music by | : | Gustavo Santaolalla |
| Release dates | : | Sep 5, 2003<br>(Venice Film Festival)<br>Nov 21, 2003<br>(United States) |

പോകുന്നു, ഭാര്യയെയും കുഞ്ഞുമക്കളെയും ഉപേക്ഷിച്ച്. ജാക്കിന്റെ വാസസ്ഥലത്തെത്തി തോക്കു ചൂണ്ടി അയാളോട് അവിടം വിട്ടുപോകാൻ പറയുന്നു പോൾ. പിന്നീട് ജാക്കിനെ കൊന്നുവെന്ന് ക്രിസ്റ്റീനയോട് കള്ളം പറയുന്നു. എന്നാൽ, തന്നെ കൊല്ലണമെന്ന ആവശ്യവുമായി എത്തുന്ന ജാക്കിന്റെ മുന്നിൽ വച്ചുള്ള പിടിവലിയിൽ ക്രിസ്റ്റീനയുടെ സാന്നിധ്യത്തിൽ പോൾ സ്വയം വെടി വയ്ക്കുന്നു. ജാക്കും ക്രിസ്റ്റീനയും കൂടി അയാളെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ഫലമുണ്ടായില്ല. വീണ്ടും ജാക്ക് അറസ്റ്റ് ചെയ്യപ്പെടുന്നു. കാരണം പോലീസിനോട് അയാൾ താനാണ് പോളിനെ വെടിവെച്ചതെന്ന് പറയുന്നു. ഒടുവിൽ മയക്കുമരുന്നുപയോഗത്തിലേക്ക് പോകുന്ന ക്രിസ്റ്റീനയോട് അവൾ ഗർഭിണിയാണെന്നും ഇനിമേൽ മയക്കുമരുന്ന് ഉപയോഗിക്കരുതെന്നും ഡോക്ടർ പറയുന്നു. സത്യാവസ്ഥകൾ പോലീസ് അറിയുമ്പോൾ ജാക്ക് തിരികെ തന്റെ കുടുംബത്തിലേക്ക് എത്തുന്നു. ഇതാണ് കഥാതന്തു.

## കാവ്യഭംഗിയുള്ള കടങ്കഥ

രേഖീയമല്ലാത്ത (nonlinear) കഥാകഥനത്തിലൂടെ കവിത നിറഞ്ഞ കടങ്കഥയായി ജീവിതത്തെ അവതരിപ്പിക്കുകയാണ് സംവിധായകൻ. ആകസ്മികതകളെന്നു കരുതുന്നതൊന്നും വെറുതെയല്ലെന്നും വ്യക്തികളുടെ ജീവിതത്തിലെ ആകസ്മികതകൾ ഒരു കൂട്ടായ നിയോഗത്തിലേക്കുള്ള വഴിത്താരകളാണെന്നും സിനിമ ഓർമിപ്പിക്കുന്നു. മൂന്നു പേരുടെയും ജീവിതസംഭവങ്ങൾ മൂന്ന് നിറങ്ങളിലാണ് കാണുന്നത്. മരണം, ജീവിതം, ധാർമികത, ആത്മാവ്, അമർത്യത തുടങ്ങിയ പദങ്ങളുടെ അമൂർത്തതയെ മൂന്നു ജീവിതങ്ങളിലൂടെ സമൂർത്തമാക്കുന്ന സംവിധായകന്റെ മികവും വ്യക്തമാക്കുന്ന ചിത്രമാണ് 21 ഗ്രാംസ്. മുൻപോട്ടും പിന്നോട്ടും ആടുന്ന പെൻഡുലം പോലെ ക്യാമറ ഭൂതകാലത്തിലേക്കും വർത്തമാനത്തിലേക്കും ചലിക്കുന്നു. പക്ഷേ, കഥയുടെ മായാനദി പ്രേക്ഷകന്റെ മനസ്സിലൂടെ നിർബാധം ഒഴുകുന്നുമുണ്ട്.


**ആകസ്മികതകളെന്നു കരുതുന്നതൊന്നും വെറുതെയല്ലെന്നും വ്യക്തികളുടെ ജീവിതത്തിലെ ആകസ്മികതകൾ ഒരു കൂട്ടായ നിയോഗത്തിലേക്കുള്ള വഴിത്താരകളാണെന്നും സിനിമ ഓർമിപ്പിക്കുന്നു.**

## രൂപകങ്ങളുടെ വസന്തം

ചിത്രത്തിൽ ബിംബകല്പനകളുടെ വസന്തമാണ്. നീലമാനത്തിന്റെ പശ്ചാത്തലത്തിൽ പ്രാണന്റെ കിളികൾ പറന്നുയരുന്നതും ചിറകൊടിഞ്ഞു വീഴുന്നതും നിഴൽച്ചിത്രത്തിൽ (silhouette) കാണുമ്പോൾ കഥാപാത്രങ്ങൾ അനുഭവിക്കുന്ന ആനന്ദം, ആത്മസംഘർഷം, ആത്മവ്യഥകൾ ഒക്കെ കാണുന്ന പ്രേക്ഷകരിലേക്ക് സന്നിവേശിപ്പിക്കാൻ ഈ ബിംബങ്ങൾക്ക് കഴിയുന്നു.

## ഉയിർപ്പിന്റെ ഗീതകം

ഈ ചിത്രം ഉയിർപ്പിന്റെ ഗീതകമാണ്. കാരണം മൂന്നു കഥാപാത്രങ്ങളും വിടുതൽ ആഗ്രഹിക്കുന്നു. ഭൂതകാലത്തിൽ നിന്ന്, പാപത്തിൽനിന്ന്, ലഹരിയിൽ നിന്ന്, മരണത്തിൽ നിന്ന്, ഒരാൾ അത് കുടുംബത്തിലൂടെയും മറ്റൊരാൾ അത് ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയും വേറൊരാൾ പുതിയ ഹൃദയത്തിലൂടെയും നേടാൻ ആഗ്രഹിക്കുമ്പോൾ ദുരന്തമായി അപകടവും അതിന്റെ അനുരണങ്ങളായി പകയും പശ്ചാത്താപവും പ്രണയവുമൊക്കെ കൂടിക്കലരുന്ന ജീവിത സമസ്യകൾ. പുതിയ വഴിയായി പ്രത്യാശയുടെ നാമ്പ് ഉദരത്തിലുണ്ട് എന്നറിയുമ്പോൾ അത്ഭുതത്തോടും നന്ദിയോടുംകൂടി പകച്ചു നിൽക്കുന്ന ക്രിസ്റ്റീനയുടെ മുഖവും, തിരികെ കുടുംബത്തിലെത്തുന്ന ജാക്കിന്റെ ആനന്ദപൂർണമായ മുഖവും ഒക്കെ ചിത്രം കണ്ടിറങ്ങുന്ന ഒരാളെ ജീവിതത്തെക്കുറിച്ച്, ജീവനെക്കുറിച്ച് ഒന്നു ധ്യാനിക്കാൻ പ്രേരിപ്പിക്കും. മെല്ലെ കണ്ണടച്ചാൽ 21 ഗ്രാം തൂക്കമുള്ള പ്രാണന്റെ പക്ഷി കുറുകുന്നതു കേൾക്കാൻ ക്ഷണിക്കുന്ന ഒരു ചിത്രമാണ് 21 ഗ്രാംസ്.







സണ്ണി കോക്കാപ്പിള്ളിൽ

# കത്തോലിക്കാ ശാസ്ത്രജ്ഞർ

കത്തോലിക്കാ സഭ ശാസ്ത്രത്തിനെതിരാണെന്ന് ചിലർ പ്രചരിപ്പിക്കാറുണ്ട്. പുരോഗമനവാദികളായി നടിക്കാനുള്ള ഓട്ടത്തിൽ സഭയെ തള്ളിപ്പറയുകയെന്നത് അവരുടെ അജണ്ടയാണ്. ധാർമിക മൂല്യങ്ങൾ നിലനിറുത്തുന്നത് സഭയാകയാൽ സഭയെ തള്ളിപ്പറഞ്ഞാൽ പുതുസംസ്കാരത്തിന്റെ പേരിൽ മൂല്യനിരാസത്തോടെ ജീവിതം നയിക്കാമല്ലോ. യുക്തിവാദികൾ സഭയ്ക്കെതിരെ ആക്രമണം നടത്തുന്നത് സഭ ശാസ്ത്രത്തിനെതിരാണെന്നു പറഞ്ഞുകൊണ്ടാണ്. എന്നാൽ, ലോകത്ത് സുപ്രധാന കണ്ടുപിടിത്തങ്ങൾ നടത്തിയ ശാസ്ത്രജ്ഞരിൽ ബഹുഭൂരിപക്ഷവും തികഞ്ഞ കത്തോലിക്കാ വിശ്വാസികളാണെന്നത് മിക്കവരും മറച്ചുപിടിക്കുന്നു.



ഇന്ന് രോഗപ്രതിരോധ ഗവേഷണത്തിൽ വഴിത്തിരിവായി മാറിയ പാസ്ചുറൈസേഷൻ (pasteurization) പ്രക്രിയ കണ്ടുപിടിച്ച ലൂയിസ് പാസ്റ്റർ (Louis Pasteur) അടിയുറച്ച കത്തോലിക്കനായിരുന്നു. ട്രെയിൻ യാത്രയ്ക്കിടെ ജപമാല ചൊല്ലിയതിന് ആക്ഷേപം കേട്ട വ്യക്തിയാണ് ലൂയിസ് പാസ്റ്റർ.

ആധുനിക ജനിതക ശാസ്ത്രത്തിന് അടിസ്ഥാനമിട്ടത് ഒരു വൈദികനാണെന്ന കാര്യം അധികം പേർക്കും അറിയില്ല. ഒരു അഗസ്റ്റീനിയൻ സന്യാസിയായ ഫാ. ഗ്രിഗർ മെൻഡൽ (Fr Gregor Mendel) ആണ് ഈ ശാസ്ത്രജ്ഞൻ. ആശ്രമത്തിലെ പയർ ചെടികളിൽ നടത്തിയ പരീക്ഷണങ്ങളാണ് ആധുനിക ജനിതക ശാസ്ത്രത്തിന് അടിത്തറയായത്.

ക്വാണ്ടം മെക്കാനിക്സിൽ നൽകിയ സംഭാവനകൾക്ക് നോബൽ സമ്മാനം ലഭിച്ച ശാസ്ത്രജ്ഞനാണ് ലൂയിസ് ഡി ബ്രോഗ്ളി (Louis de Broglie). ഫ്രഞ്ചു ഭൗതിക ശാസ്ത്രജ്ഞനാണിദ്ദേഹം. തന്റെ കത്തോലിക്കാ വിശ്വാസം പരസ്യമായി പ്രകടിപ്പിക്കുന്നതിൽ അദേഹത്തിനു യാതൊരു മടിയുമില്ലായിരുന്നു. ക്വാണ്ടം സിദ്ധാന്തത്തിനും ഇലക്ട്രോണുകളുടെ കണസിദ്ധാന്തത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ അതുല്യമാണ്.

ഇന്ന് അനേകരെ ദുരിതത്തിലാക്കുന്ന ഒരു രോഗമാണല്ലോ പ്രമേഹം. ഇതിനെ നിയന്ത്രിക്കാൻ ഏറ്റവും ഫലപ്രദമായത് ഇൻസുലിൻ ആണെന്നു നമുക്കറിയാം. എന്നാൽ, ആദ്യമായി ഇൻസുലിൻ ഉപയോഗിച്ച ഡോക്ടർ ജ്യൂസപ്പേ മോസ്കാട്ടിയാണ് (Dr. Giuseppe Moscati). അനുദിനം വിശുദ്ധ കുർബാനയിൽ അദ്ദേഹം പങ്കെടുത്തിരുന്നു. ദൈവിക വെളിപാടെന്ന ഒരു ശാസ്ത്രം മാത്രമേ മാറ്റമില്ലാത്തതായി ഉള്ളുവെന്നും നമ്മൾ ചെയ്യുന്ന പ്രവൃത്തികളെല്ലാം ആത്മാവിലേക്കും സ്വർഗത്തിലേക്കും കേന്ദ്രീകരിക്കുന്നതായിരിക്കണമെന്നും മോസ്കാട്ടി പറഞ്ഞിട്ടുണ്ട്.


ബിഗ്ബാംഗ് തിയറിയുടെ ഉപജ്ഞാതാവ് ഫാ. ജോർജ് ലെമേയ്റ്റർ (Fr. Georges Lemaitre) ഒരു കത്തോലിക്കാ പുരോഹിതനാണ്. ലുവെയ്നിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ ഭൗതികശാസ്ത്ര പ്രൊഫസറായിരുന്നു അദേഹം. പ്രപഞ്ചത്തിന്റെ വികാസത്തെ എഡ്വിൻ ഹബ്ബിൾ നിരീക്ഷണങ്ങളിലൂടെ അദ്ദേഹം തെളിയിച്ചു.

ഡൗൺസിൻഡ്രോമിന്റെ കാരണം എന്താണെന്നു കണ്ടുപിടിച്ചയാളാണ് ജെറോം ലെജിയുനി (Jerome Lejeune). അദ്ദേഹത്തിനു നോബൽ സമ്മാനം നിഷേധിക്കപ്പെട്ടതുതന്നെ പ്രോലൈഫ് നിലപാടുകൾ കാരണമായിരുന്നു. ജോൺ പോൾ രണ്ടാമൻ മാർപാപ്പ അദേഹത്തെ ജീവനു വേണ്ടിയുള്ള പൊന്തിഫിക്കൽ അക്കാദമിയുടെ ആദ്യ അധ്യക്ഷനായി ഉയർത്തിയിരുന്നു.

നൂറുകണക്കിനു കത്തോലിക്കാ ശാസ്ത്രജ്ഞരിൽ ഏതാനും പേരുടെ വിവരണമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ശാസ്ത്രത്തിന്റെ എല്ലാ മേഖലകളിലും സഭ കൂടുതൽ സംഭാവനകൾ നൽകിയിട്ടുണ്ട്. വിശുദ്ധരുടെ നാമകരണത്തിനു പരിഗണിക്കുന്ന അത്ഭുതങ്ങൾ, ദിവ്യകാരുണ്യ അത്ഭുതങ്ങൾ എന്നിവയൊക്കെ ശാസ്ത്രീയ പഠനത്തിനു ശേഷമാണ് സഭ അംഗീകാരം നൽകുന്നത്. ഇങ്ങനെയൊക്കെയായിട്ടും സഭാവിരുദ്ധർ സഭ ശാസ്ത്രവിരുദ്ധമാണെന്നുള്ള കപട പ്രചാരണങ്ങൾ അഴിച്ചുവിടുന്നത് ചിലരെങ്കിലും വിശ്വസിക്കുന്നു. സഭയെ അറിയുക എന്നതാണ് ഇതിനൊരു പോംവഴി. പ്രവാചകശബ്ദം എന്ന യുട്യൂബ് ചാനലിൽ ലോകത്തെ മാറ്റിമറിച്ച 6 കത്തോലിക്കാ ശാസ്ത്രജ്ഞർ എന്ന ലേഖനം ഇക്കാര്യം വിശദമായി ചർച്ച ചെയ്യുന്നു.

# “എന്നെ പീഡിപ്പിച്ചേ... പീഡിപ്പിച്ചേ” എന്നു കരയുന്നവർ

2022 ഒക്ടോബർ 24-ന് സുപ്രധാനമായ ഒരു ചടങ്ങ് വത്തിക്കാനിൽ നടക്കാൻ പോകുന്നു. ‘ശുദ്ധതയുടെ നായിക’ എന്നു വിളിക്കപ്പെടുന്ന ബെനിഗ്ന കാർഡോസൊ (Benigna Cardoso) എന്ന 13-കാരി പെൺകുട്ടിയെ മാർപാപ്പ വാഴ്ത്തപ്പെട്ടവളായി അന്നു പ്രഖ്യാപിക്കും.


Benigna Cardoso

1941-ൽ വെറും 13 വയസ്സു പ്രായമുള്ളപ്പോൾ സമപ്രായക്കാരനായ റൗൾ എന്ന ആൺകുട്ടി ബെനിഗ്നയെ പാപം ചെയ്യാൻ പ്രേരിപ്പിച്ചു. എല്ലാ ദിവസവും വിശുദ്ധബലിയിൽ പങ്കെടുക്കുകയും ശുദ്ധതയ്ക്ക് വലിയ മൂല്യം കൊടുക്കുകയും ചെയ്ത ബെനിഗ്ന റൗളിന്റെ ദുരാഗ്രഹങ്ങളെ ചെറുത്തു നിന്നു. തന്റെ ഇംഗിതം നടക്കാതെ വന്നപ്പോൾ അവൻ ബെനിഗ്നയെ തന്റെ കൈയിൽ കരുതിയിരുന്ന കത്തികൊണ്ട് കൊല്ലുകയാണുണ്ടായത്. ബ്രസീലിലെ ക്രാറ്റോ രൂപതയിലാണ് ഈ ദാരുണകൃത്യം അരങ്ങേറിയത്. അങ്ങനെ വി. മരിയ ഗൊരേത്തിക്ക് ഒരനിയത്തിയായി ബെനിഗ്ന കടന്നു വരുന്നു.

അടുത്ത കാലത്ത് പീഡനവിധേയരായ പല പെൺകുട്ടികളും പറയുന്നത് തങ്ങൾക്കു വാഗ്ദാനം നൽകി കബളിപ്പിച്ചുവെന്നാണ്. വിവാഹം ചെയ്യാം, സിനിമയിലും സീരിയലിലും അവസരങ്ങൾ തരാം എന്നൊക്കെ പറഞ്ഞാണ് പീഡനവീരന്മാർ പെൺകുട്ടികളെ വശംവദരാക്കുന്നത്.

വിവാഹത്തിനുള്ളിൽ നടത്തപ്പെടേണ്ട ഒന്നാണ് ലൈംഗിക ബന്ധമെന്ന കാഴ്ചപ്പാടിനെ മാറ്റിനിറുത്തി വേണമെങ്കിൽ കാര്യസാധ്യതകൾക്കും ഉപയോഗിക്കാമെന്ന ചിലരുടെ ചിന്താഗതിയെ മൂല്യങ്ങൾ ചോർന്നു പോയവർ ചൂഷണം ചെയ്യുന്നതുവഴി നിരവധി പീഡനങ്ങൾ നടക്കുന്നുണ്ട്. എന്തെങ്കിലും ആകണമെന്നുള്ള അത്യാഗ്രഹവും അധമ മനസ്സും പാപബോധമില്ലായ്മയും ഒന്നിച്ചു വരുമ്പോൾ ചെറുത്തുനിൽപിന്റെ തത്ത്വശാസ്ത്രം മറന്നുപോകും. മാത്രമല്ല, സ്നേഹം നടിക്കുന്നവരിലുള്ള അന്ധമായ വിശ്വാസവും അധീനത്വവും പീഡകവീരന്മാർക്ക് തുണയാവുകയും ചെയ്യുന്നു. ചാരിത്ര്യത്തെ ഏറ്റവും വിലപിടിച്ചതായി കാണാത്തതാണ് ഇന്നിന്റെ ശാപം.

മരിയ ഗൊരേത്തിയും ബെനിഗ്നയും തരുന്ന പാഠങ്ങൾ കുട്ടികളറിയേണ്ടതുണ്ട്. അവരെയൊക്കെ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലെറിഞ്ഞ് ഗ്ലാമറിനുപുറകേ പോകുന്നവരുടെ അവസ്ഥയാണു ദയനീയം. കഴുകന്റെ കണ്ണുകളുമായി നടക്കുന്നവർക്ക് പ്രാവിന്റെ മനസ്സുണ്ടാകില്ലെന്നു തിരിച്ചറിയണം. അടുത്ത കാലത്തു കേൾക്കുന്ന പീഡനകഥകൾ നമ്മോടു പറയുന്നത് ബന്ധങ്ങളിൽ പുലർത്തേണ്ട വകതിരിവിനെയാണ്. പണത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി വലിച്ചെറിയേണ്ടതല്ല ചാരിത്ര്യം. അതുപോലെതന്നെ മറ്റുള്ളവരുടെ പരിശുദ്ധിയെ നശിപ്പിക്കാൻ ആർക്കും അധികാരമില്ലെന്ന കാര്യവും ഓരോ വ്യക്തിയും തിരിച്ചറിയേണ്ടതുണ്ട്.

# സന്തോഷ് ട്രോഫി വിജയവും കോച്ചിന്റെ ദേവാലയ സന്ദർശനവും

അടുത്ത കാലത്ത് സമൂഹ മാധ്യമങ്ങളിൽ വലിയ ചർച്ചയായ ഒന്നാണ് സന്തോഷ് ട്രോഫി വിജയത്തിനു ശേഷം കോച്ച് ബിനോ ജോർജ് ട്രോഫിയുമായി മഞ്ചേരി സെന്റ് ജോസഫ് ദേവാലയത്തിലെത്തി കൃതജ്ഞതയർപ്പിച്ച് പ്രാർഥിച്ച



കാര്യം. പതിവു പോലെ ബുദ്ധിജീവികൾ എന്നവകാശപ്പെടുന്നവരും യുക്തിവാദികളും ചില വർഗീയവാദികളും ഈ സംഭവത്തെ അധിക്ഷേപിച്ചു. എന്നാൽ, 2018 മേയ് മാസത്തിൽ റയൽ മാഡ്രിഡ് ടീം, ചാമ്പ്യൻസ് ലീഗ് ട്രോഫി കരസ്ഥമാക്കിയപ്പോൾ ലോക സൂപ്പർതാരം റൊണാൾഡോ അടക്കമുള്ള താരങ്ങൾ മാഡ്രിഡിലെ ദൈവമാതാവിന്റെ നാമധേയത്തിലുള്ള കത്തീഡ്രലിൽ ചെന്ന് പ്രാർഥിച്ച കാര്യം ഓർക്കുന്നുണ്ടോ എന്നറിയില്ല. റയൽ മാഡ്രിഡ് ടീം മൊത്തം അന്ന് ദേവാലയത്തിലെത്തിയിരുന്നു.

ദൈവികശക്തിയെ നിഷേധിക്കുന്നവരാണ് വിമർശനത്തിനു മൂർച്ച കൂട്ടുന്നത്. ക്രിസ്തു ഇന്നും ജീവിക്കുന്നുവെന്നു പറയാൻ മറ്റുള്ളവർക്കു മാത്രമല്ല ചില ക്രൈസ്തവർക്കുകൂടി ധൈര്യമില്ല. കേരള ടീമിന്റെ കോച്ച് ബിനോ ജോർജ് കളിയിൽ ജയിക്കാൻ വേണ്ടി ശക്തമായി പ്രാർഥിച്ചു. അദ്ദേഹം അത് പരസ്യമായി വെളിപ്പെടുത്തുകയും ചെയ്തു. ഇതാണ് ക്രൈസ്തവ സാക്ഷ്യം. ഇത്തരം സാക്ഷ്യങ്ങളാണ് നമുക്കു വേണ്ടത്.

# ഓക്കാനം വരുന്ന ഹോട്ടൽ ഭക്ഷണം

ഈയടുത്ത നാളുകളിലാണ് ആരോഗ്യ വകുപ്പും ഭക്ഷ്യ സുരക്ഷാ വകുപ്പും ജീവിച്ചിരിപ്പുണ്ടെന്ന് കേരളീയർ മനസ്സിലാക്കിയത്. പത്രറിപ്പോർട്ടുകൾ പ്രകാരം നൂറുകണക്കിനു കടകൾ അടപ്പിക്കുകയും ആയിരക്കണക്കിനു കടകൾക്ക് നോട്ടീസ് നൽകുകയും ചെയ്തു. മൊത്തം കണക്കെടുത്താൽ ടൺ കണക്കിനു മാംസവും മീനും ഭക്ഷ്യയോഗ്യമല്ലാത്തതു കണ്ടെത്തി. ഏറ്റവും വില്ലൻ ഭക്ഷണം ഷവർമ ആയിരുന്നു. ചീഞ്ഞതും വേവാത്തതുമൊക്കെ രുചിയും മണവും ചേർത്ത് വിൽക്കുകയും മലയാളികൾ ആർത്തിയോടെ ഭക്ഷിക്കുകയും ചെയ്തു. ആയിരക്കണക്കിനു വ്യക്തികൾ ഇത്തരം ഭക്ഷണം കഴിച്ചതുവഴി രോഗികളായി മാറി.


ചീഞ്ഞ മാംസം വിൽക്കാൻ ഒരു കൂട്ടർ, അത് ആർത്തിയോടെ തിന്നാൻ മറ്റൊരു കൂട്ടർ. നല്ല ഭക്ഷണം പോലും കഴിക്കാൻ ഭാഗ്യമില്ലാത്ത പാവം മലയാളികൾ!



ചിത്രീകരണം: വെങ്കി

# അനുസരണം

തുമ്പാട്ടു ഗ്രാമത്തിലെ കുട്ടികൾക്കൊരു പ്രത്യേകതയുണ്ട്,
അവർക്കു പക്ഷികളോടും മൃഗങ്ങളോടും സംസാരിക്കാനുള്ള കഴിവുണ്ട്.
അവർ അവയോടൊപ്പം പാട്ടുപാടിയും നൃത്തം ചെയ്തും നടക്കും.





കഥ: ആൽഡ്രിൻ ജോസഫ്

പട്ടണത്തിന് വെളിയിലാണ് തുമ്പാട്ടു ഗ്രാമം. പട്ടണത്തിലേതുപോലെ തിരക്കില്ല, ശബ്ദകോലാഹലങ്ങളില്ല, ശാന്തം ദൈവികം. കണ്ണടച്ചാൽ കേൾക്കാം കിളികളുടെ കളകളാരവവും അരുവിയൊഴുകുന്ന സംഗീതവും. നയനാനന്ദം നൽകുന്ന പച്ചപ്പാണെങ്ങും. പൂത്ത പുഞ്ചപ്പാടങ്ങളുടെ കതിരുകളെ തഴുകി വീശുന്ന മന്ദമാരുതനും. പുതുമഴയിൽ ശ്വസിക്കാം കുന്തിരിക്കം പുകച്ചതുകണക്കു ഗ്രാമത്തിന്റെ സുഗന്ധം. കളിമണ്ണുകൊണ്ട് ഇന്ദ്രജാലം തീർക്കുന്നവരാണ് ഗ്രാമവാസികൾ. പലരുടെയും ഉപജീവനമാർഗവും ഇതുതന്നെ. ഗ്രാമത്തോട് ചേർന്നൊഴുകുന്ന അരുവിയുടെ തീരത്തു നല്ല കളിമണ്ണ് ലഭിക്കും. അത് കുഴച്ചു ശിൽപങ്ങൾ, കളിമൺ പാത്രങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവ നിർമിച്ച് പട്ടണത്തിൽ കൊണ്ടുപോയി വിൽക്കുക എന്നതാണ് നിത്യവൃത്തി.


തുമ്പാട്ടു ഗ്രാമത്തിലെ കുട്ടികൾക്കൊരു പ്രത്യേകതയുണ്ട്, അവർക്കു പക്ഷികളോടും മൃഗങ്ങളോടും സംസാരിക്കാനുള്ള കഴിവുണ്ട്. അവർ തുമ്പികളോടും കിളികളോടും മാനിനോടും മയിലിനോടും കഥപറഞ്ഞും, പാട്ടുപാടിയും നൃത്തം ചെയ്തും നടക്കും. ബാല്യം കഴിയുമ്പോൾ എങ്ങനെയാണെന്നറിയില്ല, ഈ കഴിവ് അവർക്കു നഷ്ടപ്പെടും. കൗമാരത്തിലേക്കും യൗവനത്തിലേക്കും കടക്കുമ്പോൾ മൃഗങ്ങളോടും പക്ഷികളോടും താത്പര്യം നഷ്ടപ്പെടുന്നതാണോ അതോ മുരുക്കുംകാവിലെ മുതുമുത്തശ്ശി പറയുംപോലെ "ബാല്യം കഴിയുമ്പോൾ അവർക്കു നിഷ്കളങ്കത നഷ്ടമാകും; പ്രകൃതിയുടെ ഭാഷയും മറന്നുപോകും".

തുമ്പാട്ടു ഗ്രാമത്തലവനായ മുരുകേശന്റെ മകളാണ് കുഞ്ഞമ്മിണി. 10 വയസ്സായ കുഞ്ഞമ്മിണി ഒരിക്കൽപോലും ഗ്രാമത്തിന് വെളിയിൽ പോയിട്ടില്ല. പട്ടണത്തിലെ രസമുള്ള വിശേഷങ്ങൾ അവൾ അറിയുന്നത് കുഞ്ഞാറ്റക്കിളിയിൽ നിന്നാണ്. അവൾക്കും പട്ടണത്തിൽ പോകണമെന്ന ആഗ്രഹം വളർന്നു...! അവൾ അച്ഛനോട് തന്റെ ആഗ്രഹം പറഞ്ഞു. എന്നാൽ അച്ഛൻ പറഞ്ഞതിങ്ങനെയാണ്: "സമയമായിട്ടില്ല മോളെ, സമയമാകുമ്പോൾ എല്ലാം നടക്കും". കുഞ്ഞമ്മിണിക്ക് ഒന്നും മനസ്സിലായില്ല; എന്നാൽ, തീവ്രമായിരുന്നു ആഗ്രഹം. അച്ഛൻ പറഞ്ഞത് അനുസരിക്കാതെ അവൾ പോകാൻതന്നെ തീരുമാനിച്ചു.

കുഞ്ഞമ്മിണി തന്റെ കൂട്ടുകാരെയും കുഞ്ഞാറ്റക്കിളിയെയും വിളിച്ചു കൂട്ടി തന്റെ ആഗ്രഹം പറഞ്ഞു. എല്ലാ കൂട്ടുകാർക്കും ഇതേ ആഗ്രഹം മനസ്സിലുണ്ടായിരുന്നു. അവരെല്ലാവരും ചിഞ്ചു മുയലിന്റെയും അപ്പുമാനിന്റെയും സഹായത്തോടെ ഒരു പദ്ധതിയുണ്ടാക്കി. എന്നാൽ, വല്ലപ്പോഴും മാത്രം സംസാരിക്കുന്ന ശംബു ആമ പറഞ്ഞു 'പാടില്ല; അച്ഛൻ പറഞ്ഞത് അനുസരിക്കാതെ അങ്ങനെ പോകരുത്". പ്രായമേറിയ ശംബു ആമയുടെ അഭിപ്രായം ആർക്കും ഇഷ്ടപ്പെട്ടില്ല. അടുത്ത ചന്തദിവസം പുലർച്ചയ്ക്കുമുൻപേ കലാരം കുന്നു കയറിയിറങ്ങി പട്ടണത്തിലേക്കു പോകാമെന്നു തീരുമാനിച്ചു. അങ്ങനെ ചന്തദിവസം വന്നെത്തി, പുലർച്ചെ ഗ്രാമം ഉണരും മുൻപേ എല്ലാവരും കലാരം കുന്നുകയറാൻ ആരംഭിച്ചു. സൂര്യൻ ഉദിച്ചു വരുന്നതേയുള്ളു. എല്ലാവരും പതിയെ ആടിപ്പാടി നടന്നു പട്ടണത്തിന്റെ വാതിൽക്കലെത്തി. ചിഞ്ചു മുയലും അപ്പുമാനും പറഞ്ഞു "ഞങ്ങൾ ഇവിടെ വരെ മാത്രമേ വരുകയുള്ളു, ഇതിനപ്പുറം ഞങ്ങൾക്ക് വരാൻ സാധിക്കില്ല". ഇത്രയും പറഞ്ഞുകൊണ്ട് അവർ വീണ്ടും മലകയറി ഗ്രാമത്തിലേക്ക് ഓടി മറഞ്ഞു.

കുട്ടികൂട്ടം കുഞ്ഞമ്മിണിയുടെ നേതൃത്വത്തിൽ പട്ടണത്തിലെ ചന്തയിലേക്കിറങ്ങി. പട്ടണത്തിലെ ചന്ത ആരംഭിച്ചു. പച്ചക്കറികൾ മുതൽ കാന്നുകാലികൾ വരെ ചന്തയിൽ വിൽക്കാനായുണ്ട്. എല്ലാം കൗതുകത്തോടെ കണ്ടുകൊണ്ട് കുട്ടിക്കൂട്ടം മുന്നേറി. തിരക്ക് കൂടികൊണ്ടിരുന്നു; വെയിലിന്റെ ചൂടും. തിക്കിലും തിരക്കിലും പെട്ടു കുട്ടിക്കൂട്ടം വിഷമിച്ചു തുടങ്ങി. വിശപ്പും ദാഹവും താങ്ങാനാവുന്നില്ല. പലതരം പാനീയങ്ങളും ഭക്ഷണങ്ങളും വിൽക്കുന്ന കടയിലേക്ക് അവർ കയറി. കുഞ്ഞമ്മിണി കടയിലെ വിൽപനക്കാരിയെ നോക്കി പറഞ്ഞു: "അമ്മേ ഞങ്ങൾക്കെല്ലാവർക്കും വിശക്കുന്നുണ്ട്, ചൂടുകൊണ്ടും തിരക്കുകൊണ്ടും വലഞ്ഞിരിക്കുന്നു, എന്തൊരു പൊടിയാ ഇവിടെ, നിങ്ങൾ എങ്ങനെ ഇവിടെ ജീവിക്കുന്നു?". വിൽപനക്കാരി ചിരിക്കാൻ തുടങ്ങി..., "ഭക്ഷണം തരൂ അമ്മേ..." കുഞ്ഞമ്മിണി ചിണുങ്ങിക്കൊണ്ട് പറഞ്ഞു. ഗ്രാമത്തിൽ ആടിപ്പാടി വിശന്നു തളരുമ്പോൾ അവർക്കു ഏതു വീട്ടിലും കയറി ഭക്ഷണം ചോദിക്കാം, ഗ്രാമത്തിലെ എല്ലാ വീട്ടിൽ നിന്നും കുട്ടികൾക്ക് വയറു നിറയെ ഭക്ഷണം ലഭിക്കുമായിരുന്നു. ആ രീതികളാണ് കുഞ്ഞമ്മിണിക്ക് പരിചയം. എന്നാൽ, വിൽപനക്കാരി അവരെ കടയിൽ നിന്നും ഓടിച്ചു വിട്ടു. വിശന്നു തളർന്നു ഒരടിപോലും നടക്കാനാവാതെ കുട്ടിക്കൂട്ടം ചന്തയുടെ ഒരു മൂലയ്ക്ക് തളർന്നിരുന്നു. അവസാനം ആരാലും ശ്രദ്ധിക്കപ്പെടാതെ അവർ തളർന്ന് ഉറങ്ങിപ്പോയി. എല്ലാവരുടെയും മനസ്സിൽ കുറ്റബോധമായി, കുഞ്ഞമ്മിണി അച്ഛനെക്കുറിച്ചു ചിന്തിച്ചു. അച്ഛൻ പറഞ്ഞത് അനുസരിച്ചിരുന്നെങ്കിൽ ഈയവസ്ഥ ഉണ്ടാവില്ലായിരുന്നു. സമയം കടന്നു പൊയ്ക്കൊണ്ടിരുന്നു, സൂര്യനസ്തമിച്ചു എങ്ങും ഇരുട്ട് പരന്നു, പേടികൊണ്ട് കുട്ടികൾ കരയാൻ തുടങ്ങി, ചന്തയിൽ കടകളും കച്ചവടങ്ങളും അടച്ചു എല്ലാവരും പോയി. ആരും അവരെ കണ്ടതായി പരിഗണിച്ചില്ല. വിശപ്പിനെക്കാൾ പട്ടണത്തിലുള്ളവരുടെ അവഗണനയാണ് കുട്ടികളുടെ മനസ്സിനെ മുറിപ്പെടുത്തിയത്. ഗ്രാമത്തിൽ അവർക്കു ലഭിച്ചിരുന്ന പരിഗണനയയും സ്നേഹവും വാത്സല്യവും ഓർത്തപ്പോൾ അവർ കൂടുതൽ വിഷമിച്ചു.

പെട്ടെന്ന് കാളവണ്ടികളുടെ ശബ്ദം അകലെ നിന്നുകേട്ട് എല്ലാവരും നോക്കുമ്പോൾ അതാ കുഞ്ഞാറ്റക്കിളി, പിന്നാലെ ഗ്രാമത്തിലെ പ്രമുഖരെല്ലാമുണ്ട്, മക്കളെ തേടി ഇറങ്ങിയതാണ്. അവർ കുട്ടികളെ വിളിച്ച് വണ്ടിയിൽ കയറ്റി തുമ്പാട്ടു ഗ്രാമത്തിലേക്ക് പോയി. ആരും കുട്ടികളെ വഴക്ക് പറഞ്ഞില്ല, കുട്ടികളെല്ലാം ഗ്രാമത്തിലെ വീടുകളിൽ സുരക്ഷിതരായി തിരിച്ചെത്തി. എന്നാൽ, പിന്നീടൊരിക്കലും അവർക്കാർക്കും പക്ഷികളോടും മൃഗങ്ങളോടും സംസാരിക്കാൻ സാധിച്ചില്ല.



# ചിരിയും ചിന്തയും



കാർട്ടൂൺ: ജോയ്സ് കെ.ജോസ്







# SUBSCRIBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YONG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2022-24, Date of publication: 01/06/2022, ₹50.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662